# വി. ബെനദിക്തോസ്




വില 2 രൂപ

J. M. J.

# വി. ബെനദിക്തോസ്

ഇംഗ്ലീഷിൽനിന്നും ഒരു സ്വതന്ത്ര തർജ്ജമ.

**Cum permissu superiorum**

St. Joseph's Press, Mannanam, 1984.

# മുഖവുര

ലോകൈക ഗുരുവായ മിശിഹായുടെ ആജ്ഞാനുവർത്തികളായി, സത്യസഭയുടെ പ്രാദുർഭാവം മുതൽ ഐദംപരേ്യണ അവിടുത്തെ സ്നേഹിച്ചു സേവിച്ചുപോന്നിരുന്നവരൊക്കെയും ഇന്നു വിശുദ്ധപദ പ്രാപ്തരായി പരിലസിക്കുന്നു. വിശുദ്ധന്മാരാകുന്നതിന് ലോകസേവനമല്ല, പ്രത്യുത, ലോകനിന്ദനമാണ്, അത്യന്താപേക്ഷിതമെന്ന് മനസിലാക്കിയിട്ടുള്ളവരത്രെ അക്കൂട്ടർ. അതുകൊണ്ടാണ് ലാകത്തോട് തീരാപ്പകയോടെ ''പടവെട്ടുന്ന''തിന് അവർ ദത്തശ്രദ്ധരായിരുന്നിട്ടുള്ളത്. ഭയങ്കരനായ ഈ ശത്രുവിനെ നിശ്ശേഷം തോല്പിച്ചതിനുശേഷം മാത്രമേ ദൈവശുശ്രൂഷക്കായി അവർ ഇറങ്ങി പുറപ്പെട്ടിട്ടുള്ളു. ഇതിനു പ്രഥമവും പ്രധാനവുമായി അവരെ സഹായിച്ചിട്ടുള്ളത് ശൈശവം മുതൽക്കെയുള്ള അവരുടെ കത്തോലിക്കാ ജീവിതമത്രെ. കത്തോലിക്കാജീവിതം കത്തോലിക്കാമാതാപിതാക്കന്മാരിൽനിന്നും കത്തോലിക്ക ''കുടുബക്കളരി''യിൽനിന്നും മാത്രമേ ലബ്ധമാകയുള്ളു.

ഈ പുസ്തകത്തിൽ ആരുടെ ചരിത്രം സംക്ഷേപമായിട്ടെങ്കിലും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നുവോ, ആ വി. ബെനദിക്തോസ് ഇതിൻെറ വാസ്തവികതയെ സ്വന്ത ജീതത്തിൽ ദൃഷ്ടാന്തീകരിച്ചിട്ടുള്ള ഒരു മഹാത്മാവാണ്. ബെനദീക്തോസിനെപ്പോലെ ലോകവിദ്വേഷിയായ ഒരു വിശുദ്ധൻ ഉണ്ടെന്നു തോന്നുന്നില്ല. അതുപോലെതന്നെ മതപഠനത്തെ അത്യധികം സ്നേഹിക്കുകയും മതപ്രചരണത്തിനായി,– ദൈവസ്തുതിക്കായി– സതീക്ഷ്ണം യത്നിക്കയും ചെയ്തിട്ടുള്ളവരും ചുരുക്കമത്രെ. ഈ പുസ്തകപാരായണം കൊണ്ടു് ഈ രണ്ടു ഗുണങ്ങളും ഒരു ആത്മാവിലെങ്കിലും പൂർവ്വാധികം തെളിഞ്ഞു കാണുന്നുവെങ്കിൽ ഞാൻ കൃതാർത്ഥനായി.

പരിഭാഷകൻ.

# വി. ബെനദീക്തോസ്

## ജനനവും വിദ്യാഭ്യാസവും
## (480–543)

ക്രിസ്തവബ്ദം 480–ൽ ഇററലിയിൽ, സബയിൽ പർവ്വതങ്ങളുടെ സാനുപ്രദേശങ്ങളിൽ 'റോമായിക്കും അൻതോനായ്ക്കും മദ്ധ്യേ, പ്രകൃതിരാമണീയകത്വത്തിനു കേളീരംഗമായി, രണശ്ശൂരന്മാരായ ഇടപ്രഭുക്കന്മാരുടെ ആസ്ഥാനദേശമായിപ്പരിലസിച്ചിരുന്ന ന്യൂർസിയാ എന്ന പട്ടണത്തിൽ, അനീചിയൂസ് എവുപ്രോപിയസ് എന്നും, അബുൻദാൻസീയായെന്നും നാമധാരികളും കുലീനരുമായ കത്തോലിക്കാ മാതാപിതാക്കന്മാരിൽ നിന്ന് വി. ബെനദീക്തോസ് ഭൂജാതനായി. തങ്ങളുടെ ആദ്യാത്മജൻെറ ജനനത്തിൽ ആ ജനനീജനകന്മാർക്കുണ്ടായ ആനന്ദം നിസീമമായിരുന്നു. അവരുടെ സ്നേഹലാളനയേററ് ബെനദീക്തോസ് ശൈശവദശവിട്ട് കൗമാരത്തിലേക്ക് പ്രവേശിച്ചു. ബെനദീക്തോസിനെ കൂടാതെ, സ്ക്കൊളാസ്ററിക്കാ എന്നൊരു പുത്രിയും അവർക്കുണ്ടായിരുന്നു. ഈശ്വരഭക്തി മതതീക്ഷ്ണത, ജനരഞ്ജന, പ്രഭാവപ്രാഗൽഭ്യങ്ങൾ എന്നിവയിൽ അദ്വിതീയനും, ഉത്തമനും പരോപകാരതല്പരനുമായിരുന്ന ഗൃഹനായകനും, ഭക്തയും സുകൃതിനിയുമായിരുന്ന ഗൃഹനായികയും, തങ്ങളുടെ കുടുംബത്തിൻെറ ശ്രേയോഭിവൃദ്ധിക്കും, സന്താനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടി, അതീവയത്നം ചെയ്തിരുന്നുവെങ്കിലും, പ്രധാനമായി അവരുടെ ശ്രദ്ധ പതിഞ്ഞത്, കുട്ടികളെ ദൈവഭക്തിയിലും, സന്മാർഗത്തിലും വളർത്തുന്ന വിഷയത്തിലായി

രുന്നു. എന്നാൽ ഇതുകൊണ്ടും അവർ തൃപ്തരായില്ല. സമ്പൽസമൃദ്ധിയോടൊപ്പം വിദ്യാധനവും— അതെ, മാനസികശക്തികളെ പോഷിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനും തദ്വാരാ, ഐഹികാമുഷ്മികങ്ങളായ ഉഭയവിധ ശ്രേയസ്സുകൾക്കും നിദാനമായ സുകൃതസമ്പാദനത്തിന് പ്രയോജനകരവും, ജ്ഞാനസംവർദ്ധകവും കാലോചിതവുമായ ഒരു വിദ്യാഭ്യാസം തങ്ങളുടെ ഓമൽസന്താനങ്ങൾക്കു ലഭിച്ചുകൊടുക്കുന്ന കാര്യവും അവരുടെ ചിന്തയ്ക്കു വിഷയീഭവിച്ചാണിരുന്നത്. എന്നാൽ അന്ന് അന്തഃഛിദ്രങ്ങളും രാജ്യവിപ്ലവങ്ങളും നാടൊട്ടുക്ക് നടമാടുന്ന ഒരു കാലമായിരുന്നതിനാൽ മേൽപ്പറഞ്ഞവിധത്തിലുള്ള വിദ്യാഭ്യാസം ന്യൂർസിയായിൽലഭ്യമല്ലാതിരുന്നതുകൊണ്ട്,ആ വിഷയത്തിൽ മാതാവിനേക്കാൾ പിതാവാണ് തീവ്രദുഃഖമനുഭവിച്ചതു്. അതിനാൽ, വിദ്യാഭ്യാസത്തിനു മാത്രമല്ല, സുഖവാസത്തിനും, അജ്ഞാതജീവിതത്തിനും സുരക്ഷിതസങ്കേതങ്ങളുള്ളതും അപ്പസ്തോലമുഖ്യന്മാരായ വി. പത്രോസിന്റെയും പൌലോസിന്റെയും ലക്ഷോപലക്ഷം വേദസാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ പരിപാവനമാക്കപ്പെട്ടിട്ടുള്ളതും ഭുവനപ്രസിദ്ധവുംക്രൈസ്തവലോകത്തിന്റെ കേന്ദ്രവുമായ റോമാപ്പട്ടണം,തന്റെ പുത്രന് ഏററവും പററിയ സ്ഥലമെന്നു കരുതി വിദ്യാഭ്യാസാൎത്ഥം അവനെ അങ്ങോട്ടയച്ചു. എന്നാൽ അവിടെവച്ച്സ്വന്തദൃഷ്ടിയിൽപ്പെടാതെയും,ബന്ധുജനങ്ങളിൽനിന്നകന്നുമുള്ള ജീവിതത്തിൽ സാഹചര്യങ്ങളുടെ പ്രാതികൂല്യത്താലോ, സഹവാസികളുടെ വശീകരണശക്തികൊണ്ടോ, സ്വാതന്ത്ര്യബുദ്ധിയായി, പുത്രനു മാർഗ്ഗഭ്രംശം സംഭവിക്കാതിരിക്കുന്നതിന്, മതാത്മകങ്ങളായകാര്യങ്ങളിൽ നിർബന്ധബുദ്ധ്യാ വൎത്തിച്ചിരുന്ന ആ പിതാവ് വേണ്ട മുൻകരുതലുകൾ ചെയ്യാതിരുന്നില്ല.ജനബഹളത്തിന്റെ സഞ്ചാരാരവമശേഷംപോലുമില്ലാത്തതും, സ്വമിത്രങ്ങളിൽ ഒരുവൻ വസിച്ചിരുന്നതും, സുഖപ്രദവുമായ ടൈബർനദീതീരത്തുള്ള ഒരു സ്ഥലം തെരഞ്ഞെടുത്ത് അവിടെ ഒരു പിതാവിന്റെയും മാതാവിന്റെയും നിലയിൽ, സ്വപുത്രന്റെ നല്ലവളർത്തൽ കൈയേററു നടത്തുന്നതിനായി, വിശ്വസ്തയും അതീവഭക്തയുമായ സിറില്ലായെന്ന തന്റെ വേലക്കാരിയെ സകലവി

ധമായ അധികാരങ്ങളോടുംകൂടി നിയമിക്കുകയും ചെയ്തു. ബെനദീക്ത്തോസിന് അപ്പോ൦ പത്തു വയസ്സ മാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

തനിക്കു ഭരമേല്പിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്വമുള്ളതും ദുർഭരവുമായിരുന്നെങ്കിലും, ഒരു പെററമ്മയേപ്പോലെ, സ്നേഹത്തോടും ഏകാഗ്രമായ ശ്രദ്ധയോടുംകൂടി അത് നിർവ്വഹിക്കുന്നതിനുതന്നെ സിറില്ലാ സന്നദ്ധയായി. വിശുദ്ധാത്മാക്കളുടെ ജന്മഭൂമിയായും, ഒരു പുണ്യസ്ഥലവുമായിട്ടാണ്, റോമാ അന്നും ഇന്നും അറിയപ്പെട്ടിട്ടുള്ളത്. എന്നാൽ, കാട്ടുതീപോലെ പടർന്നു പിടിക്കുന്ന ദുർമ്മോഹപടലങ്ങ൦ അന്നത്തെ ജനസാമാന്യത്തെ, വിശിഷ്യ, യുവജനങ്ങളെ വല്ലാതെ ബാധിച്ചിരുന്ന ഒരവസരത്തിലാണ്, ഈ ''അമ്മയും മകനും'' അവിടെ ചെന്നെത്തിയതെന്നുള്ള വസ്തുത വിസ്മരിക്കത്തക്കതല്ല. ഇതും, സിറില്ലായുടെ ജോലിയെ ഒന്നുകൂടി വിഷമതരമാക്കിച്ചെയ്തതേയുള്ളു. പ്രകൃത്യാതന്നെ ഉന്മേഷപരമായ ഏതു കാര്യത്തിലും പ്രവേശിക്കുന്നതിനും, അതുപോലെതന്നെ ധാർഷ്ട്യപൂർവ്വം സ്വേച്ഛാനുവർത്തികളായി പരിണമിക്കുന്നതിനും, സന്മാർഗവിധികളെ നിഷ്പ്രയാസം കൈവെടിയുന്നതിനും, അനുകരണഭ്രമത്തെയും സുഖഭോഗപ്രസക്തിയെയും കൈവളർത്തുന്നതിനും യുവജനങ്ങളെ ശക്തിമത്തായി പ്രേരിപ്പിക്കുന്ന ഒരു കാലഘട്ടം അവരുടെ യൌവനദശയെങ്കിൽ, ബെനദീക്ത്തോസിനെ സംബന്ധിച്ചെടത്തോളം അത് വ്യത്യസ്തമായിരുന്നു. നയകോവിദയും ശേഷിമതിയുമായ സിറില്ലാ, ബെനദീക്ത്തോസിൻെറ ഗതിവിഗതികളെയെല്ലാം നിയന്ത്രിച്ചിരുന്നതുകൊണ്ടു്, ധവളകോമള പുഷ്പമായ തൻെറ ഹൃദയനിഷ്ക്കന്മഷതയെ വാട്ടം കൂടാതെയും, ഇഷ്ടപ്രസാദദീപം മങ്ങിപ്പോകാതെയും പൂർവ്വോപരി പ്രകാശമാനമായി കാത്തുസൂക്ഷിക്കുന്നതിന് കഥാനായകന് സാധിച്ചുവെന്ന് ചുരുക്കിപ്പറയാം. ലോകത്തെ അത്ഭുതപരതന്ത്രമാക്കത്തക്ക ഒരു മഹാസംരംഭത്തിൻെറ ജനയിതാവായി ദൈവം ഈ വിശുദ്ധനെ നിശ്ചയിച്ചിരുന്നതുകൊണ്ടു് തദനുരൂപങ്ങളായ ഗുണവിശേഷങ്ങ൦, അനന്യബാലസാധാരണങ്ങളായ പ്രതിഭാവിലാസം, ജ്ഞാനം, ധ്യാനചിന്ത

ആദിയായവ നന്നേ ചെറുപ്പമായിരുന്ന ആ കുട്ടിക്കാലത്തു പോലും തന്നിൽ പ്രവേശിച്ചുതുടങ്ങി. കൂട്ടുകാരായ മററു കുട്ടികാം കളിവിനോദങ്ങളിലും ലോകസന്തോഷങ്ങളിലും വലിയ താല്പര്യം പ്രദർശിപ്പിച്ചിരുന്നപ്പോാം, സ്രഷ്ടാവായ ദൈവത്തെ സർവ്വാത്മനാ സേവിക്കുന്നതിനും, അവിടുത്തെ സ്നേഹത്തിൽ ലയിക്കുന്നതിനും ബെനദിക്തോസ് ബദ്ധപ്പെട്ടിരുന്നു. മാത്രമല്ല, ദിവ്യനാഥൻെറ പാദമുദ്രകളെ അനുപദം അനുഗമിക്കുന്നതിനും, അവിടുത്തെ പരിശുദ്ധമായ അമ്മയെ പുത്രനിർവിശേഷം സ്നേഹിക്കുന്നതിനും തൻെറ വളർത്തമ്മയിൽനിന്നും താൻ വശമാക്കിയിരുന്നു. താൻ പാർത്തിരുന്ന മുറിയിൽ, പുഷ്പങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്ന ദിവ്യനാഥയുടെ സ്വരൂപത്തിൻമുമ്പിൽ മുട്ടുകുത്തി ആ സ്വർഗരാജ്ഞിയുടെ സംരക്ഷണയും സ്നേഹകടാക്ഷവും അപേക്ഷിക്കാത്ത ഒരു ദിവസംപോലും തൻെറ വിദ്യാർത്ഥിജീവിതത്തിനിടയിൽ കടന്നുപോയിട്ടില്ല. പഠനം, പ്രാത്ഥന എന്നിവയൊഴിച്ചാൽ, പിന്നെ തനിക്കു പരിചയമുള്ള ഏകയാാം സിറില്ലാമാത്രം. ഇങ്ങനെ ദൈവഭക്തിയിലും, ദൈവമാതൃഭക്തിയിലും ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവന്ന ബെനദീക്തോസിൻെറ ഏതാനും കൊല്ലത്തെ റോമാവാസം മംഗളകരമായി കഴിഞ്ഞുകൂടി. സന്തോഷപൂർവ്വം കർത്താവിനു ശുശ്രൂഷ ചെയ്യുന്നവരുടെ ഭാഗ്യാനുഭൂതി ബെനദീക്തോസിനും അനുഭവവേദ്യമായിരുന്നു.

ചുററും നടക്കുന്ന സംഭവങ്ങളുടെ യാഥാർത്ഥ്യത്തെയും, റോമൻ പൌരജനത്തിൻെറ അനാശാസ്യ ജീവിതരീതിയെയും തജ്ജന്യമായ ദുരവസ്ഥകളേയും, സർവ്വോപരി പാപത്തിൻെറ ഭയങ്കരതയെയും, പ്രപഞ്ചത്തിൻെറ ക്ഷണികതയേയുംപററിയുള്ള പൂർണ്ണജ്ഞാനവും, രക്ഷാകരമായ ഭീതിയും ആ വിമലഹൃദയത്തിൽ സച്ചിദാനന്ദൻ അങ്കുരിപ്പിച്ച്, ഏകാന്തതയിലേയ്ക്കു ഓടി മറഞ്ഞുകൊാംവാൻ ബെനദീക്തോസിനെ ക്ഷണിച്ചു.

മാതാപിതാക്കളെയും ബന്ധുജനങ്ങളേയും വാൽസല്യഭാജനമായ ഇളയസഹോദരിയേയും ഇനി, അവസാനമായി കണ്ടു യാത്ര പറയേണ്ട ആവശ്യം ബെനദീക്തോസിനു

ണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ദൈവവിളി ശ്രവി ച്ച മാത്രയിൽതന്നെ ലോകത്തോടു ബന്ധിച്ചിരുന്ന കെട്ടുകഠം താനെ പൊട്ടിപ്പോയി. എന്നിരുന്നാലും, ദൈവാഹ്വാനത്തിന് വിഘാതമാകാതിരിക്കത്തക്കവണ്ണം തനിക്കു് ഇനിയും ഒരു കടമകൂടി നിർവ്വഹിക്കേണ്ടതായിട്ടുണ്ടായിരുന്നു. അതു മററൊന്നുമല്ല; തൻെറ രക്ഷാകർത്തൃത്വം വഹിച്ചിരുന്ന സിറില്ലായുടെ അനുമതിയും ആശിസ്സും വാങ്ങിക്കയെന്നുള്ളതുതന്നെ.

സിറില്ലാ, ബെനദീക്തോസിൻെറ മനോഭാവത്തെപ്പററി കേട്ടപ്പോഠം അത്യന്തം ദുഃഖിച്ചു. ബെനദീക്തോസിനെ അയാളുടെ ദൃഢനിശ്ചയത്തിൽനിന്നും വ്യതിചലിപ്പിക്കുന്നതിന് കണ്ണീരും കൈയുമായി, തന്നാലാകുംവിധമെല്ലാം അവഠം പരിശ്രമിച്ചു. മാതാപിതാക്കളെ ദുഃഖാബ്ധിയിൽ ഇട്ടുംവച്ച് ഒളിച്ചോടിപ്പോകുന്ന അപരാധത്തിൻെറ ഭയങ്കരതയേയും അവഠം അപ്പോഠം അയാളെ അനുസ്മരിപ്പിക്കാതിരുന്നില്ല. എന്തിനേറെ അവളുടെ ന്യായവാദങ്ങളൊന്നും ഫലിച്ചില്ല. അമാനുഷികമായ ഒരു പ്രഭ ബെനദീക്തോസിൻെറ മുഖത്തെ ആവരണം ചെയ്തിരുന്നതായി അവഠംക്കുതോന്നിയതിനാൽ പ്രതിഷേധസൂചകമായി പിന്നീടൊന്നും തന്നെ അവഠം ചെയ്തില്ല. എന്തുവന്നാലും വേണ്ടതില്ല, ബെനദീക്തോസിനെ സഹായിക്കുന്നതിനും, അയാളെ അനുഗമിക്കുന്നതിനും, തൻെറ വിശ്വസ്തതയെ അന്യൂനം സംരക്ഷിക്കുന്നതിനും അവഠം തീർച്ചപ്പെടുത്തി. ടൈബർ നദീതീരത്തു് സ്ഥിതിചെയ്തിരുന്ന അവരുടെ മനോഹരഹർമ്മ്യത്തെ അവസാനവീക്ഷണംചെയ്ത്, റോമാനഗരത്തോട് അന്ത്യയാത്രയും പറഞ്ഞ്, ഗൂഢമായി പട്ടണംവിട്ട് വെളിയിൽ പ്രവേശിച്ച് വനാന്തരത്തെ ലക്ഷ്യമാക്കി അവർ യാത്രയാരംഭിച്ചു. കൂട്ടിൽനിന്നും രക്ഷപെട്ട പക്ഷിയെപ്പോലെ, ബെനദീക്തോസ് ആനന്ദഭരിതനായി, സുസ്മേരവദനനായി, ഏതോ ഒരു നിർദ്ദിഷ്ട സ്ഥലത്തെ ലാക്കാക്കി പ്രയാണം ചെയ്യുന്നതുപോലെ കാണപ്പെട്ടു. സിറില്ലായാകട്ടെ, ഭവിഷ്യൽഫലങ്ങളെ ഓർത്തു ചഞ്ചലമനസ്ക്കയായി, ഒരു ദുർഭഗയെപ്പോലെ ദുഃഖിതയാ

യി, ചിന്താമഗ്നയായി, അധോമുഖിയായി ബെനദീക്തോസിനെ അനുയാനംചെയ്തിരുന്നു. എന്നാൽ എവിടേക്കായിരിക്കാം ഇവർ ഇരുവരുടെയും പ്രയാണം? എവിടേക്കെന്ന് അവർ അറിഞ്ഞിരുന്നില്ല!! അറിഞ്ഞിരുന്നില്ലെയോ?!!

നിമ്നോന്നതങ്ങളായ ഭൂപ്രദേശങ്ങളും, നയനാനന്ദകരങ്ങളായ സാനുപ്രദേശങ്ങളും, ജനനിബിഡമായ പട്ടണവീഥികളും, വിശാലങ്ങളും മനോജ്ഞങ്ങളുമായ ശാഡ്വലപ്രദേശങ്ങളും കടന്ന് കരിമ്പാറക്കൂട്ടങ്ങളാൽ നിബിഡീകൃതവും കർഷകവൃത്തിക്ക നിരുപയോഗവും, എന്നാൽ താപസവര്യന്മാരെ ഹഠാദാകർഷിക്കത്തക്കവണ്ണം ഏകാന്തവാസത്തെ അത്രകണ്ട് രമണീയമാക്കമാറ് പ്രശാന്തവും, പച്ചപ്പുല്ലുകളാൽ അലംകൃതവും അച്ഛസ്ഫടികസങ്കാശമായ ജലഭാരത്തെ വഹിച്ച് തൻെറ മൃദുമർമ്മരാരവത്താൽ ആഗതന്മാർക്ക് സ്വാഗതമരുളിക്കൊണ്ട് പരിലസിക്കുന്ന ഒരു തടിനിയാൽ അനുഗൃഹീതവും, സൌഭാഗ്യശ്രീ നിശ്ശബ്ദം നൃത്തം ചെയ്യുന്നതും— ചുരുക്കിപ്പറഞ്ഞാൽ, അകൃത്രിമമായ പ്രകൃതിവിലാസത്തിൻെറ കേളീരംഗമായി, റോമായിൽനിന്നും ഉദ്ദേശം 40 മൈൽ അകലത്തിൽ സ്ഥിതിചെയ്യുന്നതുമായ സുബ്യാക്കോ പർവ്വതത്തിൻെറ താഴ്വരയിൽ നമ്മുടെ യാത്രക്കാർ ചെന്നുചേർന്നു.

''ബെനദീക്തോസ് വനാന്തരത്തെ അഭയം പ്രാപിച്ചാലും ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് എത്ര മാധുര്യവാനാണെന്ന് അവിടെവെച്ചു നീ അനുഭവിച്ചറിയും'' എന്ന് റോമായിൽവെച്ച് ഏതൊരു ദിവ്യശക്തി തൻെറ ഹൃദയത്തെ നിമന്ത്രണം ചെയ്തുവോ,ആ ദിവ്യശക്തിതന്നെ അദ്ദേഹത്തെ ഇപ്പോഠം വനാന്തരമാകുന്ന സുരക്ഷിതയവനികയ്ക്കുള്ളിൽ മറച്ചുകഴിഞ്ഞിരിക്കുന്നു.

# രണ്ടാം അദ്ധ്യായം

## സന്യാസത്തിലേയ്ക്കു്

സുബ്യാക്കോ പർവ്വതത്തിൻെറ പ്രാന്തങ്ങഠം കേവലം അപ്രസിദ്ധങ്ങളായിരുന്നുവെങ്കിലും, അപരിഷ്കൃതരും, നിരക്ഷരകുക്ഷികളും സാധുക്കളുമായ ഒരു കൂട്ടം ആളുകഠം ആസ്ഥലത്തു തങ്ങളുടെ വാസം ഉറപ്പിച്ചിരുന്നു. അവർ ബെനദീക്തോസിനെ സസന്തോഷം സ്വീകരിച്ചു താമസിക്കുന്നതിനുവേണ്ട സ്ഥലസൌകര്യങ്ങളെല്ലാം നൽകി. ഏതാനും മാസത്തോളം ബെനദീക്തോസും തൻെറ വളത്തമ്മയും സസുഖം അവിടെ പാർത്തു. ഇക്കാലമെല്ലാം ബെനദീക്തോസ് അടുത്തുണ്ടായിരുന്ന ഒരു ദേവാലയത്തിൽ പോയി ഭക്തിപൂർവ്വം പ്രാത്ഥിക്കുന്നതിനും, ദൈവസാമീപ്യത്തെ കൈവരുത്തുന്ന പരമധ്യാനത്തിനുമായി വിനിയോഗിച്ചു. സിറില്ലായാകട്ടെ, ബെനദീക്തോസിനെ സംബന്ധിച്ച കാര്യങ്ങഠം എങ്ങിനെയെല്ലാമാണ് അവസാനിക്കുന്നതെന്നുള്ള ചിന്താഭാരത്താൽ ദുഃഖിതയായിത്തന്നെ കാലംകഴിച്ചു.

ഇങ്ങനെയിരിക്കെ ഒരു ദിവസം ഒരു ആകസ്മികസംഭവമുണ്ടായി. സിറില്ലാ തൻെറ അയൽവാസികളിലൊരുവളിൽനിന്ന് താല്ക്കാലികോപയോഗത്തിനായി ഒരു മൺപാത്രം വായ്പ വാങ്ങിച്ചിരുന്നു. പ്രസ്തുത പാത്രം മേശപ്പുറത്തുവെച്ചിട്ട് എന്തോ കാര്യം പ്രമാണിച്ച് പുറത്തുപോയി മടങ്ങി വന്നപ്പോഠം അതു രണ്ടായി പിളർന്നു കിടക്കുന്നതായിട്ടാണ് കാണപ്പെട്ടത്. എന്തെന്നില്ലാത്ത ദുഃഖം അവളിൽ കടന്നുകൂടിയതിൻെറ ഫലമായി അവഠം അവിടെയിരുന്നു കരയുവാൻ തുടങ്ങി. പരദുഃഖത്തെ സ്വന്തമെന്നവണ്ണം കരുതിയിരുന്ന ബെനദീക്തോസ് ഇതുകണ്ട് അവളെ ആശ്വസിപ്പിക്കുന്നതിനു പലവഴികളും പ്രയോഗിച്ചിട്ടും അവയെല്ലാം നിഷ്ഫലമായതേയുള്ളു. ഒടുവിൽ അയാഠം ഉടഞ്ഞ പാത്രവുമെടുത്തു പുറത്തുപോയി മുട്ടിന്മേൽനിന്ന് പ്രാത്ഥിക്കുവാൻ തുടങ്ങി. അല്പസമയത്തി

നുള്ളിൽ അയാാം സുസ്മേരവദനനായി തിരിയെവന്ന് ഉടഞ്ഞുപോയ പാത്രം പൂർവ്വസ്ഥിതിയിൽ ആയിരിക്കുന്ന തായി അവളെ കാണിച്ചു. പ്രസ്തുതസംഭവം നിസാരമെന്ന് പ്രഥമവീക്ഷണത്തിൽ തോന്നിയാലും, സർവ്വപ്രകാരേ ണയും അതു വളരെ പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നു തന്നെയാണ്. ബെനദീക്തോസ് റോമയിൽനിന്നും ഒളിച്ചോടിപ്പോന്നത് സ്വേഛാനുസരണമല്ലെന്നും, പ്ര ത്യുത, അതു ദൈവനിവേശത്താലാണെന്നും പ്രാത്ഥന യിലും ദൈവവുമായുള്ള ഗാഢബന്ധത്തിലും അയാാം സു സ്ഥിരനാണെന്നും അനുകമ്പാഭൂഷിതമായ ഒരു ഹൃ ദയം അയാാംക്കുണ്ടെന്നും, തൻമൂലം അയാാം സിറില്ലായെ എത്ര ഹാർദ്ദമായി സ്നേഹിച്ചുവെന്നും മററുമുള്ള സംഗതി കാം, മുകളിൽ പറഞ്ഞ അത്ഭുതകൃത്യം സുവ്യക്തമാക്കുന്നു ണ്ടു്.

ഈ അത്ഭുതവൎത്തമാനം കാട്ടുതീപോലെ നാടെങ്ങും പരന്നു. തൻമൂലം അദ്ദേശവാസികാം അത്യധികം ആശ്ച ര്യഭരിതരായി എന്നു മാത്രമല്ല, ആ അത്ഭുതസംഭവത്തി ൻെറ സ്മരണയെ ശാശ്വതീകരിക്കുമാറു് ആ മൺപാത്രം അവർ തങ്ങളുടെ ദേവാലയത്തിൽ സ്ഥാപിക്കുകയും ചെയ്തു.

ബെനദീക്തോസിനു് ഈ പ്രവൃത്തി അത്ര രസിച്ചി ല്ല. ദൈവത്തോടു പൂർവ്വാധികം ഐക്യം പ്രാപിക്കുന്നതി നുവേണ്ടി സകലരിലും നിന്നു വിട്ടുമാറുന്നതിനു് ആ ''കൊ ച്ചുസിദ്ധൻ'' തീവ്രമായി ആഗ്രഹിച്ചു. മനുഷ്യസഹവാ സം ഇതിനു വലിയ ഒരു പ്രതിബന്ധമായി ബെനദീക് തോസിനു് അനുഭവപ്പെട്ടു. അതുകൊണ്ടു്, ഇനി എവിടേ യ്ക്കാണു് ഓടി രക്ഷപെടേണ്ടതെന്നായി ചിന്ത. എന്നാൽ ഇത്തവണ ആ ധീരമനസ്കൻെറ അന്തരംഗത്തിൽ ഒരു ഘോരസമരം നടന്നു. അതു മററൊന്നുമല്ല, സിറില്ലായെ ഉപേക്ഷിച്ചു പോകണമെന്നുള്ളതിനെപ്പററിയായിരുന്നു. തക്ക സമയം വന്നപ്പോാം അതു് അയാാം നിർവ്വഹിക്കുക യും ചെയ്തു. ഒരു പ്രഭാതത്തിൽ സിറില്ലാ ഉണർന്നപ്പോാം ബെനദീക്തോസിനെ അവിടെങ്ങും കാൺമാനുണ്ടായിരു ന്നില്ല. കുട്ടിയെ കാണുന്നതിനായി അവാം വേണ്ട അന്വേ

ഷണങ്ങൾ ത്വരിതഗതിയിൽ നടത്തി; ഫലം ഒന്നും ഉണ്ടായില്ല. ഭഗ്നാശയായ അവൾ ബെനദീക്തോസ് അപ്രത്യക്ഷനായ ദുഃഖവാർത്ത കഴിയുന്നത്രവേഗം അയാളുടെ പിതാവിനെ അറിയിക്കുന്നതിനായി നൂർസിയായിലേക്കു മടങ്ങിപ്പോരുകയും ചെയ്തു.

ദൈവൈക്യത്തിൽനിന്നു തന്നെ വ്യതിചലിപ്പിക്കുന്നതിനു മനുഷ്യസഹവാസത്തെപ്പോലെ ശക്തിയേറിയ ഒരു പ്രതിയോഗി മറ്റൊന്നില്ലെന്നു് നിഷ്പ്രയാസം മനസിലാക്കിയ നമ്മുടെ കഥാപാത്രം കേവലം അപ്രാപ്യമായ ഒരു വനാന്തർഭാഗത്തു് ഇതിനകം ഒളിച്ചുകഴിഞ്ഞു. ശത്രുബാധയിൽനിന്നും ഇതരജീവികളിൽനിന്നും സുരക്ഷിതമായ അയാളുടെ ഇപ്പോഴത്തെ നവീനവാസസ്ഥലം ഒരു മലയിടുക്കാണു്.

ബെനദീക്തോസ് തൻെറ ആഗ്രഹനിവർത്തിക്കു പര്യാപ്തമായ ആ വനപ്രദേശത്തു കുടികൊണ്ടിരുന്ന നയനാനന്ദകരമായ കാഴ്ചകളെ സകൗതുകം അവലോകനം ചെയ്തു്, ഏതു വിധത്തിലാണ്, അഗമ്യമായ ആ പർവ്വതശൃംഗങ്ങളെ തരണംചെയ്യേണ്ടതു് എന്നു ചിന്തിച്ചു നിൽക്കുമ്പോൾ, സന്യാസവസ്ത്രധാരിയായ ഒരു മനുഷ്യൻ ആ വിജനപ്രദേശത്ത് ഇതാ അയാൾക്കു ദൃശ്യനാകുന്നു. കാഷായവസ്ത്രധാരിയായ ആ അപരിചിത മനുഷ്യൻ താപസപ്രവരനായ വി. റൊമാനൂസായിരുന്നു. അപരൻെറ ദൃഷ്ടിപഥത്തിൽ താൻ എത്തുപെട്ടല്ലൊ എന്നോർത്തു ബെനദീക്തോസ് അത്യധികം കുണ്ഠിതനായി; എങ്കിലും അപ്രതീക്ഷിതമായി ആഗതനായ ആ താപസവര്യനിൽ പ്രശോഭിച്ചിരുന്ന സുകൃതചൈതന്യ വീക്ഷണത്തിൽ, അദ്ദേഹവുമായി കുശലപ്രശ്നങ്ങൾ ചെയ്തുവെന്നു മാത്രമല്ല, തൻെറ മനോഗതത്തെ സവിസ്തരം അദ്ദേഹത്തെ അറിയിക്കയും ചെയ്തു. ബെനദീക്തോസിൻെറ അന്തർഗതത്തെ മനസിലാക്കിയ വി. റൊമാനൂസ്, അവർ തമ്മിൽ കണ്ടുമുട്ടുന്നതിനിടയായതു കേവലം ഒരു അവിചാരിതസംഭവമല്ലെന്നും, പ്രത്യുത ദൈവംതന്നെയാണു് തന്നെ ബനദീക്തോസിൻെറ പക്കൽ അയച്ചതെന്നും അയാളെ ഗ്രഹിപ്പിച്ചു. അതെ, യഥാർത്ഥവും അങ്ങിനെതന്നെയായിരുന്നു.

റൊമാനൂസ്, താപസജീവിതത്തെപ്പററി ഒരു സംപൂൎണ്ണ ജ്ഞാനം അയാൾക്കു പ്രദാനം ചെയ്തതിൻെറശേഷം, അവിടെവച്ചുതന്നെ ബെനദീക്ടോസിനെ സന്യാസവസ്ത്രമണിയിച്ചു. അനന്തരം ഇരുവരുംകൂടി മലയിടുക്കിൻെറ ഉപരിഭാഗത്തെ ലക്ഷ്യമാക്കി യാത്രയാരംഭിച്ചു. മുൾച്ചെടികളാലും പാറക്കൂട്ടങ്ങളാലും നിറയപ്പെട്ടിട്ടുള്ള ദുർഘടഘട്ടങ്ങളെ തരണം ചെയ്ത്, ഉദ്ദേശം നൂറടി ഉയരത്തിൽ സ്ഥിതിചെയ്തിരുന്ന ഒരു ഗുഹയിൽ അവർ ചെന്നുചേൎന്നു. ഈ ഗുഹ അതിഭയങ്കരവും അന്ധകാരനിബിഡവുമായിരുന്നു. അതിൻെറ അധോഭാഗത്തായി, അത്യഗാധമായ ഒരു കുഴിയുമുണ്ട്. എന്തെന്നില്ലാത്ത നിശ്ശബ്ദതയും, അസഹനീയമായ ശൈത്യവും, തമസ്സങ്കുലമായ അന്തരീക്ഷവും കിഴക്കാംതൂക്കായ മലഞ്ചെരിവും ഒക്കെക്കൂടി കാണുന്ന ഒരാൾക്ക് ഇദംപ്രഥമമായിട്ടാണ് ആ സ്ഥലത്തിനു മനുഷ്യപാദ സ്പർശമേൽക്കാൻ ഭാഗധേയം സിദ്ധിച്ചതെന്നു നിഷ്പ്രയാസം ഗ്രഹിക്കാം.

പ്രസ്തുത ഗുഹയാണ് ബെനദീക്ടോസിൻെറ ഇനിയത്തെ വാസസ്ഥലം ബെനദീക്ടോസിനു വേണ്ട ആഹാരസാധനങ്ങൾ നൽകിക്കൊള്ളാമെന്ന് റൊമാനൂസ് ഏററു. റൊമാനൂസിൻെറ വസതി ഈ ഗുഹയുടെ മുകളിലായി അതിദൂരത്തിൽ സ്ഥിതിചെയ്തിരുന്നു. കിഴക്കാംതൂക്കായ പാറക്കെട്ടുകൾ ഈ ഗുഹയുടെ ഉപരിതലത്തിൽ സ്ഥിതിചെയ്തിരുന്നതുകൊണ്ട്, ഗുഹയുടെ മുകൾഭാഗത്തുകൂടി അകത്തു പ്രവേശിക്കുക അത്ര സുകരമായിരുന്നില്ല. ഇങ്ങനെ, ഗുഹയുടെ മുകളിൽകൂടി അകത്തു പ്രവേശിക്കുക ശ്രമസാദ്ധ്യമായിരുന്നതിനാൽ, ഭക്ഷണസാധനങ്ങളെല്ലാം ഒരു കൊട്ടയിൽ സംഭരിച്ച് അതിനെ ഒരു കയറിൻെറ അഗ്രത്തിൽ ബന്ധിച്ച് സമയനിർദ്ദേശം ചെയ്യത്തക്കവണ്ണം ആ കയറിൽ ഒരു ചെറിയ മണിയും സംഘടിപ്പിച്ചു, ബെനദിക്തോസിനു് ആഹാരം താഴെ എത്തിച്ചുകൊടുക്കാമെന്നാണ് റൊമാനൂസ് വാഗ്ദത്തം ചെയ്തത്. ഒടുവിൽ, സാന്ത്വനവചസ്സുകളാൽ ആ 'യുവയോഗി'യെ ആശ്വസിപ്പിച്ച്, തൻെറ പൈതൃകാശിസ്സുകളെയും നൽകി ബെനദീക്ടോസിനെ ഏകനായി ഗുഹയിൽ വിട്ടുംവച്ച് റൊമാനൂസ് ഗിരിമുകളിലുള്ള തൻെറ ആശ്രമത്തിലേക്കു മടങ്ങി.

# മൂന്നാം അദ്ധ്യായം

## പരീക്ഷകൾ

ബെനദീക്ട്തോസിൻെറ അനന്തരജീവിതം അതികർക്കശമായിരുന്നു. അയാൾക്ക് ആരും ഉണ്ടായിരുന്നില്ല; അഥവാ വല്ലവരും ഉണ്ടായിരുന്നുവെങ്കിൽത്തന്നെയും, അതു ദൈവം മാത്രമായിരുന്നുതാനും. ചതുർവിധ വിഭവങ്ങളോടുകൂടി സോല്ലാസം ജീവിതം നയിച്ചുപോന്ന നൂർസിയായിലെ ആ പ്രഭുകുമാരൻെറ പുതിയ ജീവിത രീതിയേയും നവീനവാസസ്ഥലത്തേയും ഒരു നോക്കുകണ്ടാലും! ഹാ! എന്തു വ്യത്യാസം!! എത്രമർമ്മഭേദകം! വിശാലവും, സുഖകരവും, സർവ്വവിധ സജ്ജീകരണങ്ങളോടുകൂടിയതുമായ ഒരു ശയനമുറിക്കു പകരം പ്രകൃതി നിർമ്മിതമായ ഒരു ശിലാഗഹ്വരം; അതും നിവർന്നുനില്ക്കുന്നപക്ഷം ശിരസിനെ ഭേദിക്കുമാറ് അത്ര കണ്ട് ഉയരം കുറഞ്ഞതും. അഹോരാത്രം തുറന്നുകിടക്കുന്ന ഒരു പ്രവേശനദ്വാരമേ ഈ ഗുഹക്കുള്ളു. തന്മൂലം ദിനരാത്രങ്ങളുടെ നിരന്തര വ്യതിയാനങ്ങൾക്ക് ഗുഹാധിപൻ വിധേയനായിത്തീർന്നു. പിതൃഭവനത്തിൽ രത്നഖചിതമായ ആസനങ്ങളിൽ ഉപവിഷ്ടനായി സാനന്ദം നേരംപോക്കിയിരുന്ന ആ കോമളബാലൻ, തത്തുല്യമായ യാതൊരു ഇരിപ്പിടവും കൂടാതെ വെറുംതറയിൽത്തന്നെ കഴിഞ്ഞുകൂടുന്നു. കിടക്കുന്നതിന് മെത്തയാകട്ടെ, പുതക്കുന്നതിന് രത്നക്കമ്പളങ്ങളാകട്ടെ യാതൊന്നുമില്ല. അയാൾ ആരെയും കണ്ടുമില്ല, ആരോടും സംസാരിച്ചതുമില്ല. കർണ്ണപീയൂഷമായ മധുരഗാനം വേണ്ടുവോളം ആസ്വദിച്ചിരുന്ന തൻെറ ശ്രവണേന്ദ്രിയങ്ങൾ ഇപ്പോൾ തൻെറ ഭക്ഷണത്തിന് സമയമായി എന്നറിയിക്കുന്ന മണിനാദശ്രവണത്തിൽ അസക്തിപൂണ്ടിരിക്കുന്നു. പ്രഭാതം, മദ്ധ്യാഹ്നം, പ്രദോഷം ഇവ ഓരോന്നും സ്വകൃത്യനിർവ്വഹണത്തിൽ അല്പംപോലും വ്യതിചലിക്കുന്നില്ല. ഇങ്ങനെ മൂന്നു സംവൽസരങ്ങൾ കടന്നുപോയി. ഗുഹയുടെ മേൽഭാഗത്തു അല്പസമയത്തേക്കുമാത്രം സൂര്യപ്രകാശം തട്ടിയിരുന്നതുകൊണ്ട് പകൽ നന്നേ കുറഞ്ഞും. രാത്രി അതിദീ

ഘ്വവുമായി കാണപ്പെട്ടിരുന്നു. കർക്കശമായ ശൈത്യത്തെ നിവാരണം ചെയ്യുന്നതിന് വല്ലൊരു പ്രതിവിധിയാവട്ടെ, കൂരിരുളിനെ ഉച്ചാടനം ചെയ്യുന്നതിന് ഒരു ചെറുവിളക്കാകട്ടെ, ഗുഹാദ്വാരത്തിലേയ്ക്കു അനർഗളം പ്രവഹിച്ചുകൊണ്ടിരുന്ന ഉഗ്രമായ തണുത്ത കാററിനെ നിരോധിച്ചു സ്വയം സംരക്ഷിക്കുന്നതിനു യാതൊരുപകരണമാവട്ടെ അയാൾക്കുണ്ടായിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, അവശ്യംവേണ്ട അന്നവസ്ത്രാദികൾ പോലും കൂടാതെ കഠിനമായ തൻെറ തപോനിഷ്ഠയിൽ സുസ്ഥിരനായി ബെനദീക്തോസ് ദിവസങ്ങൾ പോക്കിയിരുന്നു.

ബെനദീക്തോസിന് ഇപ്പോൾ വയസ്സു പതിന്നാലായി. ദൈവൈക്യത്തിലും പ്രാത്ഥനയിലും അയാൾ തൻെറ സമയം വിനിയോഗിച്ചു. സുകൃതജീവിതം നയിക്കുന്നവക്കു അവശ്യംവേണ്ട ഉപദേഷ്ടാവാകട്ടെ, മാർഗദർശിയാവട്ടെ, സൽഗ്രന്ഥങ്ങളാവട്ടെ ബെനദീക്തോസിനുണ്ടായിരുന്നില്ല ദൈവത്തിൽ അചഞ്ചലമായ മനോവിശ്വാസം അയാൾക്കുണ്ടായിരുന്നു. തന്മൂലം ദൈവംതന്നെ അദ്ദേഹത്തിനു പുണ്യജീവിതത്തിൻെറ ഉന്നതമാർഗങ്ങളെപ്പററി വിശേഷജ്ഞാനം നൽകി. ദിവ്യജ്ഞാനദീപ്തിയാൽ അയാളുടെ മനസ്സു പ്രശോഭിതമായി, ആത്മാവ് പ്രസാദവരത്താൽ സംപൂണ്ണവുമായി ഭക്തജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വെറും ഒരു മരക്കുരിശു മാത്രമെ തനിക്കുണ്ടായിരുന്നുള്ളു. ഏവംവിധം, ബെനദീക്തോസ് തൻെറ താപസജീവിതത്തിൻെറ ആദ്യത്തെ മൂന്നു സംവൽസരത്തിനിടകൊണ്ട് ആത്മസംയമനം, വിനയം, മൌനം, ദൈവസ്നേഹം, ഭക്തി വൈരാഗ്യം എന്നിത്യാദി സുകൃതങ്ങളെയും അനന്യലഭ്യമായ ആത്മപ്രകാശത്തെയും, നിസ്സീമമായ സുകൃതപരിജ്ഞാനത്തെയും സർവ്വോപരി പരഹൃദയജ്ഞാനത്തെയും സമാർജിച്ചു

ഇങ്ങനെ പതിനഞ്ചു കൊല്ലത്തോളം ദീഘിച്ച തൻെറ വാനപ്രസ്ഥ ജീവിതത്തിൽ, ആദ്യത്തെ മൂന്നു കൊല്ലങ്ങൾ മാത്രമെ അജ്ഞാതവും പ്രശാന്തവുമായിരുന്നുള്ളു. മനുഷ്യൻ എവിടെയും എക്കാലത്തും, ഏതു ജീവിതസ്ഥിതിയിലും പ്രലോഭനങ്ങൾക്കു വശംവദനാണെന്നുള്ള തത്വം ബെനദീ

ക്തോസിനെ സംബന്ധിച്ചും അനുവർത്തമാക്കിച്ചെയ്തു. ദുസഹവും ലജ്ജാവഹവുമായ പൈശാചികപ്രലോഭനങ്ങൾ അയാൾക്ക ഒട്ടും ദുർല്ലഭമായിരുന്നില്ല. ഒരു ദിവസം ബെനദീക്തോസ് തൻെറ വസതിയിലായിരിക്കയിൽ, താൻ മുമ്പൊരിക്കൽ റോമിൽവച്ചുകണ്ട ഒരു വനിതാരത്നത്തെപ്പററിയുള്ള സ്മരണ തൻെറ സ്മൃതിപഥത്തിൽ ഒരുചിത്രത്തിലെന്നപോലെ പ്രത്യക്ഷമായി. തന്മൂലം അതു തൻെറ അന്തഃക്കരണത്തെ ശക്തിയായി ബാധിക്കുക മാത്രമല്ല, തൻെറ ഏകാന്തവസതിയെ പരിത്യജിച്ച് അവളെ ആരാഞ്ഞു കണ്ടുപിടിക്കുന്നതിന് ആ പൈശാചികപരീക്ഷ ഊജ്ജസ്വലതയോടെ തന്നെ ആകർഷിക്കുകയും ചെയ്തു. വ്യസനാക്രാന്തനായ വിശുദ്ധൻ നഷ്ടധൈര്യനാകാതെ തൽക്ഷണം തന്നെ ഗുഹക്കു വെളിയിൽ പോയി, താൻ ധരിച്ചിരുന്ന വസ്ത്രം ഒരിടത്തു് ഉരിഞ്ഞുവച്ചു. അടുത്തുണ്ടായിരുന്ന ഒരു മുൾപ്പടപ്പിലേയ്ക്കു ചാടിവീണ് തൻെറ ശരീരം ആപാദചൂഡം മുറിവുകളാൽ നിറയുന്നതുവരെ അതിൽകിടന്ന് അങ്ങോട്ടുമിങ്ങോട്ടും ഉരുണ്ടുകൊണ്ടിരുന്നു. ഇത്ര ധീരവും, ത്യാഗപൂണ്ണവും എന്നാൽ സമയോചിതവുമായ ആ പ്രവൃത്തിമൂലം പെട്ടെന്നുണ്ടായ പരീക്ഷയിൽ പൂണ്ണവിജയിയായെന്നു മാത്രല്ല, ചാരിത്രശുദ്ധിക്കു ഭംഗംവരുത്തുന്ന ഏതാദൃശപ്രലോഭനങ്ങൾ തൻെറ അനന്തര ജീവിതത്തിൽ ഒരിക്കലും ഉണ്ടാകാതിരിക്കത്തക്കവണ്ണം, ആ വിജയം അത്രയ്ക്കു പ്രശസ്തതരമായിരുന്നുവെന്ന് അദ്ദേഹം തൻെറ ശിഷ്യന്മാരോട് ഒരവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി.

ഏഴ നൂററാണ്ടുകൾക്കുശേഷം അസീസിയിലെ വി. ഫ്രാൻസീക്കോസ്, ബെനദീക്തോസിൻെറ ഗുഹയെ സന്ദശിച്ചപ്പോൾ, മുൻപറഞ്ഞ മുൾപ്പടപ്പിൻെറ കാഴ്ചയാൽ ഭക്തിപൂണ്ണനായി. ഒരു വിശുദ്ധൻ അതിനെ തൻെറ രക്ഷയ്ക്കായി എത്ര സാമത്ഥ്യപൂർവ്വം ഉപയോഗിച്ചുവെന്നുള്ള ചിന്തയോടുകൂടി, ആ ചെടിയെ ആലിംഗനംചെയ്തു ചുംബിക്കുകയും, കുരിശടയാളം വരച്ച് അതിനെ ഒരു മനോഹര റോസച്ചെടിയാക്കി രൂപാന്തരപ്പെടുത്തുകയും ചെയ്തു. രണ്ടു വിശുദ്ധന്മാരാൽ അനുഗൃഹീതമാക്കപ്പെട്ട പ്രസ്തുത റോസച്ചെടി അത്ഭുത

ശക്തിയുള്ള മനോജ്ഞകുസുമങ്ങളെ പുറപ്പെടുവിച്ചുകൊണ്ടാണ് ഇന്നും പരിലസിക്കുന്നതു്.

എന്നാൽ ലോകത്തോടും ജഡാഭിലാഷങ്ങളോടുമുള്ള സമരത്തിൽ വിജയശ്രീലാളിതനായ ബെനദീക്തോസ്, മററു വാനപ്രസ്ഥന്മാർക്കനുഭവവേദ്യമായതുപോലെ, സാത്താൻെറ നേരിട്ടുള്ള ഉപദ്രവങ്ങൾക്കും വിധേയനായിത്തീന്നു. റൊമാന്യൂസിൻെറ നിസ്വാർത്ഥതയേയും ബെനദീക്തോസിൻെറ ജീവിതവിശുദ്ധിയേയുംപററി അസൂയാകലുഷിതനായ പിശാചു് ഒരു ദിവസം ബെനദീക്തോസിനു് ഭക്ഷണത്തിനു് സമയനിണ്ണയംചെയ്തുവരുന്ന ചെറുമണി ഛിന്നഭിന്നമാക്കിക്കളഞ്ഞു. എന്നാൽ ബെനദീക്തോസിനെ അപായപ്പെടുത്തുവാൻ അവൻ ചെയ്തിരുന്ന പരിശ്രമങ്ങളെല്ലാം, റൊമാന്യൂസിൻെറ സാമത്ഥ്യവിശേഷത്തിലമന്നു ശിഥിലപ്രായമാവുകയാണുണ്ടായതു്.

ഭൂഗർഭത്തിൽ നിഗൂഹനം ചെയ്യപ്പെട്ടിരിക്കുന്ന അനഘവസ്തുക്കളെ കുഴിച്ചെടുത്തു മനുഷ്യർ അതുകളെ ഉപയോഗയോഗ്യമാക്കിത്തീക്കുന്നതുപോലെ, ഘോരവനത്തിൽ ഏകാന്തയവനികക്കുള്ളിൽ ലോകദരിദ്രനായി, എന്നാൽ ആദ്ധ്യാത്മികലോകത്തു സുകൃതസമ്പത്തുകൊണ്ടു് പ്രമുഖനായി അദ്വിതീയനായിത്തീർന്ന തൻെറ ശിഷ്യപ്രധാനനെ ലോകോപകാരാർത്ഥം ലോകത്തിനു് പ്രഖ്യാപനം ചെയ്യാൻ ജഗദീശൻ തിരുമനസ്സായി. അതെ, ബെനദീക്തോസിനെ ലോകവുമായി പരിചയപ്പെടുത്തുന്നതിനും തദ്വാരാ അസന്മാർഗ്ഗികളെ സന്മാഗ്ഗനിരതന്മാരാക്കിച്ചെയ്യുന്നതിനും പാപാന്ധകാരത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്ന ലോകത്തെ തൻെറ ജ്ഞാനദീപ്തിയാൽ പ്രകാശിപ്പിക്കുന്നതിനും തങ്ങളുടെ സ്രഷ്ടാവിനെ കൈവെടിഞ്ഞു നടന്നിരുന്ന ആ ധൂർത്തപുത്ര സഹസ്രങ്ങളെ ബെനദീക്തോസുവഴിയായി തന്നിലേക്കാകർഷിക്കുന്നതിനും ജഗൽപിതാവു നിശ്ചയിച്ച സമയം സമാഗതമായി.

ബെനദീക്തോസിൻെറ താമസസ്ഥലത്തുനിന്നും ഉദ്ദേശം നാലു മൈൽ അകലെ ഒരു വൈദികൻ ജീവിച്ചിരുന്നു. ഒരു ഉയിർപ്പുതിരുനാൾ ദിവസം അദ്ദേഹം തൻെറ പതിവ

നുസരിച്ച് തിരുനാളിനെ ബാഹ്യമായിട്ടുകൂടെയും സർവ്വ പ്രകാരേണ മോടിപിടിപ്പിക്കുവാൻവേണ്ടി നാനാവിധ രുചികരപദാത്ഥങ്ങളടങ്ങിയ ഒരു വിരുന്നു തയാർ ചെയ്തു. തദവസരത്തിൽ ന.ദിവ്യരക്ഷകൻ അദ്ദേഹത്തിനു പ്രത്യക്ഷ നായി. ''സന്തോഷ സംതൃപ്തനായി എനിക്കു പരിസേവ നം ചെയ്യുന്ന എൻെറ ദാസൻ ബെനദീക്തോസ്, ക്ഷുത് പിപാസകരം അടക്കുവാൻ കഴിവില്ലാതെ കഴിഞ്ഞുകൂടുക യിൽ, നീ നിനക്കായി വിശിഷ്ടപദാത്ഥങ്ങരം സംഭരിക്കു ന്നത് വിഹിതമോ? ഇന്നു നീ നിനക്കായി ഒരുക്കിയിട്ടുള്ള ഉച്ചഭക്ഷണത്തിൽ ഒരുഭാഗം ബെനദീക്തോസിനും കൊടുക്കു ക,'' എന്നു കല്പിച്ചു. തൽക്ഷണം തന്നെ ആ വൈദികൻ ബെനദീക്തോസിനെ അന്വേഷിച്ചു പുറപ്പെട്ടു. അനവധി കായക്ലേശങ്ങരം സഹിച്ച് ഒടുവിൽ അദ്ദേഹം ബെനദീ ക്തോസിൻെറ ഗുഹയിൽ വന്നെത്തി. ആഗതനെ അഭിവാ ദ്യംചെയ്തിട്ട് ബെനദീക്തോസ് അദ്ദേഹത്തെ തന്നോടുകൂടി നമസ്കരിക്കുവാൻ ക്ഷണിച്ചു. പ്രാത്ഥനാനന്തരം അവരിരുവ രും ആദ്ധ്യാത്മിക കാര്യങ്ങളെപ്പററി സംഭാഷണം തുടങ്ങി. സംഭാഷണം അവസാനിച്ചപ്പോരം വൈദികൻ ബെനദീ ക്തോസിനെ നോക്കി ''ഇന്ന് ഉയിർപ്പുതിരുനാളാക യാൽ നമുക്ക് വല്ലതും ആഹാരം കഴിക്കാം'' എന്നു പറ ഞ്ഞു. ''നിശ്ചയമായും ഇന്ന് ഉയിപ്പുതിരുനാളാണെന്ന് എനിക്കറിയാം; സംശയമില്ല. അതുകൊണ്ടുതന്നെയാണ് ഇന്നു നിങ്ങളെ കാൺമാൻ എനിക്കു ഭാഗ്യം സിദ്ധിച്ചത്'' എന്ന് ബെനദീക്തോസ് വിനയപൂർവ്വം പ്രതിവചിച്ചു. വൈദികൻ തുടർന്നുപറഞ്ഞു: ''ന. ദിവ്യരക്ഷകൻ വിജയ ശ്രീയോടെ ഉത്ഥാനം ചെയ്തത് ഇന്നുതന്നെയാണ്. അതു കൊണ്ട് ഇന്ന് ഉപവാസം അനുഷ്ഠിക്കുന്നത് യുക്തമല്ല. മാത്രമല്ല, ദൈവകാരുണ്യത്താൽ സജ്ജീകൃതമായ ഒരു വി രുന്നിൽ നാമിരുവരും അംശഭാക്കുകളാകുന്നതിനുവേണ്ടി യാണ് ഞാൻ നിങ്ങളുടെ പക്കൽ വന്നത്''. അനന്തരം സ്തുതിഗീതങ്ങളാൽ അവർ ദൈവത്തെ പ്രശ്രയപുരസരം നമസ്കരിച്ച് തങ്ങളുടെ ആഹാരം വളരെ രുചിയോടുകൂടി ഭക്ഷിച്ചു. ഭക്ഷണാനന്തരം വീണ്ടും ദീർഘനേരത്തേക്കു അ

വർ ആദ്ധ്യാത്മിക വിഷയങ്ങളെപ്പററി സംഭാഷണം ചെയ്തുകൊണ്ടിരുന്നു. ദൈവഭക്തനായ ബെനദീക്ടോസിൻെറ ആ പുതിയ സ്നേഹിതൻ മദ്ധ്യാഹ്നത്തോടുകൂടി ബെനദീക്ടോസിനെ വിട്ടുംവച്ച് സ്വവസതിയിലേയ്ക്കു മടങ്ങി.

ഏതാനും ദിവസങ്ങൾക്കുശേഷം സമീപസ്ഥരായ ഒരുകൂട്ടം ആട്ടിടയൻമാർ യാദൃശ്ചികമായി ബെനദീക്ടോസിൻെറ വാസസ്ഥലത്തു വന്നുചേർന്നു. പ്രഥമവീക്ഷണത്തിൽ ബെനദീക്ടോസ് ഒരു വന്യമൃഗമെന്നാണ് അവർ കരുതിയത്. പക്ഷേ ബെനദീക്ടോസ് ദൈവത്തെപ്പററി വാഗ്‌വിലാസത്തോടെ അവരോടു സംസാരിക്കുവാൻ തുടങ്ങിയപ്പോഴാണ്, തങ്ങൾ കണ്ടത് ഒരു മൃഗമല്ല, പ്രത്യുത, ഒരു മനുഷ്യനെന്ന് അവർക്കു ബോദ്ധ്യമായത്. തൻമൂലം അവർ അദ്ദേഹത്തോടു ഭക്തി ബഹുമാനപുരസരം വർത്തിച്ചു മാത്രമല്ല, അവർ മടങ്ങിച്ചെന്ന് തങ്ങൾക്ക് സംഭവിച്ചവയെപ്പററിയും വിശിഷ്യ തങ്ങൾ കണ്ട ദൈവജ്ഞാനിയായ ആ മനുഷ്യനെപ്പററിയും തങ്ങളുടെ കൂട്ടുകാരോടും മററും സവിസ്തരം പറഞ്ഞുകേൾപ്പിച്ചു. കാര്യത്തിൻെറ യാഥാർത്ഥ്യം കണ്ടുതന്നെ മനസിലാക്കുന്നതിനു ജിജ്ഞാസുക്കളായ ഏതാനുംപേർ തൽക്ഷണംതന്നെ പർവതശൃംഗം തരണം ചെയ്യുന്നതിനും തീർച്ചപ്പെടുത്തി. അവരുടെ ഉദ്യമം വിജയത്തിൽ കലാശിച്ചു. ഇവരുടെ ഈ പ്രവൃത്തി മററനേകരും ബെനദീക്ടോസിനെ സന്ദർശിക്കുന്നതിന് ഒരു പ്രേരകമായി ഭവിച്ചു. എന്നാൽ മനുഷ്യ സമ്പർക്കം, ദൈവൈക്യത്തിന് അപ്രതിരോധമായ ഒരു വിഘ്നമായി പരിഗണിച്ചുപോന്ന നമ്മുടെ കഥാനായകൻ, തൻെറ മുൻപതിവുകളെയെല്ലാം അവഗണിച്ച് തൻെറ പക്കൽ ഓടിക്കൂടിയിരുന്ന ജനതയെ, സസന്തോഷം സ്വാഗതമരുളി സ്വീകരിച്ച്, അവരുടെ ആത്മികാവശ്യങ്ങൾ സാധിച്ചുകൊടുക്കുകയത്രെ ചെയ്തത്.

ക്രിസ്ത്വബ്ദം 520—ൽ വിക്കോവരോ എന്ന പേരോടുകൂടി ഒരു സന്യാസഭവനം സുബ്യാക്കോയുടെ സമീപത്തായി സ്ഥിതിചെയ്തിരുന്നു. ഈ ആശ്രമത്തിലെ അദ്ധ്യ

ക്ഷൻെറ നിര്യാണാനന്തരം ആശ്രമവാസികളായ മററു സന്യാസികഠം ഏവരും ഒരു അധിപനെ തിരഞ്ഞെടുക്കുന്ന കാര്യത്തെപ്പററി ആലോചനയായി. വ്യവസ്ഥാപിതമായ ക്രമാനുഷ്ഠാനത്തിൽ ഇവർ അതിവിമുഖൻമാരായിരുന്നുവെന്നു പറഞ്ഞാൽ അവരുടെ ജീവിതരീതി എങ്ങനെയുള്ളതെന്ന് സ്വയം വിശദമാകുമല്ലോ. ഇക്കൂട്ടർ സ്വാർത്ഥമാത്രലോലുപന്മാരും അഭിമാനേച്ഛുക്കളുമായിരുന്നു. സുസമ്മതനും, കീർത്തിമാനുമായ ഒരധിപന് വിധേയരായിരുന്നാൽ അതുതന്നെ തങ്ങഠംക്ക് ഒരഭിമാനഹേതുകമെന്ന് അവർ വിശ്വസിച്ചിരുന്നു. തദർത്ഥം അവർ തങ്ങളുടെ ഒരു പ്രതിനിധിസംഘം രൂപവൽക്കരിച്ച്, ബെനദീക്തോസ് തങ്ങളുടെ അദ്ധ്യക്ഷസ്ഥാനം വഹിക്കണമെന്നഭ്യർത്ഥിക്കുന്ന ഒരപേക്ഷസഹിതം സംഘത്തെ അവർ ബെനദീക്തോസിൻെറ പക്കൽ അയച്ചു. ദൌത്യവാഹകൻമാരുടെ ഇംഗിതം മനസിലാക്കിയ ബെനദീക്തോസ്, തൻെറ ജീവിതരീതി അവരുടേതിൽനിന്നും തീരെ വ്യത്യസ്തമാണെന്നും മററും പറഞ്ഞ് അവരുടെ അപേക്ഷയെ ആദ്യം നിഷേധിച്ചുവെങ്കിലും, നിർബന്ധപൂർവമായ അവരുടെ അപേക്ഷയ്ക്ക് ഒടുവിൽ അദ്ദേഹം വഴിപ്പെടുകയാണുണ്ടായത്. ഭാരമേറിയ ആ ജോലി കൈയേററതിൽ അദ്ദേഹത്തിന് അനൽപ്പമായ ക്ലേശമുണ്ടായിരുന്നെങ്കിലും, ദൈവമഹത്വത്തെയും അവരുടെ ആത്മികാഭിവൃദ്ധിയേയും മുൻനിറുത്തി ഉള്ളഴിഞ്ഞു പരിശ്രമിക്കയെന്ന് നിശ്ചയിച്ച് അദ്ദേഹം തൻെറ പുതിയ ആശ്രമത്തിലേയ്ക്കു യാത്രയായി.

ബെനദീക്തോസ്, മേൽപ്പറഞ്ഞ ആശ്രമത്തിൻെറ ഭരണഭാരം സ്വീകരിച്ചതോടെ അതിന് ഒരു പുതിയ ദശ ഉദയംചെയ്തു. കാര്യങ്ങഠം യഥാർഹം നിർവഹിക്കപ്പെടണമെങ്കിൽ ഒരു നവീകരണം അത്യന്താപേക്ഷിതമെന്ന് പ്രഥമവീക്ഷണത്തിൽത്തന്നെ അദ്ദേഹത്തിനു മനസിലായി. അതിനാൽ നവീകരണജോലി മുറയ്ക്കു സമാരംഭിച്ചു. ദാരിദ്ര്യവ്രതം അന്യൂനം അനുഷ്ഠിക്കപ്പെടണമെന്ന് അദ്ദേഹം നിർബന്ധമാക്കി സ്വാതന്ത്ര്യവിഹാരം ഒട്ടും അനുവദിക്കപ്പെട്ടിരുന്നില്ല. വിശിഷ്ടമായ ഭക്ഷ്യസാധനങ്ങളുടെയും വ

സ്സങ്ങളുടെയും ഉപയോഗം അശേഷം നിറുത്തൽ ചെയ്തു. നിഷ്ക്കർഷമായ ക്രമാനുഷ്ഠാനം പ്രഖ്യാപനം ചെയ്യപ്പെട്ടു. കുററക്കാർ തങ്ങളുടെ കുററം സമ്മതിച്ചു പരിഹാരം ചെയ്യണമെന്നായി. എന്നാൽ ഇതിനെയെല്ലാം അതിശയിക്കുന്ന ഒന്നുതന്നെയാണ്, അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന അനുകമ്പാശീലം. തൻെറ നിയമങ്ങളുടെ കാഠിന്യത്തെ ലഘൂകരിക്കുന്നതിന്, സ്നേഹഭൂഷിതമായ ഒരു ഹൃദയമാണ് തനിക്കുള്ളതെന്ന് സന്ദർഭോചിതമായ അവിടത്തെ വചോമാധുരി വേണ്ടുവോളം ദൃഷ്ടാന്തീകരിച്ചു. എന്നാൽ അദ്ദേഹത്തിൻെറ പ്രയത്നങ്ങളെല്ലാം അവരുടെ മർമ്മസ്ഥാനങ്ങളിൽ കുറിക്കുകൊള്ളുകയത്രെ ചെയ്തുത്.

ബെനദീക്തോസിൻെറ പ്രവർത്തികളെല്ലാം അവർക്കു വളരെ അതൃപ്തിക്കു കാരണമായി. എന്തിനേറെ! ബെനദീക്തോസും തങ്ങളെപ്പോലെ പ്രമാണങ്ങളെ ശരിവരെ അനുവർത്തിക്കണമെന്ന് അവർ ശഠിച്ചു. അത്രയുമോ? ബെനദീക്തോസിനെ തങ്ങളുടെ കൂട്ടത്തിൽ ആനയിച്ചതിനെപ്പററി അവർ സ്വയം പശ്ചാത്തപിക്കുവാനും പരസ്പരം അധിക്ഷേപിക്കുവാനും തുടങ്ങി. സന്യാസജീവിതത്തെ സ്പർശിക്കുന്ന യാതൊരു നിയമവും വേണ്ടന്നായിരുന്നു പിന്നത്തെ അവരുടെ വാദമുഖം. അവർ വിശുദ്ധനെ ഏതു വിധേനയെങ്കിലും അപായപ്പെടുത്തണമെന്ന് ആലോചനയായി. ഉഭയകക്ഷികരം തമ്മിൽ യാതൊരു കാഴ്ചയും വേഴ്ചയുമില്ലെന്ന മട്ടിലായി. അവരുടെ വൈരം അതിൻെറ മൂർദ്ധന്യാവസ്ഥയെ പ്രാപിക്കയും ചെയ്തു. കഥാനായകനെ വധിക്കുന്നതിനുള്ള മാർഗങ്ങളെ നിശ്ചയിക്കുന്നതിലേയ്ക്കായി അവർ ഒരു യോഗംകൂടി. ഈ യോഗത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ചതു് പിശാചായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

ബെനദീക്തോസ് ഉച്ചഭക്ഷണത്തിന് സാധാരണയായി കുടിക്കുവാനുപയോഗിച്ചിരുന്നതു് വീഞ്ഞായിരുന്നു. ഈ വീഞ്ഞിൽ വിഷം കലർത്തിവെച്ചിരുന്നാൽ അതുതന്നെ തങ്ങളുടെ ആഗ്രഹപൂർത്തിക്കു പററിയ സൂത്രമെ

ന്നു് സർവസമ്മതത്തോടെ സംഘത്തിൽ അംഗീകരിക്കപ്പെട്ടു. അങ്ങനെ യോഗം മംഗളമായി പര്യവസാനിച്ചു. യോഗനിശ്ചയമനുസരിച്ചു വീഞ്ഞിൽ വിഷം കലർത്തി അവർ അന്നത്തെ ആഹാരം തയാറാക്കി. ഉച്ചഭക്ഷണത്തിനു് നിശ്ചിതസമയം എല്ലാവരും ഭക്ഷണശാലയിൽ ആഗതരായി. ചിലർ ഭയവിഹ്വലരായി അധോമുഖരായി കാണപ്പെട്ടു. മററു ചിലർ ക്രൂരഭാവത്തോടെ ബെനദിക്ടോസിനെ വീക്ഷിച്ചുകൊണ്ടുനിന്നിരുന്നു. ചുരുക്കിപ്പറഞ്ഞാൽ എല്ലാവരും തങ്ങളുടെ ദുഷ്കൃത്യത്തിൻെറ ഫലം ഉൽകണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഇതാ സമയമായി, വീഞ്ഞെടുത്തുകൊടുക്കാൻ നിയുക്തനായ ആ യമകിങ്കരൻ, വീഞ്ഞിരുന്ന സ്ഫടികപ്പാത്രവുമായി ബെനദീക്ടോസിനെ സമീപിച്ചു് ആചാരസമേതം ആ പാത്രം അദ്ദേഹത്തിനു നീട്ടിക്കൊടുത്തു. ബെനദീക്ടോസ് തൻെറ കൈ ഉയർത്തി പാത്രത്തിൻമേൽ കുരിശടയാളം വരച്ചതും അതു രണ്ടായി നിലംപതിച്ചതും ഒന്നിച്ചുകഴിഞ്ഞു. ''സഹോദരന്മാരേ! അനന്ത കാരുണികനായ ദൈവം നിങ്ങളുടെ അപരാധത്തെ ക്ഷമിക്കട്ടെ, എന്തുകൊണ്ടു് ഇപ്രകാരം നിങ്ങൾ എന്നോടു വർത്തിച്ചു. നിങ്ങളുടെയും എൻെറയും വഴികൾ പരസ്പരവിരുദ്ധങ്ങളാണെന്നു് പ്രഥമതഃ ഞാൻ നിങ്ങളോടു പറഞ്ഞില്ലയോ? അതുകൊണ്ടു് നിങ്ങളുടെ ഹിതാനുവത്തിയായ ഒരുവനെ നിങ്ങൾ നിങ്ങളുടെ അദ്ധ്യക്ഷനായി സ്വീകരിച്ചാലും. ഞാൻ നിങ്ങളുടെ അദ്ധ്യക്ഷസ്ഥാനം തിരസ്കരിച്ചിരിക്കുന്നു,'' എന്നു ശാന്തസ്വരത്തിൽ തൻെറ ശത്രുക്കളോടു പറഞ്ഞശേഷം വിശുദ്ധൻ സ്വവസതിയിലേയ്ക്കു മടങ്ങുകയും ചെയ്തു.

# നാലാം അദ്ധ്യായം

## സന്ന്യാസസഭാസ്ഥാപനം

ബെനദീക്ത്തോസിൻെറ അജ്ഞാതവാസം അതിവേഗം അവസാനിച്ചു. അദ്ദേഹത്തിൻെറ സുകൃതപരിമളധോരണി സത്യാന്വേഷികളായ ഏവരെയും തൻെറ പക്കലേക്കു സമാകർഷിച്ചു. അവരിൽ അനേകംപേർ തന്നെ അനുകരിച്ചു താപസജീവിതം നയിക്കുന്നതിനും തീർച്ചപ്പെടുത്തി. ഇങ്ങനെ വന്നുകൊണ്ടിരുന്ന ശിഷ്യഗണത്തിൻെറ സംഖ്യാബഹുലത നിമിത്തം 12പേർ അടങ്ങിയ ചെറുസംഘങ്ങളായി അവരെ വിഭജിച്ച്, വ്യത്യസ്തങ്ങളായ ഓരോ സന്ന്യാസ വസതിയും അവർക്കായി നിശ്ചയിച്ചുകൊടുത്തു. ഒൻപതുകൊല്ലത്തെ പരിശ്രമഫലമായി സുബ്യാക്കോ പർവതത്തിൻെറ പാർശ്വങ്ങളിൽ 12 ആശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടു. ഒരോ ഭവനത്തിനും പ്രത്യേകം പ്രത്യേകം അധിപൻമാരെയും നിശ്ചയിച്ചു; എന്നുവരികിലും എല്ലാ ഭവനങ്ങളുടെയും സർവാധിപത്യം താൻ തന്നെ വഹിച്ചു. അവർ അനുസരിക്കേണ്ട നിയമങ്ങളേയും അദ്ദേഹം തന്നെ രൂപവൽക്കരിച്ചു. കൂടെക്കൂടെ അവരെ സന്ദർശിക്കയും തന്നിൽ നിക്ഷിപ്തമായിരുന്ന താപസചൈതന്യത്തെ അവരിൽ ഉത്തേജനം ചെയ്കയും ദീർഘനാളായി ദൈവം ഏകാന്തതയിൽ തനിക്കു നിർദ്ദേശിച്ചുകൊടുത്ത ആദർശാനുസാരം താപസജീവിതത്തെപ്പററിവേണ്ട സംഗതികളെല്ലാം അവരെ പഠിപ്പിക്കയും ചെയ്തു.

ഈ പുതിയ ശിഷ്യസംഘം ബെനദിക്ത്തോസിനെ ഒരു പിതാവിനെപ്പോലെ സ്നേഹിച്ചു; ഒരു വിശുദ്ധനോടെന്നോണം അദ്ദേഹത്തോടു വർത്തിച്ചു. ഒരദ്ധ്യാപകനെപ്പോലെ സശ്രദ്ധം അവർ അവിടുത്തെ ശ്രവിച്ചു. ആ യതിപ്രവരൻെറ നിർദ്ദേശാനുസാരം തങ്ങളുടെ ജീവിതശിഷ്ടത്തെ പുണ്യതമമാക്കുന്നതിൽ അവർക്കുണ്ടായിരുന്ന നിസ്തന്ദ്രത അവരെ തൻെറ വാത്സല്യഭാജനങ്ങളാക്കി

ത്തീൎന്നു. ഈ യോഗിശിഷ്യന്മാരാണ് ബെനദിക്ടൻ സഭയുടെ പ്രഥമ സന്താനങ്ങൾ. ഇങ്ങനെ ബെനദീക്തോസ് പാശ്ചാത്യസന്യാസികളുടെ പിതാവെന്ന അപരനാമത്തിനു് പാത്രീഭൂതനായിത്തീൎന്നു.

ബെനദീക്തോസ് സിറില്ലായൊരുമിച്ച് റോമായിൽനിന്നു പലായനം ചെയ്തിട്ട് ഇപ്പോൾ 25 സംവത്സരങ്ങൾ പൂർത്തിയായി. ഇക്കാലഘട്ടത്തിൽ അദ്ദേഹം വീണ്ടും റോമാ സന്ദർശിച്ചുവെന്നാണ് വെനാൻസിയസ് ഫൊർത്തുനാത്തുസ് എന്ന മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നതു്. അതെങ്ങനെയുമിരിക്കട്ടെ. ആ വിശുദ്ധ നഗരത്തെ വീണ്ടും സന്ദർശിക്കുന്നതിനുള്ള സുവർണ്ണാവസരം ഇതാ സംജാതമായിരിക്കുന്നു. നവമായി സ്ഥാപിതങ്ങളായ ആശ്രമങ്ങളുടെ ഭരണവിഷയത്തിൽ, ആത്മികവും ലൌകികവുമായ അനേക കാര്യങ്ങളെപ്പററി വിശേഷ വിധിയായി പര്യാലോചിക്കേണ്ടതുണ്ടായിരുന്നു. സർവപ്രധാനമായി നവജാതമായ സഭാതരു തഴച്ചുവളരുന്നതിന് വൈദികാദ്ധ്യക്ഷസമ്മതം അത്യന്താപേക്ഷിതമായിരുന്നു. അതിനായി അദ്ദേഹം റോമിലേയ്ക്കു് യാത്രതിരിച്ചു. റോമൻജനത ബെനദീക്തോസിനെ അത്യാഡംബരപൂർവ്വം സ്വീകരിച്ച് വത്തിക്കാൻകുന്നിൽ ഒരു വസതിയും പ്രദാനം ചെയ്തു. വിനാവിളംബം അവിടെയും തനിക്കു ശിഷ്യന്മാരെ ലഭിച്ചു. അവർ കേവലം പട്ടണവാസികളായിരുന്നെങ്കിലും ബെനദീക്തോസിൻെറ ജീവിതവിശുദ്ധി അവരിൽ എന്തെന്നില്ലാത്ത ഒരു മാററം ഉളവാക്കി. അത്ഭുതപ്രവത്തനശക്തി ബെനദീക്തോസിനെ ഒരിക്കലും വിട്ടുമാറിയിട്ടില്ല എന്നുള്ളതിനു ഒരുത്തമോദാഹരണമാണ്, അദ്ദേഹം സെനററുസാമാജികൻമാരേവരുടെയും പ്രശംസയ്ക്കും അഭിനന്ദനത്തിനും പാത്രീഭൂതനായിത്തീർന്നുവെന്നുള്ളതു്. ഇങ്ങനെ, ഉദ്ദേശം രണ്ടുകൊല്ലത്തോളം ബെനദീക്തോസ് റോമിൽ താമസിച്ചശേഷം വിശ്രമാർത്ഥം അദ്ദേഹം തൻെറ പ്രഥമ ശിഷ്യരുടെ പക്കൽ സുബ്യാക്കോവിലേയ്ക്കു മടങ്ങുകയും ചെയ്തു.

ശൂന്യപ്രദേശമായിരുന്ന സുബ്യാക്കോ ഇതിനകം സുമനോജ്ഞമായ ഒരു പുഷ്പവാടിയായി രൂപാന്തരീഭവിച്ചു. അതിൻെറ താഴ്വരകളിലും ഉന്നത തടങ്ങളിലും ഈ ആദ്യ ബെനദീക്തൻ സന്യാസികൾ വാനാരൂപികളെപ്പോലും അതിശയിക്കുന്ന പരിശുദ്ധിയോടും പുണ്യപൂർണ്ണതയോടുംകൂടി ജീവിതം നയിച്ചുപോന്നിരുന്നു. ബെനദീക്തോസ് റോമിൽവച്ച് ഏവരുടേയും ആശ്ചര്യവിഷയമായിത്തീർന്ന വസ്തുത മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രസ്തുത സംഗതി മഹാൻമാരായ എക്വീസിയസ് തെർതുള്ളസ്, ബോയേസിയസ് എന്ന മൂന്നു പ്രഭുക്കൻമാരെ സുബ്യാക്കോ സന്ദർശിക്കുന്നതിനു് അതിയായി പ്രേരിപ്പിച്ചു. ഉദ്ദേശം ക്രിസ്ത്വബ്ദം 522—ൽ അവർ സുബ്യാക്കോ സന്ദർശിക്കുകയും അവിടെയുള്ള സന്യാസികളുടെ സുകൃതജീവിതം കണ്ടു് അത്ഭുതവിവശരായി ഭവിക്കുകയും ചെയ്തു. പ്രശാന്തമായ നിശബ്ദത സർവ്വത്ര വ്യാപിച്ചിരുന്നു. പുണ്യസൌരഭ്യം എങ്ങും വീശിയിരുന്നു. മൌനം സ്വകൃത്യനിർവഹണതൽപ്പരത ഇവ എല്ലായിടത്തും കളിയാടിയിരുന്നു. ഐഹികസുഖാസക്തിക്കു് ഒരിടത്തും പ്രവേശനം അനുവദിക്കപ്പെട്ടിരുന്നില്ല. സ്വർഗീയമായ സമാധാനം എല്ലാററിൻെറയും നടുനായകമായിപ്പരിലസിച്ചിരുന്നു. ഇവയെല്ലാം സൂക്ഷ്മാവലോകനം ചെയ്ത സംതൃപ്തരായ പ്രസ്തുത പ്രഭുക്കൻമാരുടെ അഭിമതം അവിടെ വസിച്ചിരുന്ന യോഗീശൻമാർ മനുഷ്യരല്ല, മനുഷ്യാവതീർണ്ണരായ വാനാരൂപികളെന്നായിരുന്നു. അവരുടെ ഭക്തിവൈരാഗ്യം ഈ അഭിപ്രായത്തെ ഏതാണ്ടു അന്വർത്ഥമാക്കിച്ചെയ്തിരുന്നുവെന്നുള്ളതിൽ പക്ഷാന്തരമില്ല. ഇത്ര പരിപാവനമായ ആ ജീവിതം അവലംബിക്കുന്നതിനു് അറിയാതെതന്നെ അവരും അതിലേക്കു ആകർഷിക്കപ്പെട്ടു. പക്ഷെ, വൈവാഹികജീവിതം സ്വീകരിച്ചുപോയതിനാൽ അവരുടെ ആഗ്രഹസിദ്ധി കേവലം അപ്രാപ്യമായിരുന്നു. തന്നിമിത്തം സന്യാസജീവിതത്തിൽനിന്നുളവാകുന്ന അമൂല്യ സൌഭാഗ്യങ്ങൾ തങ്ങളുടെ കുടുംബങ്ങൾക്കും അനുഗ്രഹഹേതുകങ്ങളെന്നു വിശ്വസിച്ചു് എക്വീസിയസ് തൻെറ പ്രേമസന്താനമായ മാവുരൂസിനേയും, തെർതുള്ള

സ് അയാളുടെ ഓമനസുതനായ പ്ലാസിഡിനേയും ബെനദീക്ക്തോസിൻെറ അധീനതയിൽ ഏല്പിച്ചുകൊടുത്തു. മാവുരുസിനു അപ്പോഠം 12–ഉം പ്ലാസിഡിനു് 7–ഉം വയസുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ബെനദീക്ക്തോസ് ആ ബാലദ്വന്ദ്വത്തെ സസന്തോഷം സ്വീകരിച്ചു. അവർ ലൌകികശാസ്ത്രങ്ങളിലെന്നതിനേക്കാഠം ആദ്ധ്യാത്മിക ശാസ്ത്രത്തിൽ നിപുണന്മാരായിത്തീരത്തക്കവണ്ണം ആദ്യമായി സന്യാസജീവിതരീതിയെ സംബന്ധിച്ച സകല വിധമായ അറിവിനെയും അവർക്കു പ്രദാനം ചെയ്തു. എന്തുകൊണ്ടെന്നാൽ അവർ ഭാവിയിൽ വിശുദ്ധന്മാരും ജാതികളുടെ സംസ്ക്കരണത്തിനും ലക്ഷോപലക്ഷം ആത്മാക്കളുടെ വിശുദ്ധീകരണത്തിനും ഹേതുഭൂതന്മാരായി പരിണമിക്കുമെന്നു് ദൈവനിവേശനത്താൽ അദ്ദേഹം ഗ്രഹിച്ചിരുന്നു.

ബെനദീക്ക്തോസ് തൻെറ മററു ശിഷ്യരെ അപേക്ഷിച്ച് മാവുരുസിനെ വിശേഷവിധിയായി സ്നേഹിച്ചിരുന്നു. തന്നിമിത്തം ഈ ബാലരത്നത്തിനു ലഭിച്ചിരുന്ന പരിശീലനം ഒരു പ്രത്യേകതരത്തിലുള്ളതായിരുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ വിശുദ്ധിയിൽ മററുള്ളവരേക്കാഠം ഒരു ഉയർന്ന സ്ഥാനം അവൻ കരസ്ഥമാക്കി. ഈ യുവയോഗീസത്തമൻെറ നാനാമുഖങ്ങളായ ആത്മപരിത്യാഗപദ്ധതികളെ സവിസ്തരം പ്രതിപാദിച്ചതിൻെറശേഷം, ഉറക്കം, ആഹാരം എന്നിത്യാദികളിൽ അനുവർത്തിച്ച ത്യാഗരീതിയെ വർണ്ണിച്ചശേഷം, ഫൌസ്തുസ് എന്ന ഇദ്ദേഹത്തിൻെറ ചരിത്രകാരൻ തൻെറ വിവരണത്തെ ഉപസംഹരിക്കുന്നതു ഇങ്ങനെയാണു്. ''ആ പുണ്യബാലൻ ബെനദീക്ക്തോസിനെപ്പോലും അത്ഭുതപരതന്ത്രനാക്കിത്തീർക്കത്തക്കവിധം, മൌനം, ഏകാന്തത, വിശുദ്ധ ഗ്രന്ഥപാരായണം എന്നിത്യാദികളിലെല്ലാം അനിതരസാധാരണമായ ഔൽസുക്യം പ്രദർശിപ്പിച്ചിരുന്നു.''

തൻെറ സഭയെ ജഗത്തിലെങ്ങും പ്രചരിപ്പിക്കുന്നതിനു് ദൈവനിയുക്തങ്ങളായ രണ്ടു ബലമേറിയ ഉപകരണങ്ങളെന്നു തോന്നുമാറു്, പ്ലാസിഡിൻെറയും മാവുരു

സിൻെറയും നാമങ്ങാം ബെനദീക്ക്തോസിൻെറതിനോട്ട് അഭേദ്യമായവിധം സംഘടിപ്പിക്കപ്പെട്ടാണ്ട് കാണുന്നത്. അതെ, അവർ സന്യാസജീവിതമെന്ന സൗധത്തിൻെറ ബലിഷ്ഠങ്ങളായ രണ്ടു തൂണുകളായി ഭവിച്ചു. ഇതു് അനിഷേധ്യമായ ഒരു വാസ്തവമെന്ന് ഇവരുടെ മാഹാത്മ്യത്തെപ്പററി ബെനദീക്ക്തോസിനുണ്ടായിരുന്ന ജ്ഞാനവും അദ്ദേഹത്തിനു് മററുള്ളവരെ അപേക്ഷിച്ച് ഇവരോടുണ്ടായിരുന്ന പ്രതിപത്തിയും സർവോപരി ഈ ബാലരത്നങ്ങാം ബെനദീക്ക്തോസിൻെറ ആപ്തമിത്രങ്ങളായിരുന്നവെന്നുമുള്ള വസ്തുതയ്ക്കു് ഉത്തമ തെളിവുകളാണ്.

സുകൃതവാൻമാരും ധീരപടുക്കളുമായിരുന്ന ഈ ബാലൻമാരുടെ ത്യാഗജീവിതം മററനേകംപേക്ക് സുകൃതപഥത്തിലേക്കു മാർഗനിർദ്ദേശം ചെയ്കയത്രെ ചെയ്തതു്. ബെനദീക്ക്തോസിൻെറ തപഃശ്ചര്യയെ ആശ്ലേഷിക്കുന്നതിനു് ആ യോഗീകവാടത്തെ സമീപിച്ചവരുടെ സംഖ്യ ഒട്ടും കുറവല്ല. ക്രമാതീതമായി ശിഷ്യഗണം വദ്ധിച്ചു വന്നതുനിമിത്തം ഇററലിയുടെ ഇതരഭാഗങ്ങളിലും സന്യാസമന്ദിരങ്ങാം സ്ഥാപിച്ച് അവരെ ഭരിക്കുന്നതിനു് സമത്ഥൻമാരായ ഭരണകർത്താക്കളേയും അദ്ദേഹം ഏർപ്പെടുത്തി.

ഇങ്ങനെ തൻെറ പരിശ്രമങ്ങളെല്ലാം വിജയമടഞ്ഞതിൽ ലവലേശം അഹങ്കരിക്കയോ, അഥവാ നാനാഭാഗങ്ങളിൽനിന്നും തനിക്കു ലഭിച്ചുകൊണ്ടിരുന്ന അഭിനന്ദനങ്ങാംകൊണ്ടു് ഗർവു വിചാരിക്കയോ ചെയ്യാതെ വിനയാദി സൽഗുണങ്ങളിൽ പൂർവോപരി സ്വയം സുശിക്ഷിതനാകുന്നതിനു നിസ്തന്ദ്രം പരിശ്രമിച്ചുകൊണ്ടു് ഏഴു സംവത്സരംകൂടി ആ താപസശ്രേഷ്ഠൻ സുബ്യാക്കോവിൽ വസിച്ചു. ഈ സന്ദർഭത്തിലാണ്, തൻെറ ജീവിതകാലത്ത് തന്നെ അത്യധികം ആനന്ദചിത്തനാക്കിത്തീർത്ത, താഴെക്കാണുന്ന ഒരു സന്ദേശം തനിക്കു ലഭിച്ചതു്.

ഭക്തശിരോലങ്കാരമായ ബെനദീക്ക്തോസ് തൻെറ വസതിയിൽ ഏകാഗ്രചിത്തനായി പ്രാത്ഥനയിൽ ലയിച്ചിരിക്കുന്നു. ശുഭ്രവസ്ത്രധാരിയായ ഒരു വാനാരൂപി

പ്രഭാപൂരിതനായി ഇതാ അദ്ദേഹത്തിനു പ്രത്യക്ഷനാകുന്നു. തദവസരത്തിൽ, ബെനദീക്ടോസിൻെറ പ്രാത്ഥർന ദൈവത്തിനു് അതീവ പ്രീതിജനകമെന്നും താൻ ചോദിക്കുന്നതെല്ലാം ദൈവം അദ്ദേഹത്തിനു നൽകുമെന്നുമുള്ള ദൈവഹിതത്തെ ആ ദൂതൻ ബെനദീക്ടോസിനെ അറിയിച്ചു. എന്നാൽ, മനുഷ്യകീടമെന്നും, നിരുപയോഗസൃഷ്ടിയെന്നും സ്വയം വിശ്വസിച്ചിരുന്ന ബെനദീക്ടോസിനു് ഈ ദൌത്യശ്രവണം സാക്ഷാൽ കണ്ണാരുന്നുദമായിരുന്നു. തൻമൂലം ദൈവാനുഗ്രഹത്തിനു് താൻ അപാത്രവാനെന്നും, ദൈവഹിതാനുസരണം വർത്തിക്കണമെന്നല്ലാതെ, മററൊന്നുംതന്നെ താൻ അഭിലഷിക്കുന്നില്ലെന്നുമുള്ള തൻെറ സത്യാവസ്ഥയെ ആ സന്ദേശവാഹകനെ ധരിപ്പിച്ചു. നിൻെറ സഭ ലോകാന്തംവരെ നിലനിന്നു് അവസാനയുദ്ധത്തിൽ അതു തിരുസഭയ്ക്കു ഒരാലംബമായിരിക്കും. വിശ്വസ്തതാപൂർവം നിൻെറ സഭാനിയമങ്ങളെ അനുവർത്തിക്കുന്നവരെല്ലാവരും രക്ഷിക്കപ്പെടും. നിൻെറ സഭയെ സർവപ്രകാരേണയും സംരക്ഷിക്കുന്നവർക്ക് അമൂല്യദൈവാനുഗ്രഹങ്ങൾ നൽകപ്പെടും. നിൻെറ സഭയെ മർദ്ദിക്കുന്നവർ ഭയങ്കരമായവിധം ശിക്ഷിക്കപ്പെടും'' എന്നിങ്ങനെ ആഗതനായ ആ ദൂതൻ തൻെറ ദൌത്യധർമ്മത്തെ ഉപസംഹരിച്ചു്, ദുഃഖാബ്ധിയിൽ നിപതിച്ചിരുന്ന ആ യതിവര്യനെ സാന്ത്വനം ചെയ്തശേഷം അന്തർദ്ധാനം ചെയ്തു.

## അഞ്ചാം അദ്ധ്യായം

### അത്ഭുതപ്രവത്തകൻ

ബെനദീക്ടോസിൻെറ അനന്തരജീവിതം അത്ഭുതപ്രവർത്തനത്തിൻെറ ഒരു കേളീരംഗമായിരുന്നുവെന്നു് പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. തൻമൂലം അത്ഭുതപ്രവർത്തകൻ എന്ന അപരനാമത്തിനുപോലും അദ്ദേഹം

അർഹനായിത്തീൎന്നു. ഇതിൻെറ യഥാൎത്ഥത ചരിത്രശിഷ്ടം തെളിയിക്കുകയും ചെയ്യും. വിശുദ്ധൻ പ്രവൎത്തിച്ചിട്ടുള്ള അത്ഭുതങ്ങളെയെല്ലാം തന്നെയോ, ഏതാനുമെങ്കിലുമോ, സുബ്യാക്കോവിൽവച്ചു പ്രവർത്തിച്ചിട്ടുള്ളതിനെ മാത്രമോ എഴുതുകയെന്നുവച്ചാൽ, ഒരു വലിയ ഗ്രന്ഥംതന്നെ ആവശ്യപ്പെടും. അതിനാൽ സുബ്യാക്കോവിൽവച്ചുചെയ്ത പ്രധാനമായ ചിലതിനെമാത്രം ഇവിടെ പറയാം.

മലംപ്രദേശങ്ങളിൽ സ്ഥിതിചെയ്തിരുന്ന മൂന്നു ആശ്രമങ്ങൾക്കു വേണ്ടുവോളം വെള്ളം കിട്ടാതിരുന്നതിനാൽ അതിലെ നിവാസികൾ അപാരമായ ക്ലേശങ്ങൾ സഹിക്കേണ്ടതായി വന്നു. താഴ്വരയിൽ നിന്നു വെള്ളംകോരി സംഭരിക്കാമെന്നുവച്ചാൽ തന്നെയും അതും അത്ര എളുപ്പമായിരുന്നില്ല. തൻമൂലം അവർ അനുഭവിച്ചിരുന്ന ക്ലേശങ്ങളെയും സമയവ്യയത്തെയുംപററി ബെനദീക്തോസിൻെറ പക്കൽ സങ്കടമുണർത്തിച്ചു. അദ്ദേഹം അവരുടെ അപേക്ഷ സശ്രദ്ധം ശ്രവിച്ച് അവരുടെ ആവശ്യം നിഷ്പ്രയാസം സാധിച്ചുകൊടുത്തു. അന്നുരാത്രി, എല്ലാവരും സുഖനിദ്രയിലായിരിക്കുമ്പോൾ ബെനദീക്തോസ് പ്ലാസിഡിനെ കൂട്ടിക്കൊണ്ട് പർവതാഗ്രത്തിൽ കയറി മുട്ടിൻമേൽനിന്നു പ്രാൎത്ഥിക്കുവാൻ തുടങ്ങി. പ്രാൎത്ഥനാനന്തരം അദ്ദേഹം എഴുന്നേററ് മൂന്നു കല്ലുകളെടുത്ത് അവർ നിന്നിരുന്ന സ്ഥലം അടയാളപ്പെടുത്തി തിരിച്ചുപോന്നു. പിറേറന്നു പ്രഭാതത്തിൽ അദ്ദേഹം ആ സന്യാസികളെ വിളിച്ച് അവരോടു മലമുകളിൽ കയറുന്നതിന് ആജ്ഞാപിച്ചു. അവിടെ ഒരു സ്ഥലത്ത് മൂന്നു ചെറുകല്ലുകളും അവയുടെ സമീപത്തു തന്നെ ഒരു വലിയകല്ലും അവർക്കു പ്രത്യക്ഷമാകുമെന്നും, ആ വലിയ കല്ലിന്മേൽ ഒരു ചെറിയ ദ്വാരമുണ്ടാക്കിയാൽ വേണ്ടിടത്തോളം ജലം അതിൽനിന്നും ലഭ്യമാകുമെന്നും അവരെ അറിയിച്ചു. തദനുസരണം അവർ പോകയും നിർദ്ദിഷ്ടസ്ഥലത്തുണ്ടായിരുന്ന ആ വലിയ കരിങ്കൽപാറ ജലകണങ്ങളാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നതായി അവർക്കു കാണപ്പെടുകയും ചെയ്തു. തങ്ങളുടെ ഗുരുഭൂതൻെറ വാക്കുകളിൽ അചഞ്ചലമായ വിശ്വാസ

മുണ്ടായിരുന്ന പ്രസ്തുത സന്യാസികരം തങ്ങളോട്ട ആജ്ഞാപിക്കപ്പെട്ടതനുസരിച്ച വത്തിക്കുകയായിരുന്നു അവരുടെ അനന്തരകൃത്യം. മുൻപറഞ്ഞ ബ്രഹ്മാണ്ഡമായ ശിലയുടെ ഉപരിതലത്തിൽ ഒരു ചെറുദ്വാരം ഉണ്ടാക്കിയ ക്ഷണത്തിൽ തന്നെ നിർമ്മല ജലവാഹിനിയായ ചെറിയ അരുവി അതിൽനിന്നും പുറപ്പെട്ടു. ഇപ്രകാരം, അവരുടെ ജീവസന്ധാരണത്തിന് ധാരാളം ജലം അവർക്കു ലബ്ധമാകയും ചെയ്തു.

ഒരു ദിവസം പ്ലാസിഡ് തടാകത്തിൽനിന്നും വെള്ളം കോരുന്നതിനായി ഒരു കുടവുമെടുത്തു പുറപ്പെട്ടു. വെള്ളം കോരിക്കൊണ്ടിരുന്ന സമയം എങ്ങനെയോ കുടത്തിൽനിന്നു തന്റെ കൈവിട്ടുപോകയാൽ അതു ഒഴുക്കിൽപെട്ടു കീഴ്പ്പോട്ടു ഗമിച്ചു. ഒഴുകിപ്പോകുന്ന കുടത്തെ കരസ്ഥമാക്കുന്നതിനുള്ള ശ്രമത്തിൽ കാൽതെററി താനും തന്റെ കുടത്തെ അനുഗമിച്ച് ഒഴുക്കിന്നിരയായി അൽപ്പസമയത്തിനുള്ളിൽ വിദൂരത്താകയും ചെയ്തു.

തൽസമയം ഏകാഗ്രചിത്തനായി തന്റെ മുറിയിലിരുന്നു ഗ്രന്ഥപാരായണം ചെയ്തുകൊണ്ടിരുന്ന ബെനദീക്തോസ് ഈ സംഭവമറിഞ്ഞു്, മാവുരുസിനെ അതിശീഘ്രം വിളിച്ചുവരുത്തി, പ്രാണരക്ഷാത്ഥം വെള്ളത്തിൽ കിടന്നു സാഹസപ്പെടുന്ന പ്ലാസിഡിനെ സമുദ്ധരിക്കുന്നതിനായി പറഞ്ഞയച്ചു. ആ ശിഷ്യപ്രധാനൻ തന്റെ വന്ദ്യഗുരുഭൂതന്റെ ആശിസ്സും വാങ്ങി, ആജ്ഞാനുവർത്തനം എന്ന ഏക ചിന്തയോടെ നിർദ്ദിഷ്ട സ്ഥലത്തേക്കു ഓടി. അയാളുടെ സന്നദ്ധമായ അനുസരണം, പ്രകൃതിയുടെ ഒരു വലിയ നിയമത്തെപ്പോലും അതിലംഘിക്കതന്നെ ചെയ്തു. ജലോപരിഭാഗത്തുകൂടി ഉറച്ച കരയിലെന്നോണമാണ് മാവുരുസ് തത്രപ്പെട്ട് ഓടിപ്പോയതു്. അൽപ്പസമയത്തിനുള്ളിൽ അയാരം പ്ലാസിഡിനെ അയാളുടെ കേശഭാരത്തിനു് പിടിച്ചു നിഷ്പ്രയാസം കരയിൽ കൊണ്ടുവന്നു. കരയിൽ വന്നപ്പോരം മാത്രമേ താൻ ഒട്ടും നനഞ്ഞിട്ടില്ലെന്ന വസ്തുത മാവുരുസ് ഗ്രഹിച്ചുള്ളു. അനന്തരം മടങ്ങിവന്നു് ഈ അത്ഭുതസംഭവത്തെ അവർ ബെനദീക്തോസിനെ പറഞ്ഞു കേരംപ്പിച്ചു.

''അനുസരണയുള്ളവൻ വിജയങ്ങളെ കീർത്തിക്കും'' എന്നുള്ള വിശുദ്ധാത്മാവിൻെറ പ്രബോധനത്തെ അനുസ്മരിപ്പിച്ചുകൊണ്ടു് ഇതു മാവുരുസിൻെറ അനുസരണത്തിനു സമ്മാനമായി ദൈവം പ്രവർത്തിച്ച ഒരു മഹാ അത്ഭുതമെന്നാണു് ബെനദീക്തോസു് കഥിച്ചതു്. അതല്ല, താൻ തന്നോടു കല്പിക്കപ്പെട്ടപ്രകാരം അനുവർത്തിച്ചതേയുള്ളവെന്നും, ഏതൻമൂലം ഈ വിജയലബ്ധി ആ കല്പനാവശേഷത്തിനു സ്വന്തമാണെന്നു് മാവുരുസും വാദിച്ചു. ഇങ്ങനെ ആ ഗുരുശിഷ്യന്മാർ തമ്മിൽ ഒരു ''വാഗ്വാദം'' നടന്നു. ഇതു പ്ലാസിഡിൻെറ മദ്ധ്യസ്ഥതയിലാണു് സമാധാനത്തിൽ പര്യവസാനിച്ചതു്. ''എന്നെ വെള്ളത്തിൽകൂടി വലിച്ചിഴച്ചുകൊണ്ടുപോയിരുന്ന സമയം നമ്മുടെ പിതാവിൻെറ മേലങ്കി അന്തരീക്ഷത്തിൽ പ്രത്യക്ഷമാകുന്നതുപോലെയും അവിടുന്നു എന്നെ നിർബാധം കരയിലേയ്ക്കു അടുപ്പിക്കുന്നതുപോലെയും എനിക്കു തോന്നി'' എന്നുള്ള പ്ലാസിഡിൻെറ പ്രസ്താവനയോടുകൂടി അവരുടെ 'വാക്‌സമരം' അവസാനിച്ചു.

ദൈവത്തിനു തൻെറ വിശുദ്ധന്മാരോടുള്ള നിസ്സീമസ്നേഹത്തിൻെറ ഒരു പ്രത്യക്ഷലക്ഷ്യമാണു് ദുഃഖപീഡനങ്ങൾ സുലഭമായി അവൎക്കു കൊടുക്കുകയെന്നുള്ളതു്. ചിലപ്പോൾ കീർത്തിഭംഗവും ഇക്കൂട്ടരുടെ വിശുദ്ധിയെ സ്ഫുടം വരുത്തുന്നതിനുള്ള ഒരു മാർഗമായി ദൈവം അനുവദിക്കാറുണ്ടെന്നുള്ളതു് അവരുടെ ജീവചരിത്രങ്ങളിൽ സാധാരണ കണ്ടുവരാറുള്ള അനിഷേധ്യമായ ഒരു വാസ്തവമാണു്. അങ്ങനെയെങ്കിൽ ബെനദീക്‌തോസും ദൈവത്തിൻെറ ഈ വിശേഷ സ്നേഹത്തിനു വിഷയീഭവിച്ചുവെന്നു് വിശിഷ്യ പറയേണ്ടതില്ലല്ലോ. അതെങ്ങനെ എന്നു പറയാം.

ഫ്ളോറൻസ് എന്ന പേരായി തൻെറ അയൽവാസികളിലൊരുവൻ ബെനദീക്‌തോസിൻെറയും അനുചരന്മാരുടെയും പ്രശസ്തിയെപ്പററി അസൂയാകലുഷിതനായിത്തീർന്നു. അവർ വൈദികരുടെ ജോലിയിൽ അനാവശ്യമായി പ്രവേശിക്കുന്നുവെന്നും അലസന്മാരെങ്കിലും മററുള്ളവരെ അപേക്ഷിച്ചു തങ്ങൾ വളരെ ഉയൎന്ന നിലയിലുള്ള

വരായി സ്വയം അഭിമാനിക്കുന്നുവെന്നും അന്യരെ 'കാണിക്കുന്നതിനു' വേണ്ടി മാത്രമാണു അവർ വേല ചെയ്യുന്നതെന്നും അവർ വിചാരിക്കുന്നതുപോലെതന്നെ അത്രകണ്ടു സുകൃതവാന്മാരല്ലെന്നും കർക്കശമായ അവരുടെ തപോനിഷ്ഠകൊണ്ടു് വേണ്ടത്തക്ക പ്രയോജനമൊന്നുമില്ലെന്നും പ്രത്യുത മററു ക്രിസ്ത്യാനികളെപ്പോലെ അവരും സാധാരണ ജീവിതം നയിച്ചാൽ മതിയെന്നും മററുമുള്ള – അന്നുമുതൽ ഇന്നുവരെ സന്യാസികളെപ്പററി പറയപ്പെടുന്ന – ദൂഷ്യപ്രസ്താവനകൾ ജനതാമദ്ധ്യത്തിൽ അയാൾ പ്രചരിപ്പിച്ചു. ദൂഷ്യപ്രസ്താവനകൾകൊണ്ടു് ഉദ്ദിഷ്ടകാര്യം വിഫലമായെന്നു കണ്ടപ്പോൾ ഫ്ളോറൻസ് ബെനദീക്തോസിൻെറ ജനരഞ്ജനയ്ക്കു ഹാനികരമായ മററുപായങ്ങൾ പ്രയോഗിച്ചുതുടങ്ങി അതും ഫലംകൊണ്ടു് ആദ്യത്തേതിൽനിന്നു ഒട്ടും വ്യത്യസ്തമല്ലായിരുന്നു. ഒടുവിൽ ബെനദീക്തോസിനെ ജീവലോകത്തുനിന്നും മാററിക്കളയുന്നതിനുതന്നെ അയാൾ കോപ്പിട്ടു അതിനായി വിഷം കലത്തി ഉണ്ടാക്കപ്പെട്ട ഒരപ്പം ബെനദീക്തോസിനു് അയച്ചുകൊടുക്കുകയും മാത്രമല്ല, അതു ബെനദീക്തോസ് തന്നെ ഭക്ഷിക്കുന്നതിനുവേണ്ടി ബെനദീക്തോസ് സാധാരണ ഭക്ഷണം കഴിക്കാറുള്ള സ്ഥലത്തുവയ്ക്കുത്തക്കവിധം കൌശലം പ്രയോഗിച്ചു സാധിക്കുകയും ചെയ്തു.

ബെനദീക്തോസ് ഒരു മലങ്കാക്കയെ വളത്തുന്നുണ്ടായിരുന്നു. അതിനു ഭക്ഷണം കൊടുത്തിരുന്നതും സ്വന്തസ്ഥലത്തുവച്ചുതന്നെയായിരുന്നു. പ്രസ്തുത കാക്ക പതിവനുസരിച്ചു അന്നും കൃത്യസമയം അതിൻെറ ഭക്ഷണസ്ഥലത്തു ഹാജരായി അതിനു കിട്ടുവാനുള്ള ഓഹരി പ്രതീക്ഷിച്ചു ബെനദീക്തോസിൻെറ വരവുനോക്കി നിൽക്കുന്നുണ്ടായിരുന്നു. ദിവ്യപ്രകാശത്താൽ ഉദ്ദീപ്തനായി നമ്മുടെ കഥാനായകൻ അപ്പത്തിനുള്ളിൽ വിഷം വച്ചിരിക്കുന്ന വസ്തുത ഗ്രഹിച്ചു്, അതിനെ ആർക്കും അപ്രാപ്യമായ ഒരിടത്തിൽ പർവ്വതാഗ്രത്തിലേയ്ക്കു കൊത്തി എടുത്തുകൊണ്ടുപോകുന്നതിനു അദ്ദേഹം ആ കാക്കയോടു ആജ്ഞാപിച്ചു. ആജ്ഞാനുവത്തിയായ ആ കാക്ക അപ്പം കൊത്തി എടുക്കു

ന്ന ശ്രമത്തിൽ പരാജയമടഞ്ഞതിനാൽ അതു അതിൻെറ ചിറകിട്ടടിച്ചുംകൊണ്ടു് 'ക്രാ ക്രാ'രവഘോഷത്തോടെ അപ്പത്തിനു ചുററും 'തത്തിച്ചാടി' പ്രദക്ഷിണംചെയ്തുകൊണ്ടിരുന്നു. ബെനദീക്തോസ് 'എട്, എട്' എന്ന ഏകശബ്ദത്താൽ കാക്കയെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു. തന്മൂലം ആ കാക്ക ധൈര്യമവലംബിച്ചു അപ്പം കൊത്തി എടുത്തുംകൊണ്ടു് അതിദൂരത്തിൽ പറന്നു് മൂന്നു മണിക്കൂറിനുശേഷം അതു അതിൻെറ യജമാനൻെറ പക്കൽമടങ്ങിവരികയും ചെയ്തു.

ഇവ്വിധം തൻെറ പരിശ്രമങ്ങളിലെല്ലാം പരാജിതനായ ആ മനുഷ്യൻ നിർല്ലജ്ജം തൻെറ പൈശാചികപ്രസ്ഥാനത്തെ തുടരുകതന്നെ ചെയ്തു. അടുത്തതായി അയാൾ ഒരു നവീനസമ്പ്രദായമാണ് അവലംബിച്ചതു്. ആശ്രമവാസികളുടെ തപോനിഷ്ഠയേയും, സാന്മാർഗിക നടപടികളേയും സാരമായി ബാധിക്കത്തക്കവണ്ണം നിന്ദ്യവും ബീഭൽസവുമായ ഉപകരണങ്ങളെക്കൊണ്ടു് ചതുരതയോടെ പോരാടുന്നതിനു അയാൾ ശപഥം ചെയ്തു. എന്നാൽ അതു് എത്രകണ്ടു വിജയപര്യവസായിയായെന്നു് നമുക്കു വഴിയെ ഗ്രഹിക്കാം.

മുകളിൽപ്പറഞ്ഞ അനിഷ്ടകരസംഭവങ്ങൾ ഹേതുവായി ബെനദീക്തോസ് ഒരിക്കൽപോലും ദുഃഖിക്കയൊകട്ടെ, കോപോൽഭൂതമായ ഒരു വാക്കു പറയുകയാവട്ടെ ചെയ്തില്ല. പ്രത്യുത, അവയെല്ലാം ക്ഷമാപൂർവ്വം സഹിക്കുന്നതിനു് തൻെറ സന്യാസികളെയും അദ്ദേഹം പ്രോത്സാഹിപ്പിക്കയത്രെ ചെയ്തതു്. ശത്രുവിദ്വേഷമല്ല, ശത്രുസ്നേഹമത്രെ അവിടുന്നു ഉപദേശിച്ചതു്. സ്വന്തം കീർത്തിക്കു ഭംഗം വന്നതിനെ അദ്ദേഹം അത്ര കാര്യമായി ഗണിച്ചില്ല. എന്നാൽ തൻെറ ജ്ഞാനമക്കൾക്കു് അപകടമുണ്ടായേക്കുമെന്നു് കാണുകയാൽ, ഒരു പക്ഷേ തൻെറ അസാന്നിദ്ധ്യം അവക്കു സമാധാനവും സൽകീർത്തിയും കൈവരുത്തുമെന്നു വിചാരിച്ചു്, സുബ്യാക്കോ വിട്ടു് അന്യദിക്കിലേയ്ക്കു പോകുന്നതിനുതന്നെ അദ്ദേഹം തീർച്ചപ്പെടുത്തി.

തൻെറ വാത്സല്യഭാജനങ്ങളെ വിട്ടുപോകണമല്ലോ എന്ന വിചാരം ബെനദീക്ടോസിൻെറ ഹൃദയത്തെ അത്യന്തം വേദനിപ്പിച്ചു. തന്മൂലം അതികഠിനമായ ആന്തരികസമരത്തിന് അദ്ദേഹം വശഗനായി. തത്സമയം ന. ദിവ്യരക്ഷകൻ അവിടുത്തേക്കു പ്രത്യക്ഷനായി, സാന്ത്വന വാക്കുകളാൽ സമാശ്വസിപ്പിച്ചുകൊണ്ട് ഇപ്രകാരം അരുളിച്ചെയ്തു. ''എന്ത്? എൻെറ പ്രിയ പുത്രാ! എൻെറ ഏററം വലിയ മഹത്വത്തിനായി നിൻെറ സഹായസഹകരണത്തെ ഞാൻ ഒരുപകരണമാക്കാൻ പോകുന്ന അവസരത്തിൽ എന്തുകൊണ്ടു നീ ഇത്രയധികം വ്യസനിക്കുന്നു. നീ സുവിശേഷദീപം വഹിച്ചുകൊണ്ട്, പിശാച് എൻെറ മഹത്വം കവർന്നെടുത്തിരിക്കുന്ന മൌണ്ടെക്കസീനോയിലേക്കു പോകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. തദർത്ഥം എൻെറ അരൂപിയെത്തന്നെ നിനക്കു ഞാൻ പ്രദാനം ചെയ്യുന്നു. എഴുന്നേൽക്കുക, ധൈര്യമായിരിക്കുക, ഞാൻ എല്ലായ്പ്പോഴും നിൻെറ സംരക്ഷകനായിരിക്കും. നിൻെറ പ്രതിയോഗി പരാജിതനാകും. ഏതെല്ലാം ശത്രുക്കൾ നിന്നെ പ്രതിരോധിച്ചാലും ശരി, ഞാൻ നിന്നെ വിജയകിരീടം ചൂടിക്കും.' ശോഭനമായ ഏതാദൃശ വാഗ്ദാനത്താൽ നവജീവൻ പ്രാപിച്ച ആ യോഗീശൻ, ധൈര്യമവലംബിച്ച് യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ത്വരിതഗതിയിൽ ചെയ്തുതീർത്തു. സന്താപനിമഗ്നരായ തൻെറ സന്യാസികളെയെല്ലാം വിളിച്ചുകൂട്ടി അവരിൽനിന്നും പിരിഞ്ഞുപോകുന്നതിൽവച്ച് തനിക്കുളവായ അവാച്യമായ ദുഃഖത്തെയും ദൈവമഹത്വത്തെ വർദ്ധിപ്പിക്കുന്ന ഒരു മഹൽകൃത്യത്തിനായി താൻ നിയുക്തനായിരിക്കുന്ന വസ്തുതയും അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു താൻ അവരോടുകൂടി ഉണ്ടായിരുന്നാലെന്നപോലെ, അവർ ക്രമാനുഷ്ഠാനതൽപ്പരന്മാരായി, തീക്ഷ്ണതയോടെ വർത്തിക്കേണ്ടതിൻെറ ആവശ്യകതയെ അവരെ അനുസ്മരിപ്പിച്ചു. അവർ എപ്പോഴും തൻെറ ഓർമ്മയിൽ ഉണ്ടായിരിക്കുമെന്ന് അവരോടു വാഗ്ദാനം ചെയ്യുകയും, ഗുരുശിഷ്യബന്ധത്തെ എന്നെന്നും നിലനിറുത്തത്തക്കവണ്ണംതനിക്കുവേണ്ടി പ്രാർത്ഥിക്കണെ

മെന്നും അവരോടഭ്യർത്ഥിച്ചു. തൻെറ വിയോഗത്തിൽ അസമാധാനചിത്തവൃത്തികളായ സ്വപുത്രസഞ്ചയത്തിൻെറ അശ്രുകണങ്ങളെയും വിലപനങ്ങളെയുംകണ്ടുണ്ടായ വ്യഥയെ സംയമനം ചെയ്യുന്നതിന് പുത്രവാത്സല്യസംപുഷ്ടമായ ആ പിതൃഹൃദയത്തിനും ശക്യമായില്ല. ദൈവഹിതം സ്വാഭീഷ്ടത്തിനു അനുകൂലമായിരുന്നെങ്കിൽ ആജീവനാന്തം നമ്മുടെ കഥാനായകൻ അവരോടൊന്നിച്ച് സുബ്‌യാക്കോവിൽതന്നെ വസിക്കുമായിരുന്നു.

ഇപ്രകാരം, മനോജ്ഞവും പ്രശാന്തരമണീയവുമായ തൻെറ താപസവസതിയിൽനിന്ന്, 35 സംവൽസരത്തോളം ദൈവത്തോട ഗാഢമൈത്രീബന്ധത്തിൽ കഴിച്ച ഏകാന്തതയിൽനിന്ന്, ബെനദീക്തോസ് ഏതാനും സന്യാസികളോടൊരുമിച്ച് ക്രിസ്ത്വബ്ദം 529 ൽ മൌണ്ടെക്കസീനോയിലേയ്ക്കു യാത്ര പുറപ്പെട്ടു.

മാലാഖയാൽ അറിയിക്കപ്പെട്ടതായി മുൻപ്രസ്താവിച്ചിട്ടുള്ള ദീർഘദർശനങ്ങളിലൊന്ന് ഇപ്പോഠ അന്വർത്ഥമാക്കിച്ചെയ്യപ്പെട്ടു. ഒരു അത്യാഹിതം ഫ്ലോറൻസിനെ പ്രതീക്ഷിച്ചു നില്ക്കുകയായിരുന്നു. ബെനദീക്തോസ് ദുഃഖത്തോടെ സുബ്‌യാക്കോ വിട്ടുപോകുന്നതിനെ അയാഠ തൻെറ ഭവനത്തിൻെറ പൂമുഖത്തുനിന്നും നോക്കിക്കൊണ്ടു നില്ക്കയായിരുന്നു. ആ കാഴ്ച അയാളെ എന്തെന്നില്ലാതെ ആനന്ദഭരിതനാക്കിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. തൻെറ പ്രയത്നങ്ങളുടെയെല്ലാം ശുഭപര്യവസാനം കണ്ടപ്പോഠ അപാരമായ സന്തോഷത്തിൻെറയും അവാച്യമായ വിജയാഘോഷത്തിൻെറയും പ്രകടനങ്ങഠ താനറിയാതെതന്നെ തൻെറ ഹൃദയത്തിൽനിന്നും നിഷ്ക്രമിച്ചു, ഇങ്ങനെ അയാഠ മാനസോല്ലാസങ്ങളിൽ ലയിച്ച്, വീടിൻെറ രണ്ടാംതട്ടിൽ നില്ക്കയിൽ താൻ നിന്നിരുന്ന സ്ഥലം ഇളകി താഴെ വീഴുകയും, നിർഭാഗ്യനായ ആ മനുഷ്യൻ അകാലമൃത്യു അടയുകയും ചെയ്തു.

ഈ വാർത്താവിശേഷം സുബ്‌യാക്കോയിൽ എത്തിയമാത്രയിൽ, ബെനദീക്തോസിനെ ആ വിവരം അറിയിക്കുന്നതിന് മാവുറുസ് തൻെറ സഖാക്കളിൽ ചിലരോട

കൂടി പുറപ്പെട്ടു. ഉദ്ദേശം 10 മൈൽ യാത്രചെയ്തശേഷം അവർ ബെനദീക്തോസിനെ കാണുകയും, തങ്ങളുടെ ശത്രുവിൻെറ ചരമവാർത്തയെ സകുതുകം വിവരിച്ചുകേൾപ്പിച്ചശേഷം അദ്ദേഹത്തോടു സുബ്യാക്കോയിലേക്കു തിരിച്ചുപോരുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. ദാരുണമായ ഈ വാർത്താശ്രവണത്തിൽ—തൻെറ പ്രതിയോഗിക്കുണ്ടായ അത്യാഹിതത്തിൽ—ബെനദീക്തോസ് സാക്ഷാൽ അത്യന്തം ഖേദിക്കുകയാണ് ചെയ്തത്. എന്നാൽ ശത്രുസ്നേഹം ഉപദേശിച്ചിരുന്ന താൻ, തൻെറ ശിഷ്യപ്രമുഖൻെറ അനാശാസ്യമായ ആനന്ദപ്രകടനം അക്ഷന്തവ്യമായ ഒരപരാധമായിക്കരുതി അയാൾക്ക് തക്ക ശിക്ഷയും നൽകിക്കൊണ്ട് മൌണ്ടെക്കസീനോയിലേക്ക് തൻെറ യാത്ര തുടർന്നു.

# ആറാം അദ്ധ്യായം

## മൌണ്ടെക്കസ്സീനോ

റോമിനും നേപ്പിൾസിനും മദ്ധ്യത്തിലായി അബ്രൂസിപർവ്വതപംക്തിയുടെ ഒരു ശിഖരം നയനാനന്ദകരമായ ഒരു ഭൂപ്രദേശത്ത് അംബരവീഥിയേയും ഭേദിക്കുമാറ് ഉയന്ന സമതലത്തിലേക്കുന്തിനിൽക്കുന്നുണ്ട്. ''വെള്ളിമല'' എന്നു തോന്നിപ്പോകുമാറ് സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്ന 'ലിരിസ്' എന്നു പറയപ്പെടുന്ന പ്രസ്തുത പർവ്വതശിഖരം രമണീയങ്ങളായ മുന്തിരിത്തോട്ടങ്ങളുടെയും തങ്കവർണ്ണക്കതിരുകളെ സംവഹിച്ചുള്ള വിസ്തീർണ്ണങ്ങളായ വയലുകളുടെയും ഒന്നോടൊന്നു തൊട്ടുകിടക്കുന്ന ചെറുഗ്രാമങ്ങളുടെയും നോക്കെത്താത്തവിധം നെടുനീളത്തിൽ നട്ടുപിടിപ്പിച്ചിരിക്കുന്ന ഒലിവുവൃക്ഷശിഖരങ്ങളുടെയുമിടയിലായി വിദൂരസ്ഥലങ്ങളായ ചെറുപച്ചക്കുന്നുകളാൽ ചുററപ്പെട്ടുകിടക്കുന്നു. പ്രകൃതിവിലാസത്തിൻെറ കേളീരംഗമായിപ്പരിലസിക്കുന്ന ഈ സ്ഥലത്തെ അതിലംഘിക്കുന്ന മററൊരു പ്രദേശം ഇ

ററലിയിൽ വേറെയുണ്ടോയെന്നു തോന്നുന്നില്ല. ഭീമാകാര മായ ഒരു കാവൽഗോപുരംകണക്കെ മൌണ്ടെക്കസീനോ പ്രശാന്തമായ ഈ മൈതാനത്തെ അടക്കി ഭരിക്കുന്നു. ഒരു ചെറുപട്ടണമായിരുന്നെങ്കിലും മൌണ്ടെക്കസീനോ അന്ന് കേവലം അപ്രസിദ്ധമായിത്തന്നെയിരുന്നിരുന്നു. എന്നാൽ ബനദീക്തോസിൻെറ ആഗമനത്തോടുകൂടി അത് ഭുവന പ്രസിദ്ധമായ ഒരു പുണ്യഭൂമിയായി അവസ്ഥാന്തരം പ്രാപിച്ചു. ഉദ്ദേശം 50 മൈൽ യാത്രചെയ്തശേഷം ബെനദീക്തോസും അദ്ദേഹത്തിൻെറ സഖാക്കളും, തൻെറ സന്യാസജീവിതത്തിൻെറ കേന്ദ്രമായും ബെനദീക്തൻസഭയുടെ മാതൃഭവനമായും ദൈവത്താൽ നിയുക്തവും വിശ്വവിഖ്യാതവുമായ ഈ സ്ഥലത്തു വന്നുചേർന്നു.

വയലുകളിലും കുന്നിൻപുറങ്ങളിലും വേല ചെയ്തു ഉപജീവനം കഴിച്ചുപോന്ന അപരിഷ്കൃതന്മാരും ക്രൂരന്മാരുമായ ഒരു കൂട്ടം ആളുകൾ ആ മലംപ്രദേശത്തു് അധിവസിക്കുന്നുണ്ട്. അവർ അവിശ്വാസികളും വിഗ്രഹാരാധകന്മാരുമായിരുന്നു. ഇററലിയിൽ പിശാച് അവൻെറ ആധിപത്യം സംസ്ഥാപിച്ചു ഭരണം നടത്തിപ്പോന്നിരുന്നത് പ്രധാനമായി മൌണ്ടെക്കസീനോയുടെ പീഠദേശത്തുതന്നെയായിരുന്നു. അവിടെ അപ്പോള്ളോദേവനു പ്രതിഷ്ഠിതമായ ഒരു അമ്പലവും സ്ഥിതിചെയ്തിരുന്നു. സമീപസ്ഥരായ മുൻപറഞ്ഞ കൃഷീവലന്മാർ ദേവപ്രീതിക്കായി തങ്ങളുടെ കാഴ്ചദ്രവ്യങ്ങളെയും ബലിമൃഗങ്ങളെയും സമർപ്പിച്ചിരുന്നത് ഈ ക്ഷേത്രത്തിലായിരുന്നു. ദൈവമഹത്വത്തിൽ അതീവശുഷ്ക്കാന്തിയാൽ പ്രോജ്വലിച്ചിരുന്ന ബെനദീക്തോസ് ധൈര്യസമേതം പർവ്വതാഗ്രത്തിൽ കയറി അവിടെയുണ്ടായിരുന്ന അപ്പോള്ളോവിഗ്രഹത്തെ താഴെ തള്ളിയിട്ട് ഛിന്നഭിന്നമാക്കുകയും അമ്പലം ഇടിച്ചുപൊളിച്ച് അതു നിന്നിരുന്ന തോട്ടം ചുട്ടുദഹിപ്പിക്കുകയും ചെയ്തു.

വിഗ്രഹാരാധനയിൽ ആണ്ടുകിടന്നിരുന്നപ്രസ്തുതജനാവലിയുടെ ദുർഭഗാവസ്ഥ കണ്ട് അദ്ദേഹം അനുകമ്പാപൂർണ്ണനായി അവരുടെ മാനസാന്തരാർത്ഥം അശ്രാന്തപരിശ്രമം

ചെയ്തു. ഏതൽകാര്യസാദ്ധ്യാർത്ഥം വിശുദ്ധൻ അവരുടെകൂടെ ത്തന്നെ താമസമുറപ്പിച്ച് പ്രസംഗിച്ചുകൊണ്ടും സുവിശേഷ സത്യങ്ങളെ വിശദീകരിച്ചുകൊടുത്തുകൊണ്ടും ചെററക്കുടി ലുകരംതോറും ചുററിസഞ്ചരിച്ച് തൻെറ ദിനരാത്രങ്ങരം കഴിച്ചുകൂട്ടി. അതെ, വിനയം, ശാന്തശീലം, സൌമ്യത, ഉൽസാഹം ആദിയായി തന്നിൽ പ്രശോഭിച്ചിരുന്ന ഗുണ പൌഷ്കല്യങ്ങരം നിമിത്തം വിനാവിളംബം അവരുടെ ഹൃദയത്തെ അദ്ദേഹം സ്വാധീനപ്പെടുത്തുകയും മനസിനെ സംസ്ക്കരിക്കുകയും ചെയ്തു. ഇതിനെ ശ്ലാഘിച്ചുകൊണ്ട് വി. ഗ്രഗറി പ്രസ്താവിച്ചിട്ടുള്ളത് ഇത്തരുണത്തിൽ സ്മ ര്‍ത്തവ്യമത്രെ. ''ബെനദീക്തോസ് നിരന്തരമായി പ്രസംഗം നടത്തിയിരുന്നു. ഭാവിയിൽ ജാതികളുടെ പ്രേഷി തന്മാരായി പരിഗണനം ചെയ്യപ്പെടുവാനിരുന്ന ഇദ്ദേഹ ത്തിൻെറ സംഖ്യാതീതമായ പുത്രസഞ്ചയത്തിൻെറ ഭാവി ശ്രേയസിനെ തന്നിൽതന്നെ പ്രതിഫലിപ്പിക്കുമാറ് അ യൽപ്രദേശങ്ങളെയെല്ലാം മാനസാന്തരപ്പെടുത്തുന്നതുവരെ യാതൊരു വിശ്രമവും സ്വയം അനുഭവിച്ചിരുന്നില്ല.''

ഇങ്ങനെ അദ്ദേഹം മതപ്രചരണവേലയിൽ തൻെറ സർവ്വശക്തിയും വിനിയോഗിച്ചുകൊണ്ടിരുന്നപ്പോരം, തൻെറ സന്യാസികരം സ്വന്ത നിർദ്ദേശപ്രകാരം മലമുക ളിൽ ഒരു ആശ്രമം പണികഴിക്കുന്നതിൽ ഉദ്യുക്തരായിരു ന്നു. സമുദ്രനിരപ്പിൽനിന്നും 3000 അടി ഉയരത്തിൽ സ്ഥി തിചെയ്തിരുന്ന ആ സ്ഥലത്ത്, അവശ്യംവേണ്ട സാ മഗ്രികളുടെ അഭാവത്തിൽ ആ ഉദ്യമം കേവലം ശ്രമസാദ്ധ്യ മെന്നേ പറയേണ്ടതുള്ളു. പോരെങ്കിൽ, ദുഷ്ക്കരമായ ആ യത്നത്തെ ദ്വിഗുണീഭവിപ്പിക്കുമാറ് പിശാച് അവൻെറ കുതന്ത്രപ്രയോഗത്താൽ വളരെ അനർത്ഥങ്ങളും വരുത്തിവച്ചു.

ഉൽസാഹഭരിതരായ പ്രസ്തുത സന്യാസികളുടെ ദീർഘ നാളത്തെ അവിശ്രമപരിശ്രമഫലമായി പണിതുണ്ടാക്കി യ കെട്ടിടത്തിൻെറ ഒരു പാർശ്വത്തായി പൊടുന്നനവെ അഗ്നി ബാധിച്ചു. തൽശമനാർത്ഥം പരിഭ്രാന്തചിത്തരാ യ സന്യാസികരം കഴിയുന്നത്ര പരിശ്രമിച്ചിട്ടും യാതൊരു

ഫലവുമുണ്ടായില്ല. തൻമൂലമുണ്ടായ ബഹളം നിമിത്തം സ്ഥലത്തെത്തിയ ബെനദീക്ടോസ് അഗ്നിബാധയുടെ യാതൊരു ലക്ഷ്യവും അവിടെ കാണായ്കയാൽ അതു പിശാചിൻെറ കൌശലപ്രവർത്തിയാണെന്നു നിഷ്പ്രയാസം ഗ്രഹിക്കയും, തൻെറ പ്രാത്ഥനമൂലം ആ തന്ത്രപ്രയോഗത്തെ ശിഥിലീകരിക്കയുംചെയ്തു.

മററൊരു ദിവസം പിശാച് ബെനദീക്ടോസിൻെറ മുറിയിൽ പ്രത്യക്ഷനായി, വേല ചെയ്തുകൊണ്ടിരുന്ന അദ്ദേഹത്തിൻെറ സഹോദരന്മാരുടെ സഹായാത്ഥം വന്നിരിക്കയാണെന്ന് ഹാസ്യരൂപത്തിൽ പ്രസ്താവിച്ചു. ബെനദീക്ടോസ് ഉടനെ തന്നെ ഈ വസ്തുത അവരെ അറിയിക്കയും ആപത്തിലകപ്പെടാതിരിക്കുന്നതിനു മുൻകരുതലോടെ വർത്തിക്കുന്നതിനു നിഷ്കർഷിക്കയും ചെയ്തു. എന്നാൽ പിശചു തന്ത്രോപായത്താൽ ഒരു ഭിത്തി അടിയോടെ മറിച്ചിട്ടതിനാൽ സമീപത്തു പണിതുകൊണ്ടിരുന്ന ഒരു ബാലൻ അതിനിടയിൽപ്പെട്ട് ഭയങ്കരമായ പരിക്കുകളേററ് അസ്ഥികളെല്ലാം നുറുങ്ങിപ്പോകനിമിത്തം അടുത്ത നിമിഷം അവൻ മൃത്യുവിന്നിരയാകുമെന്ന മട്ടിലായി. ഭയവിഹ്വലരായ സന്യാസികൾ ബെനദീക്ടോസിൻെറ പക്കൽ ഓടിയെത്തി ഈ സംഭവം അദ്ദേഹത്തെ അറിയിച്ചു. മരണാസന്നനായ ആ ബാലനെ തൻെറ പക്കൽ കൊണ്ടുവരുന്നതിന് അദ്ദേഹം ഉടനടി കല്പനകൊടുത്തു. ക്ഷതമേററ് അനർഗ്ഗളം രക്തം ഒലിപ്പിക്കുന്ന ബാലനെ അവർ ഒരു മഞ്ചത്തിൽ വഹിച്ച് ശീഘ്രത്തിൽ അദ്ദേഹത്തിൻെറ മുമ്പിൽ സമർപ്പിച്ചു. ബെനദീക്ടോസ് അവരെയെല്ലാം ദൂരെയകററി, ഊർദ്ധൻ വലിക്കുന്ന ആ ബാലൻെറ അരികെ ഏകനായി നിന്നുകൊണ്ട് നന്മസാഗരമായ ഈശ്വരനെ നമിച്ചുതുടങ്ങി. അല്പനിമിഷത്തിനുള്ളിൽ, ഛിന്നഭിന്നമാക്കപ്പെട്ടിരുന്ന അസ്ഥികൾ യഥാസ്ഥാനം കൈക്കൊണ്ട് ശരീരത്തിലുണ്ടായിരുന്ന മുറിവുകളെല്ലാം ഒന്നൊഴിയാതെ അപ്രത്യക്ഷമായി. മൃത്യുവിൻെറ ഭുജബലത്തിനമർന്ന ആ ബാലൻ പൂവ്വാധികം ദൃഢഗാത്രനായി, ഉന്മേഷഭരിതനായി അവൻെറ വേലയ്ക്കു പോവുകയും ചെയ്തു.

അന്തകൻെറ തന്ത്രങ്ങരം ബഹുലങ്ങളായിരുന്നുവെങ്കി ലും, കാലവിളംബമെന്യേ സന്യാസമന്ദിരത്തിൻെറ പണി പൂർത്തിയായി. അതിൽ സന്യാസാനുഷ്ഠാനം യഥാവിധി അനുഷ്ഠിക്കപ്പെട്ടുപോന്നു. ഈ ഭവനത്തിൽ ഭോഗാസക്തിയുടെ യാതൊരു ലാഞ്ചനയുമില്ല; കമനീയമായി അലങ്കരിക്കപ്പെട്ട വിശാലമുറികളും ഇല്ല. മലയിൽനിന്നും വെട്ടിയെടുത്ത കല്ലും, വനാന്തരത്തിൽ നിന്ന് മുറിച്ചെടുത്ത വൻമരങ്ങളുംകൊണ്ട് ശില്പവൈദഗ്ധ്യമശേഷംപോലുമില്ലാത്ത കൈകളാൽ നിർമ്മിക്കപ്പെട്ട പ്രസ്തുത ഭവനം സുഖത്തെ എന്നതിനേക്കാരം അഭയസ്ഥാനത്തെയാണ് പ്രദാനം ചെയ്തത്. തൻമൂലം സുഖലോലുപൻമാക്ക് ആ തപോമന്ദിരം' ഒട്ടുംതന്നെ യോജിച്ചിരുന്നില്ല. സ്വർഗ്ഗത്തെ സദാ തങ്ങളുടെ ദൃഷ്ടിപഥത്തിൽ വച്ചുകൊണ്ട്, സ്വാതന്ത്ര്യേച്ഛകളേയും സുഖഭോഗതല്പരതയേയും ലൌകിക ചിന്തകളേയും സംയമനംചെയ്ത് സായൂജ്യസംപ്രാപ്തിക്കുപയുക്തങ്ങളായ ജപതപാനുഷ്ഠാനങ്ങരംക്കായി തങ്ങളെത്തന്നെ ഒഴിഞ്ഞുകൊടുത്ത ധീരമനസ്ക്കന്മാർക്ക് അതു നന്നെ പററിയതായിരുന്നു.

ഇതിനകം അത്ഭുതപുരുഷനായ ബെനദീക്തോസിൻെറ പവിത്രതയേയും, അത്ഭുതപ്രവർത്തനത്തേയും വിശിഷ്യാ തൻെറ പ്രേഷിതവൃത്തിയിൽനിന്നുളവായ ആശ്ചര്യഫലങ്ങളേയും പററിയുള്ള കീർത്തി നാടെങ്ങും പരന്നുകഴിഞ്ഞു. പുഷ്പത്തിനു ചുററും ചിത്രശലഭങ്ങരംകണക്കെ, ഈ പൂജ്യപാദനെ ഒരു നോക്കു കാണുന്നതിനും അത്ഭുതങ്ങളെ കണ്ടു തൃപ്തിയടയുന്നതിനും മൌണ്ടെക്കസീനോയിൽ വന്നുകൊണ്ടിരുന്ന പ്രേക്ഷകരുടെ സംഖ്യാനിർണ്ണയം കേവലം അചിന്ത്യമത്രെ. ആദ്യം അവർ വെറും കൌതുകാഗ്രഹത്താൽ ആകൃഷ്ടരായിട്ടാണ് അവിടേയ്ക്കു വന്നിട്ടുള്ളതെങ്കിലും പിന്നീട് അവർ അവിടെക്കണ്ട ജപതപ സംയുക്തവും സമാധാനപരവുമായ ആ മഹനീയജീവിതപഥത്തെ ആശ്ലേഷിച്ച് ദൈവപ്രസാദവരത്തിന് വിധേയരായി ബെനദീക്തോസിനു ശിഷ്യപ്പെടുകയാണുണ്ടായത്.

ആദ്ധ്യാത്മികവിഷയങ്ങളിൽ പ്രാവീണ്യം സിദ്ധിച്ച ആ യതിശ്രേഷ്ഠൻ തന്നെ ഈ നവയോഗികളുടെ ശിക്ഷ

ണം സാനന്ദം കൈയേററ് ദൈവത്തിൽനിന്നു തനിക്കു ലബ്ധമായ ആ ദിവ്യചൈതന്യത്തെ തന്നെ അവരിലും പ്രതിഫലിപ്പിക്കുന്നതിന് അക്ഷീണയത്നംചെയ്തു. തന്നിൽപ്രശോഭിച്ചിരുന്ന നിഷ്ക്കാപട്യം, അഭ്യന്തര ജീവിതപ്രസക്തി, ദൈവത്തിൽ പരിപൂർണ്ണശരണം ആദിയായ ഗുണപൌഷ്ക്കല്യങ്ങൾ അവരിൽ അങ്കുരിപ്പിക്കുന്നതിനും ദൈവമഹത്വീകരണം അവരുടെ ജീവിതാദർശമായി അവർ സ്വീകരിച്ച് തദനുസരണം അവരുടെ ജീവിതത്തെ രൂപവൽക്കരിക്കുന്നതിനും പര്യാപ്തങ്ങളായ ഉപദേശ ശകലങ്ങൾ സുലഭമായി അവക്കു പ്രദാനം ചെയ്തുകൊണ്ട് ആ പുണ്യശ്ലോകൻ തൻെറ ഐഹിക ജീവിതം ആനന്ദതരമാക്കിച്ചെയ്തു.

# ഏഴാം അദ്ധ്യായം

## സഭാനിയമസംഹിത

ബെനദീക്തോസ്, അത്ഭുതാവഹമായ തൻെറ സഭാനിയമസംഹിതയെ രൂപവൽക്കരിച്ചത് മൌണ്ടെക്കസീനോയിൽവച്ചാണ്. സുബ്യാക്കോവിൽവച്ച് എഴുതപ്പെട്ട പ്രമാണമല്ല, വെറും വാക്കാലുള്ള കല്പനയാണ് അവർ അനുസരിച്ചുപോന്നത്. എന്നാൽ എണ്ണത്തിൽ വർദ്ധിച്ചുവരുന്ന സ്ഥാപനങ്ങളെയും സഭാംഗങ്ങളെയും വിദൂരസ്ഥലങ്ങളെയും അപേക്ഷിച്ച്, ശാശ്വതവും, സുസ്ഥിരവും രേഖാമൂലവുമായ ഒരു അനുഷ്ഠാനപദ്ധതി അവശ്യം ആവശ്യമായിത്തീർന്നു. അതിനാൽ അനുഷ്ഠേയങ്ങളായ പ്രമാണങ്ങളെയെല്ലാം ക്രോഡീകരിച്ച് ഒരു പുസ്തകരൂപത്തിൽ അവയെ അദ്ദേഹം നിർമ്മിച്ചു. വിനയം, സ്വാത്മപരിത്യാഗം എന്നീ ഇരുശിലകളിന്മേൽ പടുത്ത പ്രസ്തുത നിയമാവലി, തന്നിൽ കുടികൊണ്ടിരുന്ന അഗാധമായ എളിമയുടെ ഒരു പ്രത്യക്ഷവിവരണമല്ലാതെ മററൊന്നുമായിരുന്നില്ല.

ബെനദീക്ടോസ്, തൻെറ വിനയാതിരേകത്താൽ, അതിനെ ''പ്രമാണങ്ങളിൽ ഏററം ചെറുത്'' എന്നും ''മാനസാന്തരത്തിൻെറ പ്രാരംഭം'' എന്നും നാമകരണം ചെയ്തു. അതിനാൽ ആദ്ധ്യാത്മികജീവിതത്തിൽ ഉൽക്കർഷം സിദ്ധിക്കുവാനായി പിതാക്കന്മാരുടെ ഗ്രന്ഥസമുച്ചയങ്ങളെ ശരണംഗമിക്കുന്നതിനു് അദ്ദേഹം തൻെറ ശിഷ്യസംഘത്തെ ഉപദേശിച്ചിരുന്നു. ഈ വിശുദ്ധ നിയമസംഹിതയിൽ കളിയാടുന്ന വിജ്ഞാനപരിപാകം ആജീവനാന്തം ദൈവത്തിൽനിന്നും തനിക്കു കിട്ടിയിട്ടുള്ള അനന്യസുലഭങ്ങളായ വരദാനവർഷത്തിൽനിന്നു് നിർഗമിച്ചിട്ടുള്ളതാണു്. അതിൻെറ സാധാരണത്വം അതിനെ ശാശ്വതീകരിച്ചു. വിവിധ കാലങ്ങൾക്കും സാഹചര്യങ്ങൾക്കും അതു് അനുയോജ്യമായിത്തീർന്നു. മനുഷ്യസ്വഭാവപ്രകൃതിയെ വണ്ണിക്കുന്നതിൽ അതിനുള്ള പ്രത്യേകത അതിനെ പ്രായോഗികമാക്കിത്തീർത്തു. അതു് രാജ്യഭരണത്തിനു് ഒരു ആദർശവും, രാജ്യതന്ത്രജ്ഞന്മാർക്കു് ഒരു ചിന്താവിഷയവും, വിശുദ്ധിയുടെ അടിസ്ഥാനവും, സ്വർഗീയപൌരാവകാശത്തെ സന്തതം അനുഭവിക്കുന്ന ലക്ഷോപലക്ഷം വിശുദ്ധന്മാർക്കു് ഒരു മാതൃകയുമായി പരിണമിച്ചു.

ബെനദീക്ടോസ് സർവ്വപുണ്യങ്ങളുടെ ഒരു വിളനിലവും, ദൈവത്താൽ മനുഷ്യകുലത്തിന് സംപ്രദത്തമായിട്ടുള്ള അമൂല്യവരൌഘങ്ങളുടെ ഒരു നികേതവുമെന്നു പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. ഇങ്ങനെ, ഒരു വ്യക്തിയെന്ന നിലയിൽ തനിക്കു ലഭിച്ചിട്ടുള്ള പ്രത്യേക ദാനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് അന്യരുടെ വിചാരഗതികളെ ക്കൂടെയും അറിയുകയെന്നതു്.

ഒരിക്കൽ ഇദ്ദേഹത്തിൻെറ ഭരണാധികാരത്തിൽപെട്ട രണ്ടു സന്യാസികൾ, അതിയായ വിശപ്പുകൊണ്ടോ, രുചികരപദാൎത്ഥങ്ങൾ ഭക്ഷിക്കണമെന്നുള്ള അഭിവാഞ്ഛകൊണ്ടോ, ആശ്രമത്തിനു പുറത്തുവച്ചു് അനുമതികൂടാതെ ഏതോ ചില പദാൎത്ഥങ്ങൾ തിന്നുകയും അങ്ങനെ നിയമലംഘനം ചെയ്യുകയും ചെയ്തു. അവർ തിരിച്ചുവന്നു് പതിവുപോലെ ബെനദീക്ടോസിൻെറ മുമ്പിൽ ഹാജരായപ്പോൾ വിശു

ദ്ധൻ അവരെ കണക്കിനു ശകാരിക്കയും അവർ ഭക്ഷിച്ച ആഹാരസാധനങ്ങൾ ഏതു തരത്തിലുള്ളതെന്നും, എത്രമാത്രമെന്നും, സവിസ്തരം പ്രസ്താവിക്കയും ചെയ്കയുണ്ടായി.

വേറൊരിക്കൽ ഒരു ധനികൻ തന്റെ ഭൃത്യൻവശം രണ്ടുകുപ്പിവീഞ്ഞ് ബെനദീക്തോസിനു കൊടുത്തയച്ചു. അതിൽ ഒന്ന് അവൻ വഴിയിൽ ഒളിച്ചുവയ്ക്കുകയും മററതിനെ വിശുദ്ധനു കൊടുക്കുകയും ചെയ്തു. അദ്ദേഹം അതിനെ നന്ദിപൂർവ്വം സ്വീകരിച്ചിട്ട്, ''പ്രിയ വത്സലാ! നീ വഴിക്കു മറച്ചുവച്ചിരിക്കുന്ന കുപ്പി എടുക്കുന്നതിന് നന്നേ സൂക്ഷിച്ചു കൊള്ളണം, അതിൽനിന്ന് നീ ഒട്ടുതന്നെ കുടിക്കാതെ, ആ കുപ്പി നിലത്തു മറിച്ചിട്ടുകളയണം,'' എന്ന് അവനോടു പറഞ്ഞു ഭയവിഹ്വലനായ ആ ഭൃത്യൻ ത്വരിതഗതിയിൽ തിരിച്ചു വന്നപ്പോൾ കുപ്പിക്കുള്ളിൽ ഒരു വിഷസർപ്പം ഇരിക്കുന്നതായിട്ടാണ് കാണപ്പെട്ടതു്.

വർത്തമാനകാലഗർഭസ്ഥിതങ്ങളായ നിരവധി രഹസ്യങ്ങൾ ബെനദീക്തോസിന്റെ ദിവ്യചക്ഷുസ്സുകൾക്ക് വിഷയീഭവച്ചിരുന്നതുപോലെ, ഭവിഷ്യൽകാര്യങ്ങളെ സവിശേഷം ഗ്രഹിക്കുന്നതിനുള്ള ഒരു കഴിവും ദൈവം അവിടുത്തേയ്ക്കു പ്രദാനം ചെയ്തിരുന്നു. തൽഫലമായി അദ്ദേഹം തന്റെ മരണദിവസത്തേയും തന്റെ ആശ്രമത്തിന്റെ നാശത്തേയുംപററി പ്രവചിച്ചു. തെയോപ്രോബസ് എന്ന ഇദ്ദേഹത്തന്റെ ആപ്തമിത്രം, ഒരിക്കൽ ഇദ്ദേഹം സന്താപനിമഗ്നനായി തന്റെ മുറിയിൽ ഇരിക്കുന്നതായിക്കണ്ടു് സാന്ത്വനോക്തികളാൽ തന്നെ ആശ്വസിപ്പിക്കുന്നതിനുള്ള പരിശ്രമത്തിൽ വിശുദ്ധൻ പറഞ്ഞതിപ്രകാരമാണ്: ''ഞാൻപണികഴിപ്പിച്ച ഈ ഭവനവും, എന്റെ വാത്സല്യഭാജനങ്ങൾക്കായി ഞാൻ സമ്പാദിച്ചവ സമസ്തവും സർവ്വശക്തന്റെ അഭേദ്യമായ വിധിവൈഭവത്താൽ അക്രമികളുടെ കൈകളിൽ ഏല്പിക്കപ്പെടും. എന്നാൽ എന്റെ സഹോദരന്മാരുടെ ജീവൻമാത്രം അവിടുത്തെ കരുണാകടാക്ഷത്താൽ സംരക്ഷിക്കപ്പെടും.'' ഈ പ്രവചനം വിനാവിളംബം അന്വർത്ഥമായി. നാല്പതു കൊല്ലങ്ങൾക്കുശേഷം

ലോംബാർഡ്യുകാർ വന്ന് ഇദ്ദേഹത്തിൻെറ ആശ്രമത്തെയും അയൽപ്രദേശങ്ങളേയും കൊള്ളയിട്ടു നശിപ്പിച്ചുകളഞ്ഞു.

യുദ്ധവീരനും അക്രമപ്രവൃത്തിയാൽ കുപ്രസിദ്ധനുമായിത്തീൎന്ന ടോററിലായുടെ കഥയും ഇത്തരുണത്തിൽ സ്മർത്തവ്യമത്രെ. ക്രി. അ. 542–ൽ ഗോത്തുജാതിക്കാരുടെ രാജാവായിരുന്ന ടോററിലാ ഒരു വലിയ സൈന്യവ്യൂഹത്തോടെ വന്ന് ഇററലിയുടെ സമതലങ്ങളെ ഭയങ്കരമായവിധം ശൂന്യപ്രായമാക്കുകയും, ഒടുവിൽ റോമ്മായെത്തന്നെയും കിടുകിടെ വിറപ്പിക്കുകയും ചെയ്തു. ഇയാറം ബെനദീക്‌തോസിൻെറ അത്ഭുതപ്രവർത്തനത്തേയും പ്രവചനശക്തിയേയും പററി കേട്ടിരുന്നതിനാൽ അദ്ദേഹത്തെകാണുന്നതിനും, അദ്ദേഹത്തിൻെറ ദിവ്യശക്തിയെ ആദ്യമായി ഒന്നു പരീക്ഷിക്കുന്നതിനും നിശ്ചയിച്ചു. തൻെറ അംഗരക്ഷകപ്രമുഖന്മാരിൽ ഒരാളായ റീഗോയെ രാജപ്രൗഢികറംക്കു തെല്ലും ലോപം വരാത്ത തരത്തിൽ, രാജചിഹ്നങ്ങറം അണിയിച്ച് അകമ്പടി സമേതം ബെനദീക്‌തോസുമായുള്ള അഭിമുഖസംഭാഷണത്തിന് യാത്രയാക്കി. രാജാവും പരിജനങ്ങളുംഅടുത്തുവരുന്നതു കണ്ടപ്പോറം ബെനദീക്‌തോസ് ''വൽസലാ! നീ ധരിച്ചിരിക്കുന്ന രാജവസ്ത്രങ്ങറം നിൻേറതല്ലാത്തതിനാൽ അവയെ നീക്കിക്കളയുക'' എന്ന് കല്പിച്ചു. കപടവേഷധാരിയായ തൻെറ യാഥാൎത്ഥ്യം ആ സൂക്ഷ്മചക്ഷുസ്സുകറം നിഷ്പ്രയാസം നിരീക്ഷണം ചെയ്തതിൽ പരിഭ്രമചിത്തനായി, ആ ഭടൻ പൊടുന്നനവെ നിലംപതിച്ചു. വിസ്മയാവഹമായ ഈ സംഭവംകണ്ട് അയാളുടെ അനുചരന്മാർ ധൃതിയിൽ മടങ്ങിച്ചെന്ന് പ്രസ്താവിതസംഭവം ടോററിലായെ ഉണർത്തിച്ചു. അത്ഭുത പരതന്ത്രനായ രാജാവ് ബെനദീക്‌തോസിൻെറ മുമ്പിൽ ആഗതനായി, സാഷ്ടാംഗ പ്രണാമം ചെയ്ത് അദ്ദേഹത്തിൻെറ ആജ്ഞ ലഭിക്കുന്നതുവരെ അവിടെത്തന്നെ കിടപ്പായി. ബനദീക്‌തോസാകട്ടെ ആ കാട്ടാളരാജനെ അയാളുടെ നിന്ദ്യവും ഭയങ്കരവുമായ പ്രവൃത്തികറംക്കനുയോജ്യമായ ശകാരവർഷത്താൽ കണക്കിന് ശിക്ഷിക്കതന്നെ ചെയ്തു. ''നീ നിരവധി തിന്മകറം പ്രവൎത്തിക്കുന്നുണ്ട്. വള

രെ അക്രമപ്രവൃത്തികൾ അനുഷ്ഠിച്ചുപോയിട്ടുമുണ്ട്, ഇനിയെങ്കിലും നീ നിന്റെ അധർമ്മനടപടികൾക്കെല്ലാം ഒരു അവസാനം വരുത്തുക. നീ റോമിൽ പ്രവേശിക്കും; അതിനെ നീ കീഴടക്കും. നീ സമുദ്രത്തെ തരണം ചെയ്യും. ഒൻപതു കൊല്ലം നീ രാജ്യഭരണംചെയ്യും. പത്താമത്തേതിൽ നീ മൃതിയടകയും ചെയ്യും'' എന്ന്അദ്ദേഹം ഗംഭീരസ്വരത്തിൽ പറഞ്ഞവസാനിപ്പിച്ചു. പ്രസ്തുത നിർഭയ വാക്കുകളുടെ ശ്രവണമാത്രയിൽ രാജാവ് ഭയാക്രാന്തനായിത്തീർന്നതിനാൽ അനന്തരജീവിതത്തിൽ അയാളുടെ ക്രൌര്യം തെല്ലൊന്നമന്നു. ബെനദീക്ത്തോസിന്റെ പ്രവചനംഅക്ഷരാർത്ഥം നിർവഹിക്കപ്പെട്ടു. ക്രി. അ. 549—ൽ ടോററിലാ റോമ്മായെ കീഴടക്കി, ഒരു കൊല്ലത്തോളം ഏകഛത്രാധിപനായിഭരണം നടത്തി. പിന്നീടു ഇററലിയിൽ തിരിച്ചുചെന്ന് 552—ൽ നിര്യാതനാകയും ചെയ്തു.

## എട്ടാം അദ്ധ്യായം

### സഭയുടെ ശാഖാഭവനങ്ങൾ

മൌണ്ടെക്കസീനോ ഉൽഘാടനം ചെയ്തു മൂന്നു സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ, ബൊനിഫാസ്ദ്വിതീയൻ എന്ന മാർപ്പാപ്പാ, ബെനദിക്തൻ സഭയുടെ പ്രചുര പ്രചാരം സംബന്ധിച്ച നടപടികൾ നടത്തുന്നതിനായി വീണ്ടും ബെനദീക്ത്തോസിനെ റോമിലേയ്ക്കു വിളിച്ചു ആരുടെ വിശുദ്ധിയേയും അത്ഭുതപ്രവർത്തനത്തേയും കീർത്തിധാവള്യത്തേയും പററി സർവത്ര ഏവരുടെയും സംസാരവിഷയമായിരുന്നുവോ, ആരുടെ പ്രേഷിതപ്രവൃത്തിയാൽ അംബ്രൂസിയൻപൌരാവലി തിരുസഭയിലേയ്ക്കു ആനയിക്കപ്പെട്ടുവോ, ആ പുണ്യപുരുഷനെ അതേ, ബെനദീക്ത്തോസിനെ കാണുന്നതിനു് ഉൽക്കണ്ഠാഭരിതരായമെത്രാൻമാരുടെയും ഇതരവൈദികാദ്ധ്യക്ഷന്മാരുടെയും ഒരു മഹായോഗം അന്ന് അ

വിടെ സമ്മേളിച്ചിരുന്നു. ഇങ്ങനെ ഏവരുടെയും ഒരു ബഹുമാനപുരുഷനായിത്തീന്ന ബെനദീക്ʼതോസ്ʼ തൻെറ സമയം മുഴുവൻ ആശ്രമസ്ഥാപനാത്ഥം റോമ്മായിൽ വിനിയോഗിച്ചു. മൂന്നുʼ ആശ്രമങ്ങരം വത്തിക്കാൻകുന്നിൻെറ സമീപത്തുതന്നെ ഇദ്ദേഹം പണികഴിപ്പിച്ചു. ഇതിൽ ഒന്നുʼ വി. എസ്തപ്പാനോസിൻെറ നാമത്തിലും, മറെറാന്നുʼ യോഹന്നാൻ, പൌലോസ്ʼ എന്നീ വിശുദ്ധാത്മാക്കളുടെയും മൂന്നാമത്തേതുʼ വിശുദ്ധ മർക്കോസിൻെറയും നാമത്തിൽ പ്രതിഷ്ഠിച്ചു. വിദൂര സ്ഥലങ്ങളിൽ നിന്നും വന്ന ആശ്രമ അദ്ധ്യക്ഷൻമാർ അവരുടെ സഭാനിയമങ്ങളെ പരിത്യജിച്ചുʼ തൽസ്ഥാനത്തുʼ ബെനദീക്ʼതോസിൻെറ സഭാനിയമങ്ങളെ സസ്സന്തോഷം സ്വീകരിച്ചു. സ്പെയിനിൽ, വലേൻസിയായുടെ മെത്രനായിരുന്ന ടുറീബിയസ്ʼ, ബെനദീക്ʼതോസിനെ സന്ദർശിക്കുന്നതിനായി റോമിൽ വരുകയും, അദ്ദേഹത്തിൻെറ സുകൃതമാഹാത്ʼമ്യത്തെ മനസ്സിലാക്കി ഒരു ബെനദീക്ʼതൻസഭാംഗമാകയും, ബെനദീക്ʼതോസിൻെറ പാവനഹസ്തങ്ങളിൽനിന്നുതന്നെ സഭാവസ്ʼത്രം സ്വീകരിക്കുകയും ചെയ്തു. ഈ മെത്രാൻ തൻെറ രൂപതയിൽ തിരിച്ചുവന്നുʼ അവിടെ ഒരു സന്യസാശ്രമം പണികഴിപ്പിച്ചു. ഇങ്ങനെ സ്പെയിനിൽ ഇദംപ്രഥമമായി ബെനദീക്ʼതൻ സഭ സ്ഥാപിതമായി.

ബെനദീക്ʼതോസ്ʼ അധികകാലതാമസം കൂടാതെ റോമ്മായിൽനിന്നും മൌണ്ടെക്കസീനോയിലേയ്ക്കു തിരിച്ചുപോന്നു. തദവസരത്തിൽ പ്ലാസിഡിൻെറ പിതാവുʼ തെർത്തുള്ളൂസും, പ്രഭുകുലവംശജരായ മററു പലരും അദ്ദേഹത്തെ അനുഗമിക്കുകയുണ്ടായി. സന്യാസജീവിതത്തിൻെറ വൈശിഷ്ട്യത്തെ ഗ്രഹിച്ചുʼ, സന്തുഷ്ടചിത്തനായിത്തീർന്ന തെർത്തുള്ളൂസ്ʼ, ബെനദീക്ʼതോസിനോടു തനിക്കുള്ള അപാരമായ സ്നേഹത്തിൻെറ ലക്ഷ്യമായി, സ്വാധികാരസീമയിൽ അഡ്ʼറിയാററിക്ക സമുദ്രത്തിലുള്ള ഒരു ദ്വീപും സിസ്ʼസിലിയിൽ വളരെയേക്കർ സ്ഥലവും അദ്ദേഹത്തിനു പ്രദാനം ചെയ്തു. ഇപ്രകാരം, സിസിലിയിൽ ഒരു ആശ്രമം സ്ഥാപിക്കുന്നതിനായി പ്ലാസിഡിനെ അദ്ദേഹം നിശ്ച

യിച്ചു. തദ്ദേശാൎത്ഥം, ലേമാൻസിലെ മെത്രാൻെറ അപേക്ഷാനുസരണം മാവുരുസിനെ ഫ്റാൻസിലേയ്ക്കും അയച്ചു. ജസ്ററീനിയൻ ചക്രവൎത്തി ഈ സന്യാസസഭയെ പലസ്തീനാ, ലവാൻറാ മുതലായ സ്ഥലങ്ങളിൽ സ്ഥാപിച്ചുവെന്നും, അബിസീനിയാ, അൎമേനിയാ, പേൎഷ്യാ മുതലായ രാജ്യങ്ങളിൽ ബെനദീക്തൻനിയമസംഹിത അംഗീകൃതമായിരുന്നുവെന്നും പാരമ്പര്യം ഉദ്ഘോഷിക്കുന്നു.

ഇതിനകം ബെനദീക്തൻസഭ ഏവരുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചു. നാനാദേശങ്ങളിലും അതു വ്യാപിച്ചു തഴച്ചുവളരുവാൻ തുടങ്ങി. എന്നാൽ പുതിയ ആശ്രമങ്ങളുടെ സ്ഥാപനവിഷയത്തിൽ ബെനദീക്തോസിനുണ്ടായിരുന്ന അനിയന്ത്രിതമായ ആകാംക്ഷ, സഭയുടെ മാതൃസ്ഥാനം വഹിച്ചിരുന്ന സ്വന്തം മൌണ്ടെക്കസീനോയുടെ പേരിൽ തനിക്കുണ്ടായിരുന്ന സീമാതീതമായ പൈതൃകവാത്സല്യങ്ങൾക്കു തെല്ലും ലോപം വരുത്തിയിരുന്നില്ല. തൻെറ സ്വന്തം സഹോദരങ്ങൾ നിസ്സീമമായ തങ്ങളുടെ ഭക്ത്യാദരങ്ങളെ തന്നിൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ, തത്തുല്യമായ സ്നേഹബഹുമാനാദികളാൽ തൻെറ അയൽവാസികളും തന്നെ അഭിഷേകം ചെയ്തിരുന്നു. വിശ്വാസവെളിച്ചസംപ്രാപ്തിക്കു മാത്രമല്ല, തങ്ങളുടെ നിരന്തരസഹായസംരക്ഷണത്തിനും അവർ അദ്ദേഹത്തിനു കടപ്പെട്ടിരുന്നു. സമീപസ്ഥരായ ക്രൂരജാതിക്കാരുടെ നിരന്തരാക്രമണങ്ങൾക്ക് അവർ ഇരയായിത്തീൎന്നതിനാൽ, അവരുടെ കൃഷി നിശ്ശേഷം നശിച്ചുപോകയും തന്നിമിത്തം ഭയങ്കരമായ ക്ഷാമം രാജ്യത്തെ അസ്വാസ്ഥ്യാവസ്ഥയിൽ നിപതിപ്പിക്കയും ചെയ്ക അക്കാലത്ത് ഒട്ടും ദുൎല്ലഭമല്ലായിരുന്നു. ഇക്കാലങ്ങളിൽ ആശ്രമം അവരുടെ അഭയസ്ഥലവും ബെനദീക്തോസ് അവരുടെ പിതാവും സ്നേഹിതനുമായിരുന്നു. മാത്രമല്ല, നിസ്സഹായന്മാരായ കൃഷീവലന്മാരെ സമാശ്വസിപ്പിക്കുന്നതിനായി, ഗ്രാമങ്ങൾതോറും തൻെറ സന്യാസികളെ അദ്ദേഹം പറഞ്ഞയച്ചിരുന്നു. ദരിദ്രരെ അദ്ദേഹം സംരക്ഷിച്ചു രോഗാതുരന്മാരെ സകരുണം പരിചരിച്ചു. ഭാവിയെപ്പററി ലവലേശം പരിഗണിക്കാതെ ആശ്രമത്തിലുണ്ടായിരുന്ന ആഹാ

രസാധനങ്ങളെല്ലാം അവരുടെ ഇടയിൽ അവിടുന്നു വിതരണം ചെയ്തു ഒരു സന്ദർഭത്തിൽ ആശ്രമസ്ഥരുടെ ഉച്ചഭക്ഷണത്തിന് അഞ്ചപ്പം മാത്രമേ ശേഷിച്ചിട്ടുണ്ടായിരുന്നുള്ളു. ദീനാനുകമ്പയും ഔദാര്യശീലവും നന്നെ കുറവായിരുന്ന ഏതാനും ചിലർക്കു ഈ സംഭവം സാക്ഷാൽ മമ്മഭേദകമായിരുന്നു. ഇതിനെ അവരുടെ അശ്രുക്കാം പ്രസ്പഷ്ടമാക്കുകയും ചെയ്തു. ''അപ്പം കുറഞ്ഞുപോയതിൽ നിങ്ങാം എന്തുകൊണ്ടു അസ്വസ്ഥചിത്തരായിരിക്കുന്നു. ഇന്നു നിങ്ങാംക്കു ദാരിദ്ര്യമാണെങ്കിൽ നാളെ നിങ്ങാംക്കു സമൃദ്ധിയായിരിക്കും'' എന്നു പറഞ്ഞു വിശുദ്ധൻ അവരെ സമാധാനപ്പെടുത്തി. എന്നാൽ അതു വെറും ഒരു സാന്ത്വനവചനം മാത്രമായിരുന്നില്ല. സാക്ഷാൽ അതു അന്വത്ഥമാകുകതന്നെ ചെയ്തു. എങ്ങിനെയെന്നാൽ, അടുത്ത പ്രഭാതത്തിൽ 200 ചാക്കു നിറയെ ധാന്യം ആശ്രമത്തിൻെറ പ്രവേശനദ്വാരത്തിൽ ഇരിക്കുന്നതായി അവിടുന്നു അവക്കു കാണിച്ചുകൊടുത്തു.

കുഷ്ഠരോഗികളെ തൻെറ ഏകവീക്ഷണത്താൽ സുഖമാക്കുക, ചതിപ്രയോഗത്താൽ വിഷബാധിതരായവരെ സ്വന്ത കരസ്പർശനത്താൽ ആരോഗ്യവാന്മാരാക്കുക, മരിച്ചവരെ പുനർജ്ജീവിപ്പിക്കുക ആദിയായി വളരെ അമാനുഷിക പ്രവർത്തികാം ഇദ്ദേഹം നിവ്വഹിച്ചിട്ടുണ്ട്. ഒരു കൃഷിക്കാരൻ തൻെറ ഏക പുത്രസന്താനത്തിൻെറ മരണത്താൽ ആത്തനായി മൃതശരീരവുമെടുത്തുകൊണ്ട് ബെനദീക്തോസിൻെറ ഭവനത്തിലേയ്ക്കു ശീഘ്രഗമനം ചെയ്തു അയാാം അവിടെ എത്തിയപ്പോാം ബെനദീക്തോസ് തൻെറ സന്യാസികളുമായി വയലിൽ പോയിരിക്കുന്നതറിഞ്ഞ്, മൃതശരീരം അവിടെ വച്ചിട്ട്, അദ്ദേഹത്തെ കാണുന്നതിനായി അവൻ വയലിലേയ്ക്കു തിരിച്ചു. മാർഗ്ഗമദ്ധ്യേ അവൻ ബെനദീക്തോസിനെ കണ്ടമാത്രയിൽ ''എൻെറ പുത്രനെ തിരികെ തരണമെ, എൻെറ പുത്രനെ തിരികെ തരണമെ'' എന്ന് ഗൽഗദസ്വരത്തിൽ വിളിച്ചുപറഞ്ഞു. ''നിൻെറ പുത്രനെ ഞാൻ എടുത്തിട്ടുണ്ടോ?'' എന്നായി ബെനദീക്തോസ്. ''അവൻ മരിച്ചുപോയിരിക്കുന്നു. അങ്ങുവന്ന് അവനെ ജീവിപ്പിക്കണമെ'' എന്ന് അവൻ വാസ്തവസംഭവം വെളിപ്പെടുത്തി.

''മരിച്ചവരെഉയിർപ്പിക്കയെന്നുള്ളതു അപ്പോസ്തലന്മാരുടെ ജോലിയല്ലയോ പിന്നെ എന്തുകൊണ്ടാണ് ആ ദുർഭരഭാരം എൻെറമേൽ നിങ്ങൾ ചുമത്തുന്നത്?''എന്ന് നിഷേധഭാവത്തിൽ ബെനദീക്ടോസ് സംസാരിക്കാൻ തുടങ്ങി. ആ സാധു തൻെറ സങ്കടനിവേദനങ്ങൾ തുടർന്നുകൊണ്ട്, സ്വശിശുവിനെ ജീവനോടെ കിട്ടിയല്ലാതെ അവിടെനിന്നു പോകുന്നതല്ലെന്നു ഖണ്ഡിച്ചുപറഞ്ഞു. ഹൃദയസ്പർശകമായ അയാളുടെകരച്ചിൽകേട്ട് ആർദ്രതാപൂർണ്ണനായ ബെനദീക്ടോസ് അയാളെ ആശ്വസിപ്പിക്കുവാൻ ശ്രമിക്കുകയായി. മൃതശരീരം വയ്ക്കപ്പെട്ടിരുന്ന സ്ഥലത്തു തൻെറ സന്യാസികളോടുകൂടി ആഗതനായി. ശവമഞ്ചത്തിന്നരികെ മുട്ടുകുത്തി ഇരുകൈകളും ഉയിർത്തിപ്പിടിച്ചു, ''സ്വർഗ്ഗസ്ഥനായ പിതാവേ! അങ്ങേ ഈ എളിയ ദാസൻെറ പാപങ്ങളെ പരിഗണിക്കാതെ, തൻെറ ഏക ശിശുവിൻെറ ജീവനെ യാചിക്കുന്ന ഈ ആളിൻെറ വിശ്വാസത്തെ കടാക്ഷിച്ച്, മൃതനായ ഈ കുട്ടിയുടെ ജീവനെ തിരികെ തരണമെ'' എന്ന് വിനയാദരപുരസരം പ്രാത്ഥിച്ചു. തൽക്ഷണം ശവമഞ്ചത്തിൽനിന്നും മൃതനായ കുട്ടി എഴുന്നേററിരുന്നു. സന്തുഷ്ടചിത്തനായിത്തീർന്ന ആ പിതാവ് തൻെറ ഉപകാരിയുടെപേരിൽ തനിക്കുള്ള അപാരമായ കൃതജ്ഞതയെ പ്രദർശിപ്പിച്ച്, ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് സ്വഭവനത്തിലേയ്ക്കു പിന്തിരിഞ്ഞു.

## ഒൻപതാം അദ്ധ്യായം

### വിശുദ്ധൻെറ വിശുദ്ധ സഹോദരി

ബെനദീക്ടോസിൻെറ ജീവിതകഥയെ പൂർണ്ണമായി ചിത്രീകരിക്കുന്നതിന് അദ്ദേഹത്തോടു ശൈശവം മുതൽ സ്നേഹശൃംഖലയാൽ അഭേദ്യമായി ബന്ധിക്കപ്പെട്ടിരുന്ന സ്വസഹോദരിയുടെ ജീവചരിത്രംകൂടി രേഖപ്പെടുത്താതെ ഗത്യന്തരമില്ല. ബെനദീക്ടോസിൻെറ നേതൃത്വത്തിൽ ഇദം

പ്രഥമമായി ഒരു മഠം സ്ഥാപിതമാകുന്നതുവരെ, വി. സ്കൊളാസ്റ്റിക്കാ ഏതാനും കന്യകാരത്നങ്ങളൊരുമിച്ച് സുകൃതജീവിതം നയിച്ചുപോന്നിരുന്നുവെന്നാണ് പരമ്പരാഗതമായി വിശ്വസിക്കപ്പെട്ടുപോരുന്നത്. അവരം ആജീവനാന്തം തന്റെ ദിവ്യമണവാളനായ മിശിഹായ്ക്കുവേണ്ടിയും അവിടത്തേയ്ക്കു മാത്രമായും ജീവിതം നയിച്ചുപോന്നു. തന്നിമിത്തം അവരംക്ക് തന്റെ ഹൃദയനിഷ്ക്കന്മഷതയെ കളങ്കരഹിതമായി സംരക്ഷിക്കുന്നതിനു സാധിച്ചു.

ഈ സഹോദരീസഹോദരന്മാർ തമ്മിലുണ്ടായിരുന്ന സ്നേഹം അന്യാദൃശമാണ്. സുകൃതപഥത്തിലൂടെ ത്വരിതഗമനം ചെയ്യുന്നതിനും, പരിശുദ്ധമായ പരസ്പര സ്നേഹത്തെ ബലിഷ്ഠതരമാക്കുന്നതിനും കുറെക്കൂടി എളുപ്പമെന്നു കാണുകയാൽ, സ്കൊളാസ്റ്റിക്കായും അവളുടെ സഖികളും ബെനദിക്തോസിന്റെ അടുത്തുള്ള ഒരു സ്ഥലത്തു താമസമുറപ്പിച്ചു. ബെനദീക്തോസ് സസന്തോഷം അവരുടെ നേതൃത്വം സ്വീകരിച്ചു, സന്യാസാനുഷ്ഠാനം യഥാവിധി അനുസരിച്ചുപോരുവാൻ തക്ക വ്യവസ്ഥകളോടുകൂടിയ ഒരു ചെറുകന്യകാമന്ദിരമായി അവരുടെ ഭവനത്തെ രൂപവൽക്കരിച്ചു. ഇപ്രകാരം ബെനദീക്തൻ സന്യാസിനികളും ആവിർഭവിച്ചു. ബെനദീക്തോസ്, ബനദീക്തൻ സന്യാസസഭയുടെ അദ്ധ്യക്ഷനായിരുന്നതുപോലെ, ബനദീക്തൻ കന്യകാമന്ദിരങ്ങളുടെയെല്ലാം അദ്ധ്യക്ഷപദം സ്കൊളാസ്റ്റിക്കായും വഹിച്ചു. ചാരിത്രശുദ്ധിയെ അന്യൂനം പരിപാലിച്ചു ദൈവസേവനം ചെയ്യുന്നതിനായി ലക്ഷോപലക്ഷം തരുണീരത്നങ്ങരം ഈ കന്യകാലയങ്ങളെ അഭയം പ്രാപിച്ചു. ബെനദീക്തോസ് ഇവരുടെ കന്യകാജീവിതപദ്ധതിയെ ശാശ്വതമായി വ്യവസ്ഥാപിതനിയമങ്ങളാൽ ഉറപ്പിച്ചതിന്റെ ശേഷം, നിരന്തരമായി അവരെ സന്ദർശിച്ചിരുന്ന തന്റെ പതിവിനെ നിർത്തലാക്കി. പിന്നീട് ആണ്ടിൽ ഒരിക്കൽ മാത്രമെ സ്കൊളാസ്റ്റിക്കായുമായുള്ള അഭിമുഖസംഭാഷണത്തിന് അദ്ദേഹം അനുവദിച്ചുള്ളു. ഈ സംഭാഷണത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന

സ്ഥലം കന്യകാലയത്തിനും സന്യാസമന്ദിരത്തിനും മദ്ധ്യത്തിലായി സ്ഥിതിചെയ്തിരുന്ന ഒരു ചെറുഭവനമായിരുന്നു. ഇവിടെ അവർ ആദ്ധ്യാത്മിക സംഭാഷണത്തിനായി ദിവസം മുഴവനും വിനിയോഗിച്ചിരുന്നു.

പറുദീസായിലെ അനന്ത സൗഭാഗ്യങ്ങളെ പുരസ്ക്കരിച്ചുള്ള അവരുടെ സംഭാഷണം അവരുടെ ദേഹീദേഹങ്ങളെ ഒരുപോലെ ആനന്ദനിമഗ്നമാക്കിയിരുന്നു. നിത്യതയുടെ അനന്തതീരത്തു നിലകൊള്ളുന്നതുപോലെ അവർക്കു അനുഭവപ്പെട്ടു. അതെ, വാസ്തവം ഏതാണ്ടിപ്രകാരംതന്നെയായിരുന്നു. സ്വർഗ്ഗീയാനന്ദം അനുഭവിച്ചാലെന്നപോലുള്ള സന്തോഷം ബെനദീക്തോസിന്റെ സൂക്തിതല്ലജങ്ങളിൽനിന്നു് സ്ക്കൊളാസ്റ്റിക്കായിക്കു് അനുഭവവേദ്യമായിരുന്നു. തദവസരം അദ്ദേഹവുമായുള്ള സംഭാഷണം കഴിയുന്നത്ര ദീർഘിപ്പിക്കുന്നതിനു് അവൾ അതിയായി ആഗ്രഹിച്ചു. എന്നാൽ അത്ഭുതമെ! സൂര്യൻ അസ്തമിച്ചതുണ്ടോ ഈ ''സ്വർഗ്ഗവാസികൾ'' അറിയുന്നു! ''പ്രിയസഹോദരാ, ഈ രാത്രികൂടെഎന്നോടു് ഒന്നിച്ചു് ചെലവഴിക്ക പുലർച്ചയാകുന്നതുവരെ സ്വർഗ്ഗീയാനന്ദത്തെപ്പററി നമുക്കു സംസാരിക്കാം'' എന്നു് അവൾ അവളുടെ അഭിവാഞ്ഛയെ പ്രദ്യോതിപ്പിക്കുമാറു് ബെനദീക്തോസിനോടപേക്ഷിച്ചു. ''എന്താണു നീ എന്നോടു ചോദിക്കുന്നതെന്നു് നിനക്കറിഞ്ഞുകൂടെയോ? രാത്രിസമയം എന്റെ വസതി വിട്ടു് വെളിയിൽ അന്യത്ര താമസിക്കുവാൻ എനിക്കു പാടില്ലെന്ന വസ്തുത നീ വിസ്മരിച്ചുവോ?'' എന്നിങ്ങനെ ചോദിച്ചുകൊണ്ടു അദ്ദേഹം അവളുടെ അഭ്യർത്ഥനയെ നിരാകരിച്ചു.

സ്വസഹോദരനാൽ നിഷേധിക്കപ്പെട്ട തന്റെ ഹൃദയാഭിലാഷം അവൾ ദൈവത്തിൽനിന്നു പ്രാപിച്ചു. അവൾ തന്റെ രണ്ടു കൈകൾകൊണ്ടും മുഖം പൊത്തി മേശമേൽ തലചായിച്ചുകൊണ്ടു്, ഉദ്ദിഷ്ടകാര്യം അവൾ അവളുടെ ദിവ്യമണവാളനോടു് അശ്രുധാരയോടുകൂടി തീക്ഷ്ണതാപൂർവ്വം അപേക്ഷിച്ചു.

അല്പസമയം കഴിഞ്ഞ് അവൾ നിവർന്നപ്പോൾ പ്രകൃതിയുടെ ഭാവം സാക്ഷാൽ ഭയാനകമായിരുന്നു. അതുവ

രെയും പ്രശാന്തമായും പ്രസന്നമായും സ്ഥിതിചെയ്തിരുന്ന ആകാശം കാർമേഘപടലങ്ങളാൽ ആവരണം ചെയ്യപ്പെട്ടു. ഭയാനകങ്ങളായ ഇടിമുഴക്കങ്ങളും മിന്നൽപ്പിണരുകളും അതിനേത്തുടർന്നു് അതതിൻെറ ജോലി മുറയ്ക്കാരംഭിച്ചു. അടുത്ത നിമിഷത്തിൽ ലോകം മുഴവനും ജലപ്രളയത്തിൽ ആണ്ടുപോകുമാറു് ഘോരമാരിയും വർഷിച്ചുതുടങ്ങി. സമയവും നന്നേ അതിക്രമിച്ചിരുന്നു. ഇത്തരുണത്തിൽ സ്വവസതിവിട്ടു് ഒരുവനും വെളിയിൽ സഞ്ചരിക്ക അത്ര സുസാധ്യമല്ല. സ്വഭവനത്തിൽ തക്ക സമയത്തു ചെന്നെത്തിയില്ലെങ്കിൽ അതൊരു നിയമലംഘനമെന്നും, ഇപ്പോഠം തനിക്കും തൻെറ അനുചരന്മാക്കും അതത്ര എളുപ്പമല്ലെന്നുമുള്ള ചിന്ത ബെനദീക്ടോസിനെ കലശലായി ബാധിച്ചു തുടങ്ങി. ഈ അവസരത്തിൽ അയാഠം തൻെറ സഹോദരിയുടെ നേരെ തിരിഞ്ഞു് വിരസഭാവത്തിൽ കഥിച്ചു, ''സഹോദരി! ദൈവം നിന്നോടു ക്ഷമിക്കട്ടെ. നീ എന്താണു് പ്രവത്തിച്ചതു്?'' അതിനു് ഈ സാധ്വീമണി ശാന്തമായി മധുരസ്വരത്തിൽ ഇങ്ങനെ പറഞ്ഞു: ''ഞാൻ നിന്നോടു അഭ്യത്ഥിച്ചു, നീ എന്നെ ശ്രവിച്ചില്ല; ഞാൻ എൻെറ നാഥനോടു് പ്രാത്ഥിച്ചു, അവിടുന്നു പ്രാത്ഥിതകാര്യം എനിക്കു ദാനം ചെയ്തു. അതുകൊണ്ടു് നിനക്കിപ്പോഠം കഴിയുമെങ്കിൽ പൊയ്ക്കൊഠംക! എന്നെ തനിയെ ഇവിടെ ഇട്ടംവച്ചു് നീ നിൻെറ ആശ്രമത്തിലേക്കു പിന്തിരിഞ്ഞാലും.'' ഗത്യന്തരമില്ലാതെ, വിസമ്മതത്തോടെയെങ്കിലും ബെനദീക്ടോസ് ആ രാത്രി അവളോടു കൂടി താമസിച്ചു് അവളുടെ അഭീഷ്ടസിദ്ധി വരുത്തി.

ഗ്രാനഡായിലെ ലൂയീസ്, ദൈവസ്നേഹത്തെ പുരസ്കരിച്ചു രചിച്ചിട്ടുള്ള കൃതിയിൽ വി. സ്കൊളാസ്ററിക്കായുടെ പ്രാത്ഥന മൂലം ഉണ്ടായ കൊടുങ്കാററിനെപ്പററി ചിന്തിച്ചപ്പോഠം അത്ഭുതപരതന്ത്രനായി പ്രസ്താവിച്ചിട്ടുള്ളതു് ഇത്തരുണത്തിൽ സ്മർത്തവ്യമത്രെ. ''കണ്ടാലും! ഈ പരിശുദ്ധാത്മാവിൻെറ സ്നേഹാതിരേകത്തിൻെറ ഒരു പ്രത്യക്ഷപ്രകടനം വീക്ഷിച്ചാലും! അവളുടെ ദിവ്യവരൻ അവളുടെ പ്രാത്ഥനയെ നിരാകരിക്കുമെന്നു് ഒരിക്കലും അവഠം സംശ

യിച്ചില്ല. എന്തുകൊണ്ടെന്നാൽ തന്നെ ഭയപ്പെടുന്നവരുടെ അഭിലാഷാനുസരണം ദൈവം വർത്തിക്കുന്നുവെന്ന് അവരാം നന്നായി അറിഞ്ഞിരുന്നു''; ''അതെ, അവരാം അധികം സ്നേഹിച്ചു'' എന്ന് ഒരേക വാക്യശകലത്തിൽ വി. ഗ്രിഗോരിയും ഇവളുടെ മാഹാത്മ്യത്തെ വർണ്ണിച്ചിരിക്കുന്നു.

പിറേറന്നു രാവിലെ– 543 ഫെബ്രുവരിമാസം 8–ാം തീയതി– ബെനദീക്തോസ് സ്കൊളാസ്ററിക്കായോടു യാത്ര പറഞ്ഞു പിരിഞ്ഞു. ഇത് അവരുടെ അവസാന വേർപാടായിരുന്നു. മൂന്നു ദിവസങ്ങരാക്കശേഷം അവരാം തൻെറ വിശുദ്ധമായ ആത്മാവിനെ ദിവ്യമണവാളനു സമർപ്പിക്കയും ചെയ്തു. അവളുടെ മരണസമയം ബെനദീക്തോസ് സ്വവസതിയിൽ ആയിരുന്നു. അപ്പോരാ ഈ സിദ്ധയുടെ ആത്മാവ് സുന്ദരമായ ഒരു പ്രാവിൻെറ ആകൃതി പൂണ്ട്, ലക്ഷോപലക്ഷം വാനാരൂപികളാൽ പരിസേവിതയായി സ്വർഗ്ഗത്തേയ്ക്കു പറന്നുപോകുന്നത് കാണാറായി. ബെനദീക്തോസ് ആനന്ദതുന്ദിലനായി, തൻെറ സന്യാസികളെ വിളിച്ചുകൂട്ടി, ദൈവം സ്കൊളാസ്ററിക്കായോടു പ്രദർശിപ്പിച്ച കാരുണ്യാതിരേകത്തിന് ഹൃദയംഗമമായ കൃതജ്ഞതാസ്തോത്രം ചെയ്കയും, അവളോടുള്ള സ്നേഹലക്ഷ്യമായി, തനിക്കായി പണികഴിപ്പിക്കപ്പെട്ട കല്ലറയ്ക്കു സമീപം അവളുടെ മൃതശരീരത്തെ ആശീർവാദകർമ്മങ്ങളാൽ സാഘോഷം സംസ്കരിക്കയും ചെയ്തു.

## പത്താം അദ്ധ്യായം

### വിശുദ്ധൻെറ ഭാഗ്യപ്പെട്ട മരണം

ബെനദീക്തൻസഭാന്തരീക്ഷത്തെ തൻെറ ജ്ഞാനകിരണകന്ദളങ്ങളാൽ ധവളീകൃതമാക്കിച്ചെയ്തിരുന്ന ആ ദിവാകരൻെറ അസ്തമനസമയം ആസന്നമായിരുന്നു.

സിദ്ധോത്തംസമായ ബെനദീക്തോസിൻെറ ജീവിതകഥയുടെ അവസാനത്തെ അദ്ധ്യായം നമുക്കിനി

പാരായാണം ചെയ്യാം. ക്രിസ്ത്വബ്ദം 543 ജനുവരിയിൽ ബെനദീക്ടോസ് തന്റെ സന്യാസികളെയെല്ലാം വിളിച്ചുകൂട്ടി, അടുത്ത മാർച്ച് 21-ാം തീയതി താൻ ഈലോകവാസം വെടിയുമെന്ന് പ്രസ്താവിച്ചു. ജഗൽപിതാവിന്റെ സന്നിധിയിൽ എന്നേക്കുമായി പോകുന്നതിന് ആറു ദിവസംമുമ്പ് ആ പുണ്യാത്മാവ്, നീററിലേ പോളയ്ക്കു തുല്യമായ തന്റെ ശരീരം നിക്ഷേപിക്കുന്നതിനുള്ള കല്ലറ തയ്യാറാക്കി. അന്ത്യദിവസങ്ങളിൽ മരണകരമായ ഒരു പനി ഇദ്ദേഹത്തെ ബാധിച്ചു. തങ്ങളുടെ പിതാവിന്റെ പ്രവചനം അക്ഷരാർത്ഥം വിശ്വസിച്ചിരുന്ന സന്യാസികൾ, സദാ തേജോരൂപമായിരുന്ന അദ്ദേഹത്തിന്റെ പാവനഗാത്രത്തെ ഒരു നോക്കു കാണുന്നതിനും അന്ത്യശാസനകൾ ശ്രവിക്കുന്നതിനുമായി അടുത്തുകൂടി. ''സന്യാസികൾ അവരുടെ ക്രമം ശരിയാംവണ്ണം അനുഷ്ഠിക്കുമെങ്കിൽ ദൈവം അവരെ ആശീർവദിക്കും'' എന്നുമാത്രമായിരുന്നു ആ മരണാസന്നൻ അവർക്കും, അനന്തരപരമ്പരകൾക്കുമായി നൽകിയ ഉപദേശസാരം. ഈ സമയമെല്ലാം നിർദ്ദയനായ മൃത്യു ബെനദീക്ടോസിനെ അത്യാർത്തിയോടെ വീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു.

മാർച്ച് 21-ാം തീയതി പ്രഭാതമായി, വിശുദ്ധകുർബാന സ്വീകരിക്കുന്നതിനുള്ള അതീവ താൽപര്യത്താൽ, ക്ഷീണശരീരനായ തന്നെ ദേവാലയത്തിലേക്കു എടുത്തുകൊണ്ടുപോകുന്നതിന് തന്റെ സന്യാസികളോട് ആവശ്യപ്പെട്ടു. അവിടെവച്ച് അത്യന്തഭക്തിപൂർവ്വം ദിവ്യകാരുണ്യനാഥനെ അവസാനമായി തന്റെ ഹൃദയത്തിൽ സ്വീകരിച്ചു. അനന്തരം തന്റെ കൈകളെ സ്വർഗ്ഗത്തേക്കുയർത്തി, തന്റെ ആത്മനാഥനോടുള്ള പ്രാർത്ഥനയിൽ തന്റെ വിമലാത്മാവിനെ അവിടുത്തെ പാവനഹസ്തങ്ങളിൽസമർപ്പിക്കയും ചെയ്തു. പുണ്യവാൻ മരണമടഞ്ഞ ദിവസം വദൂരസ്ഥരായിരുന്ന രണ്ടു സന്യാസികൾക്ക് ഒരു ദർശനമുണ്ടായി. വിലയേറിയ വസ്ത്രങ്ങൾ വിരിച്ചും, ജാജ്വല്യമാനമായ വിളക്കുകൾകൊണ്ട് അലങ്കരിച്ച മോടിപിടിപ്പിച്ചും, വിശുദ്ധന്റെ മുറിയിൽനിന്നു ആകാശംവരെയെത്തു

ന്നതും അതിമനോഹരവുമായ ഒരു പാത അവർക്കു കാണാറായി. ഈ കാഴ്ചയെ സകുതുകം അവർ വീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദൈവദൂതൻ അവർക്കരികെവന്ന്, 'ദൈവത്തിൻെറ സ്നേഹിതനായ ബെനദീക്തോസ് സ്വർഗ്ഗത്തിലേയ്ക്കു ആരോഹണംചെയ്ത വഴി ഇതാണ്'' എന്നു പറഞ്ഞ് അപ്രത്യക്ഷനായി. ബെനദീക്തോസിൻെറ നിർദ്ദേശപ്രകാരം വി. യോഹന്നാൻെറ കപ്പേളയിൽ സ്കൊളാസ്ററിക്കായുടെ ശവകുടീരത്തിനു സമീപം, അവർ ആ പുണ്യഗാത്രത്തെ സാഘോഷം സംസ്കരിച്ചു.

# പതിനൊന്നാം അദ്ധ്യായം

## വിശുദ്ധ ബെനദീക്തോസിൻെറ മഹത്വം

പുണ്യശ്രീയോടെ ദിവംഗതനായി, വിജയാഘോഷത്തോടെ സ്വർഗ്ഗപ്രവേശംചെയ്ത ബെനദീക്തോസിൻെറനിസ്തുലഭാഗ്യാനുഭൂതിയിൽ അദ്ദേഹത്തെ നമുക്കൊന്നു വീക്ഷിക്കാം. അദ്ദേഹത്തിൻെറ പ്രതാപമഹിമകളെ മനസിലാക്കുന്നതിന് വി. ജെർത്രൂദിനുണ്ടായ വെളിപാടിനെ വായിച്ചാൽ മതിയാകുന്നതാണ്. സർവാരാദ്ധ്യമായ പരിശുദ്ധ തമത്രിത്വത്തിൻെറ സന്നിധിയിൽ തേജോരൂപനായി വി. ബെനദീക്തോസ് നിൽക്കുന്നതായി, ഈ വിശുദ്ധൻ ഒരിക്കൽ കാണുകയുണ്ടായി. അനിതരസാധാരണമായ സൌന്ദര്യവും മഹത്വവും അദ്ദേഹത്തിൻെറ മുഖാരവിന്ദത്തിൽ കളിയാടിയിരുന്നു. അദ്ദേഹത്തിൻെറ വസ്ത്രകാന്തി, തങ്കപ്രഭയെ വെല്ലുന്നതായിരുന്നു. പ്രശോഭിതങ്ങളും, ജീവിതചൈതന്യത്തോടുകൂടിയതുമായ വികസിതറോസപ്പുഷ്പങ്ങൾ അദ്ദേഹത്തിൻെറ അവയവങ്ങളിൽനിന്നു പുറപ്പെട്ടിരുന്നു. അവ ഒരോന്നും വേറെ പുഷ്പങ്ങളെ പുറപ്പെടുവിക്കുകയും, അതുകളിൽനിന്ന് വീണ്ടും നിരവധി കുസുമങ്ങൾ പുറപ്പെടുകയും അങ്ങിനെ ഒടുവിലത്തേതു മനോഹരതയി

ല്പം, സൗരഭ്യത്തിലും ആദ്യത്തേതിനെ അതിശയിക്കുകയും ചെയ്തിരുന്നു. തദ്വാരാ ഈ വിശുദ്ധൻ പരിശുദ്ധ ത്രിത്വത്തിനും, തന്നോടുകൂടി നിത്യഭാഗ്യം അനുഭവിക്കുന്ന സ്വർഗ്ഗസ്ഥിതർക്കും അവാച്യമായ ആനന്ദം പ്രദാനം ചെയ്തു.

ഈ കാഴ്ചയെ വി. ജെർത്രൂദ് വിവരിക്കുന്ന ഭാഗം ശ്രദ്ധേയമാണ്. ''ഇങ്ങനെ, തൻെറ ശരീരത്തെ ആത്മാവിനു കീഴ്പ്പെടുത്തുന്നതിൽ അദ്ദേഹം ചെയ്തിട്ടുള്ള പരിശ്രമങ്ങളേയും അദ്ദേഹം അനുവർത്തിച്ചിട്ടുള്ള സുകൃതാഭ്യാസങ്ങളേയും, തൻെറ പ്രേരണയാൽ, അതല്ലെങ്കിൽ സൻമാതൃകയാൽ ഹഠാതാകർഷിക്കപ്പെട്ട് ലോകജീവിതത്തെ സംത്യജിച്ച് സന്യാസജീവിതാവലംബികളായി തന്നെ അനുയാനം ചെയ്തു സ്വർഗ്ഗരാജ്യാവകാശികളായി നിത്യജീവൻ പ്രാപിച്ചവരുടെയും, ഇനിയും അനന്തമായ ആ സ്വർഗ്ഗീയതുറമുഖത്തു ചെന്നടുക്കാനിരിക്കുന്നവരുടെയും സമസ്തപ്രവൃത്തികളെയുമാണ് ബെനദീക്തോസിൻെറ ശരീരത്തിൽനിന്നും പുറപ്പെട്ട ആ റോസാപ്പൂക്കൾ സൂചിപ്പിക്കുന്നത്. സംഖ്യാതീതങ്ങളായ ഈ ആത്മാക്കൾ നിമിത്തം പ്രത്യേകവിധ മഹത്വമാണ് ഈ വിശുദ്ധന് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നത്. ഇക്കാരണത്താൽ ആ വിശുദ്ധാത്മാക്കൾ ഏകോപിച്ചു ദൈവത്തെ സ്തുതിഗീതങ്ങളാൽ നിത്യകാലത്തേക്കു അഭിവന്ദിക്കുകയും ചെയ്യുന്നു.''

സൌഭാഗ്യകരവും, അനർഘവും പുണ്യപരിപക്വവുമായ ഒരു മരണം കൈവരിച്ച വി. ബെനദീക്തോസ്, മരണാസന്നരുടെ ഒരു പ്രത്യേക മദ്ധ്യസ്ഥനായിട്ടാണ് ഇതഃപര്യന്തം പരിഗണിക്കപ്പെട്ടുപോന്നിട്ടുള്ളത്. നൻമരണമദ്ധ്യസ്ഥനായി ഇദ്ദേഹത്തെ കരുതിപ്പോന്നിരുന്ന ഫലസംപുഷ്ടമായ പ്രസ്തുത ഭക്താചരണത്തെ ഒന്നുകൂടി ബലവത്തരമാക്കിത്തീർക്കുന്ന ഒന്നുതന്നെയാണ്. വിശുദ്ധൻ തന്നെ, തൻെറ ജ്ഞാനപുത്രിയായ വി. ജെർത്രൂദിനോടു വെളിപ്പെടുത്തിയ മഹനീയ വാഗ്ദാനം.

ഒരവസരത്തിൽ ഇദ്ദേഹം സ്വർഗ്ഗപ്രഭാലംകൃതനായി വി. ജെറുത്രൂദിന് പ്രത്യക്ഷനായി ഇങ്ങനെ അറിയിച്ചു ''എൻെറ അവസാനനാഴികയിൽ എന്നെ മഹത്വപ്പെടുത്തു

ന്നതിനായി ദൈവം എനിക്കു പ്രദാനം ചെയ്ത അനിതര സാധാരണങ്ങളായ അനുഗ്രഹദാനങ്ങളെപ്പററി പ്രതിദിനം ആർ എന്നെ അനുസ്മരിപ്പിക്കുമോ, അയാറംക്ക് അയാളുടെ അന്ത്യസമരത്തിൽ എൻെറ പ്രത്യേകസഹായം ലഭിക്കുന്ന താണ്. ശത്രുവിൻെറ തന്ത്രങ്ങളെ ശിഥിലീഭവിപ്പിക്കുന്ന തിന് ഞാൻ ഒരു സംരക്ഷകനായിരിക്കും. എൻെറ സാന്നി ദ്ധ്യത്താൽ സുരക്ഷിതനായി അവൻ അശ്ശുദ്ധാത്മപിയുടെ കണികളിൽ അകപ്പെടാതെ, നിർബ്ബാധം നിത്യസൌഭാ ഗ്യനികേതനം പ്രാപിക്കുകയും ചെയ്യും.'

# പന്ത്രണ്ടാം അദ്ധ്യായം

## വി. ബെനദീക്തോസിൻെറ ഭക്തിചൈതന്യം

ബെനദീക്തോസിൻെറ പാവനജീവിതത്തേയും സംഖ്യാതീതമായ അത്ഭുതപ്രവർത്തനങ്ങളെയുമപേക്ഷി ച്ച്, അദ്ദേഹത്തെ അനശ്വരകീർത്തിക്കർഹനാക്കിത്തീർത്ത ത് അദ്ദേഹത്താൽ വിരചിതമായ നിയമസംഹിതയെന്നു വേണം പറയുവാൻ. കർക്കശത്വത്തിൻെറയും, സൌമ്യത യുടെയും, വിവേകത്തിൻെറയും, സ്നേഹത്തിൻെറയും ഒരു സംയുക്തസമ്മേളനം മാത്രമാണ് ഈ നിയമസംഹിത യിൽ കളിയാടുന്നതു്. പരിശുദ്ധാത്മപിയുടെ പ്രത്യേക പ്രകാശനത്താൽ മാത്രമാണ് പ്രസ്തുത നിയമങ്ങറം എഴു തപ്പെട്ടിട്ടുള്ളതെന്ന് മാപ്പാപ്പാമാരും സൂനഹദോസുകളും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. സന്യാസജീവിതത്തിൽ അഭേദ്യഘടകങ്ങളായ അനുസരണം, മൌനം, ഉപവി, ദാ രിദ്ര്യം എന്നിവയെ സംബന്ധിച്ചിടത്തോളം, ഈ നിയ മാവലി, പിൽക്കാലങ്ങളിൽ ആവിർഭവിച്ചിട്ടുള്ള എല്ലാ സന്യാസസഭകറംക്കും ആധാരമായിത്തീർന്നിട്ടുണ്ട്.

വി. ബെനദീക്തോസിനാൽ സ്ഥാപിതങ്ങളായ ആശ്രമങ്ങളിൽ ''മിശിഹായുടെ ശുശ്രൂഷാലയങ്ങളിൽ'' പരസ്യപ്രാത്ഥനയും, രഹസ്യപ്രാത്ഥനയും, പ്രയത്നവും വ

ഴിയായി സന്ന്യാസികരം സ്വാത്ഥത്തെ വെടിഞ്ഞ് ദൈവത്തിനുവേണ്ടി ജീവിക്കുന്നതിനു പരിശീലിക്കുന്നു. സങ്കുചിത മനഃസ്ഥിതി വെടിഞ്ഞ് വിശാലഹൃദയത്തോടെ ദൈവസേവനം ചെയ്യുന്നതിനുവേണ്ടി പരിശ്രമിക്കുകയെന്നുള്ളതു് സർവ്വപ്രധാനമായ അവരുടെ അദ്ധ്യയനവിഷയങ്ങളിൽ ഒന്നാണു്. ''മിശിഹായുടെ സ്നേഹത്തേയും, ദൈവശുശ്രൂഷയേയുംകാരം മററു യാതൊന്നിനെയും പരിഗണിക്കേണ്ട'' എന്നു് ആ നിയമജ്ഞൻ തൻെറ ശിഷ്യരോടുപദേശിക്കുന്നു. വി. ബെനദീക്ടോസ്, പ്രാത്ഥനയുടെ ഒരു മനുഷ്യൻ ആയിരുന്നു.

തൻെറ വിശുദ്ധ നിയമങ്ങളുടെ പ്രസ്താവനയിൽ ഇദ്ദേഹം തൻെറ ശിഷ്യഗണത്തെ ഉദ്ബോധിപ്പിക്കുന്നതു് ''ശക്തിമത്തും അജയ്യവുമായ അനുസരണ എന്ന ആയുധം നിങ്ങരം വഹിക്കുവിൻ'' എന്ന ഏക ശാസനമാത്രമാണു്.

''വിനയശീലത്തിൻെറ വേദപാരംഗതൻ'' എന്ന അപരനാമത്താൽപോലും ഈ വിശുദ്ധൻ അറിയപ്പെടുന്നുണ്ടു്. ക്രിസ്തീയപുണ്യപൂണ്ണതയെന്ന സോപാനത്തിൻെറ അഗ്രത്തിൽ എത്തുന്നതിനു് എളിമയുടെ പന്ത്രണ്ടു പദവികരം തരണം ചെയ്യണമെന്നാണു് ഇദ്ദേഹം തൻെറ ശിഷ്യന്മാരോടുപദേശിച്ചിട്ടുള്ളതു്.

വിക്കൊവേരോയിൽ നിന്നു മടങ്ങി സ്ബെ്യാക്കോയിൽ എത്തിയതിൽപിന്നെയുള്ള വി. ബെനദീക്ടോസിൻെറ ജീവിതരീതിയെ പരാമർശിച്ചുകൊണ്ടു്, വി. ഗ്രിഗോരി സമത്ഥിച്ചിരിക്കുന്നതു് അദ്ദേഹം ഏകനായി തന്നിൽതന്നെ വസിച്ചുവെന്നത്രെ. (To live alone with himself) അതെ, വി. ബെനദീക്ടോസിൻെറ സർവ്വപ്രധാനമായ സുകൃതം ഏതെന്നു് ഇതിൽ അദ്ദേഹം കൊള്ളിച്ചിട്ടുണ്ടു്. ഇതിൽ വിപുലവും അസാധാരണവുമായ പരിപൂണ്ണത അടങ്ങിയിട്ടുണ്ടു്. പരിശുദ്ധമായ ഏകാന്തതയുടെ സാരാംശവും ഇതിൽ അത്രെ അന്തർഭവിച്ചിരിക്കുന്നതു്. ഏതൊരാത്മാവു്, സമസ്ത സഹവാസത്തെയും സംത്യജിച്ചു്, ആഭ്യന്തരവും ബാഹ്യവുമായ ഏകാന്തതയിൽ വസിക്കാതെ, അതുപോലെതന്നെ ദൈവവും ആ ആത്മാവും തമ്മിലുള്ള മൈത്രീബന്ധത്തിൽ സ്ഥിരനിഷ്ഠ

പ്രാപിക്കാതെ ഇരിക്കുന്നുവോ, താദൃശമായ ഒരു ആത്മാവ് സാക്ഷാത്തായ ഏകാന്തതയിൽ വസിക്കുകയെന്നുള്ളത് കേവലം അസാദ്ധ്യം തന്നെയാണ്. തങ്ങളിൽത്തന്നെ വസിക്കയെന്നുള്ള സർവ്വപ്രധാനതത്വത്തെ വിസ്മരിച്ച് അനേകർ സന്യാസാശ്രമങ്ങളിലോ, ഏകാന്തവസതികളിലോ ജീവിക്കുന്നുണ്ട്. ഇങ്ങനെയുള്ളവർ ലൗകികമാത്രങ്ങളായ സംരംഭങ്ങളിൽനിന്ന് വിരമിച്ചിരിക്കുന്നുവെങ്കിലും, വിചാരവീചിയിൽക്കൂടിയുള്ള സ്വൈരവിഹാരത്തിൽ നിന്നും തീർത്തും വിമുക്തി പ്രാപിച്ചിട്ടില്ല. തന്നിമിത്തം വ്യർത്ഥങ്ങളും അർത്ഥശൂന്യങ്ങളുമായ അഭിലാഷതരംഗങ്ങൾ അവരുടെ ഹൃദയത്തെ ഗ്രസിച്ചുകളയുകയാൽ, അവർ ദൈവത്തെയും തങ്ങളെപ്പററിത്തന്നെയുമുള്ള ചിന്തയിൽ വിമുഖന്മാരായി അവസാനത്തിൽ നാശഗർത്തത്തിൽ നിപതിക്കുകയും ചെയ്യുന്നു.

ആഭ്യന്തരമായ ഏകാന്തതയ്ക്ക് ആത്മാവിൻെറ ആന്തരികശക്തികളുടെ നിശബ്ദതയും അത്യാവശ്യമാണ്; അതുപോലെതന്നെ ആവശ്യമായ ഒന്നാണ് ബാഹ്യേന്ദ്രിയങ്ങളുടെയും, വിശിഷ്യ നാവിൻെറയും സംയമനം. ഇതില്ലെങ്കിൽ സന്യാസഭവനത്തിൻെറ മതിൽക്കെട്ടുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

ഈ ആഭ്യന്തരമായ ഏകാന്തതയിൽ ആത്മാവ് അതിൻെറ എല്ലാ കഴിവുകളേയും സ്വയം സംഭരിച്ചു, തനിക്കുവേണ്ടിയും ദൈവത്തിനുവേണ്ടിയും അതിൻെറ സമസ്തവിചാരഗതികളെ വിനിയോഗിക്കുകയും അതിൻെറ സർവ്വശക്തികളേയും സ്നേഹവികാരങ്ങളേയും ദൈവസംപ്രാപ്തിക്കായി അർപ്പിക്കയും ചെയ്യുന്നു.

ഇങ്ങനെ സർവ്വദാ തൻെറ സ്രഷ്ടാവിൻെറ ദിവ്യസാന്നിദ്ധ്യത്തിൽ വ്യാപരിച്ചുകൊണ്ട് തൻെറ ആത്മാവിൻെറ നികൃഷ്ടാവസ്ഥയേയും അതീതകാലങ്ങളിൽ ചെയ്തുപോയിട്ടുള്ള പാപകർമ്മങ്ങളേയും പററി വിലപിച്ചും, ക്രമരഹിതങ്ങളായ തൻെറ ഹൃദയാഭിലാഷങ്ങളെയും ഹൃദയത്തെയും പഞ്ചേന്ദ്രിയങ്ങളേയും യഥാവിധി നിയന്ത്രിച്ചും തൻെറ ജീവിതസ്ഥിതിയുടെ പരിപൂർണ്ണതയെയും ദൈവിക കാര്യങ്ങളെയും കുറിച്ചു ധ്യാനിച്ചും ബെനദീക്തോസ് തന്നിൽ ത

ന്നെ ജീവിച്ചു. ഈ ഒടുവിൽ പറഞ്ഞവിധത്തിൽ. ദൈവസ്നേഹത്തിലും, ദൈവസ്തുതിഗീതങ്ങളിലും അവിടുത്തെ ആത്മാവ് ലയിച്ചിരുന്നു. എന്നാൽ തന്നെക്കുറിച്ചും, തൻെറ ഇല്ലായ്മയേയും നികൃഷ്ടാവസ്ഥയേയും പററിയുമുള്ള ചിന്ത അത്യഗാധമായ എളിമയുടെയും അപാരമായ ഹൃദയതാപത്തിൻെറയും ചൈതന്യവിശേഷത്തെ തന്നിൽ അടിയുറപ്പിക്കുന്നതിനു പര്യാപ്തമായിത്തീൻു. തൻെറ നിയമത്തിൽ അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ള എളിമയുടെ പന്ത്രണ്ട് അവസ്ഥാന്തരങ്ങൾ, വേദപാരംഗതനായ വി. തോമസ് അക്വിനാസിൻെറ വിമർശനത്തുലികയ്ക്കു വിധേയങ്ങളായിട്ടുണ്ടെന്നുള്ള ഒരു മെച്ചവും ഉണ്ട്.

ആ അവസ്ഥാന്തരങ്ങൾ ഏവയെന്നാൽ :—1. ദൈവസാന്നിദ്ധ്യത്തിൽ ചരിക്കണമെന്നുള്ള നിരന്തരവും യഥാത്ഥവുമായ ഉദ്ദേശ്യത്തോടുകൂടി, ദൈവത്തെയും അവിടുത്തെ നീതിവിധികളെയുംപററിയുള്ള പരിശുദ്ധമായ ഭീതിയും, അപാരമായ അനുതാപവും. 2. ആത്മസംയമനം. 3. സന്നദ്ധമായ അനുസരണം. 4. ക്ലേശങ്ങളേയും മർദ്ദനങ്ങളേയും ക്ഷമാപൂർവ്വം സഹിക്കുക. 5. നമ്മുടെ വിചാരങ്ങളേയും അഭിപ്രായങ്ങളേയും വിശദമായി ആത്മപാലകന് വെളിപ്പെടുത്തുക. 6. നമ്മെ എളിമപ്പെടുത്തുന്ന അവസരങ്ങളിൽ സംതൃപ്തിയും സന്തോഷവും പ്രദർശിപ്പിക്കയും പ്രകൃത്യാ ആകർഷകമല്ലാത്ത ജോലികൾ, താഴ്ന്നതരം വസ്ത്രഭൂഷണാദികൾ, ദാരിദ്ര്യം, സാധാരണ ജീവിതരീതി ഇത്യാദികളെ സസന്തോഷം ആശ്ലേഷിക്കയും നമ്മെ ഭരമേല്പിച്ചിരിക്കുന്ന ജോലിക്ക് നാം അനർഹന്മാരും ഉതകാത്തവരുമായ വേലക്കാരെന്നു കരുതുകയും ചെയ്ക. 7. നാം ഏററം വലിയ പാപികളെക്കാൾ നീചന്മാരും അധമന്മാരുമെന്നു യഥാത്ഥത്തിൽ കരുതുക. 8. നമ്മുടെ വാക്കിലും പ്രവൃത്തിയിലുമുള്ള ഒരുതരം പ്രത്യേകതയെ പരിവർജിക്കുക. 9. നിശബ്ദതയെ സ്നേഹിക്കയും നിശബ്ദമായിരിക്കയും ചെയ്ക. 10. അതിയായ സന്തോഷത്തെയും അതിനെ പ്രകടിപ്പിക്കുന്ന ''പൊട്ടിച്ചിരി''യെയും വർജിക്കുക. 11. ഉയർന്നസ്വരത്തിൽ സംസാരിക്കാതെ നമ്മുടെ സംസാരത്തിൽ വിനയശീലം അഭ്യസിക്കുക. 12. നീതീകരി

ക്കപ്പെട്ട ചുങ്കക്കാരനെപ്പോലെയും, അനുതാപിയായ മന്നേസസ്സിനെപ്പോലെയും, വിനയപുരസരം നമ്മുടെ ദൃഷ്ടിയെ മേല്പോട്ടുയർത്താതെ, നമ്മുടെ ബാഹ്യപ്രവൃത്തികളെ വിനയപൂർവ്വം ചെയ്യുക.

യഥാർത്ഥമായ എളിമയ്ക്കു അത്യുത്തമമായ പ്രതിസമ്മാനം ദൈവസ്നേഹമാണെന്നും, മേൽപ്രസ്താവിച്ച എളിമയുടെ 12 അവസ്ഥാന്തരങ്ങളിലൂടെ വിശ്വസ്തതാപൂർവ്വം ചരിച്ച് യഥാർത്ഥമായ എളിമ എന്തെന്നു മനസിലാക്കിയ ആത്മാവ് ഏതോ, അതിനെ ദൈവം പരിപൂർണ്ണമായ ഉപവിയിലേക്കു അവരോഹിക്കുമെന്ന് ദൈവവാക്യത്തെ ആധാരമാക്കി ഇദ്ദേഹം നമുക്കു ഉറപ്പുതരുന്നുണ്ട്.

മഹാനായ ഈ നിയമനിർമ്മാതാവ് ഒരു ഏകാന്തപ്രിയനായിരുന്നു. തൻനിമിത്തം വ്യർത്ഥസംസാരം തൻെറ ആശ്രമത്തിൽ അനുവദിക്കപ്പെട്ടിരുന്നില്ല. ''അലസത ആത്മാവിൻെറ ബദ്ധവൈരി''യെന്നാണ് ഇദ്ദേഹം പ്രസ്താവിച്ചിട്ടുള്ളത്. ഇതിനാൽ ഹൃദയത്തെയും ഭൂമിയെയും ഒരുപോലെ വെടിപ്പാക്കുന്നതിനുള്ള അഭ്യസനം തൻെറ ശിഷ്യന്മാർക്കു പ്രദാനംചെയ്തു. ഈ പരിശീലനം എന്നെന്നും അവരുടെ സ്മൃതിപഥത്തിൽ ഉണ്ടായിരിക്കുന്നതിലേയ്ക്കായി, പ്രാർത്ഥനയും പ്രയത്നവും, എന്ന ഈ വാക്യശകലത്തെ തൻെറ സഭയുടെ മുദ്രാവാക്യമായി അവരെ താൻ ഭരമേല്പിച്ചു. വി. ബെനദീക്തോസിൻെറ ആത്മാവ് പ്രാർത്ഥനയുടെയും, ദൈവസ്നേഹത്തിൻെറയും അനുസരണയുടെയും, എളിമയുടെയും മൌനത്തിൻെറയും, തപസിൻെറയും പ്രയത്നത്തിൻെറയും നിവാസസ്ഥാനമായിരുന്നു. എവിടെയെല്ലാം ഈ ആദർശം അന്യൂനം സംരക്ഷിക്കപ്പെട്ടുപോന്നുവോ, അവിടെയെല്ലാം ബെനദീക്തോസ് സഭ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടാണിരുന്നിട്ടുള്ളത്.

ഇങ്ങനെ നാനാപ്രകാരേണ സഭയ്ക്കും സമുദായത്തിനും നിരവധി നന്മകരം കൈവരുത്തിയ വി. ബെനദീക്തോസ് ''ജാതികളുടെ പിതാവ്'' എന്ന മഹൽസംജ്ഞയ്ക്ക് അർഹനായി ഭവിച്ചു. ഈ പുണ്യശ്ലോകൻെറ പ്രയത്നങ്ങളെല്ലാം പര്യവസാനിച്ചു. എന്നാൽ ഇദ്ദേഹത്തിൻെറ സുകൃത

ചൈതന്യവിശേഷം ഇന്നും അതിജീവിക്കുന്നു. ധർമ്മദൂത പ്രമുഖനായ ഈ വന്ദ്യപുരുഷൻെറ സുകൃതസൌരഭ്യം ലോകത്തിലത്രയും വ്യാപിച്ച്, അതിനാൽ അകൃഷ്ടരായി അനേകർ ഉൽകൃഷ്ടജീവിതം നയിക്കണമെന്നുള്ളത് ദൈവാഭീഷ്ടമായിരുന്നു. തൻെറ ശിഷ്യസഞ്ചയം വഴിയായി യുഗാന്തംവരെ താൻ ഒരു പ്രേഷിതവര്യനായി, നിരവധി വിശുദ്ധന്മാരുടെ ഗുരുവരനായിത്തീരണമെന്നുള്ളതും ആ അനന്തദൃഷ്ടിയിൽ പണ്ടേതന്നെ നിർണ്ണയം ചെയ്തിട്ടുള്ളതുമായിരുന്നു. ഈ വിശുദ്ധൻ ദിവ്യകാരുണ്യപേടകത്തിൻെറ മുമ്പിൽ വച്ചുതന്നെ മൃതിയടഞ്ഞത്, ഇദ്ദേഹത്തിൻെറ വീരസന്താനങ്ങൾ ലോകത്തെ ഗുണീകരിക്കുന്നതിനും ആത്മാക്കളെ നേരിടുന്നതിനും ഇദ്ദേഹത്തിൻെറ ഭക്തിചൈതന്യത്തെ പ്രാപിക്കേണ്ടത് ദിവ്യകാരുണ്യരാജനിൽനിന്നാണെന്നുള്ളതിനു് ഒരു ഉത്തമലക്ഷ്യവുമാണ്.

മദ്ധ്യശതകങ്ങളിൽ ബെനദീക്തൻ സഭയുടെ പുരോഗമനം വിസ്മയാവഹമായിരുന്നു. ഉദ്ദേശം 35000ത്തോളം സന്യാസഭവനങ്ങളും, സന്യാസിനീമന്ദിരങ്ങളും അന്നുണ്ടായിരുന്നു. 14 നൂററാണ്ടുകളോളം ബെനദീക്തൻ സഭാംഗങ്ങൾ വേദഞെരുക്കങ്ങളിലും മററു വിഷമഘട്ടങ്ങളിലും സധൈര്യംനിന്നു പോരാടി വിജയം പ്രാപിച്ചിട്ടുണ്ട്. ജാതികളെ സത്യമതാവലംബികളും പരിഷ്കൃതാശയന്മാരുമാക്കി, അങ്ങിനെ ലോകത്തിനു പൊതുവിലും വിശുദ്ധ സഭയ്ക്കു പ്രത്യേകിച്ചും അവർ ചെയ്തിട്ടുള്ള സേവനം മഹനീയങ്ങളത്രെ. ഏവംവിധം, വി. മാവുത്രുസ് ഫ്റാൻസിനെയും, വി. അഗസ്റ്റിൻ ആംഗലരാജ്യത്തെയും, വി. ബൊനിഫാസ് ജർമ്മനിയെയും മാനസാന്തരപ്പെടുത്തിയതിനാൽ അവരുടെ പരിപാവനനാമങ്ങൾ എന്നെന്നും പ്രകീർത്തിക്കപ്പെടുന്നു.

ബെനദീക്തൻസഭ കത്തോലിക്കാസഭയ്ക്ക് 28 പാപ്പാമാരേയും 200-ൽപരം കർദ്ദിനാളന്മാരെയും, 1600 മെത്രാപ്പോലീത്താമാരെയും 4000 മെത്രാന്മാരെയും, 57000 വിശുദ്ധന്മാരെയും പ്രദാനം ചെയ്തിട്ടുണ്ട്.

# അനുബന്ധം

## വിശുദ്ധ ബെനദീക്തോസിൻെറ കാശുരൂപം

മനുഷ്യസ്നേഹിയും, അത്ഭുതപ്രവർത്തകനുമായ വി. ബെനദീക്തോസിൻെറ മഹിമാവിനെ എന്നെന്നും പ്രകീർത്തിക്കുന്ന ഒന്നാണ് വി. ബെനദീക്തോസിൻെറ എന്നറിപ്പെടുന്ന കാശുരൂപം.' ഈ കാശുരൂപത്തെപ്പോലെ അത്ഭുതശക്തിയുള്ളതായോ, വി. സഭയുടെ സവിശേഷമായ അഭിനന്ദനത്തിന് അത്രകണ്ട് പാത്രീഭൂതമായിട്ടുള്ളതായോ ഒരു കാശുരൂപം വേറെയില്ലതന്നെ. പ്രസ്തുത കാശുരൂപം ധരിക്കുന്നവർക്ക് ആത്മശരീരസംബന്ധമായി ലബ്ധമായിട്ടുള്ള നന്മകൾ അത്ഭുതാവഹങ്ങളെന്നേ പറയേണ്ടതുള്ളു. ഇക്കാരണത്താൽ ഇതു സർവ്വത്ര അറിയപ്പെടുകയും, ക്രൈസ്തവലോകം മുഴുവനിലും ഇതിൻെറ ഉപയോഗം പ്രചുരപ്രചാരത്തിൽ ഇരിക്കയും ചെയ്യുന്നു. എല്ലായിടത്തും ഇത് ഒരു പൂജ്യവസ്തുവായിട്ടാണ് പരിഗണിക്കപ്പെട്ടിരിക്കുന്നത്. മാത്രമല്ല, ഇതിനെ ഭക്തിപുരസരം ധരിക്കുന്നവക്ക് നിരവധി ദണ്ഡവിമോചനങ്ങൾ സഭാദ്ധ്യക്ഷന്മാർ കല്പിച്ചനുവദിച്ചിട്ടുമുണ്ട്.

ഈ കാശുരൂപം അനേകർക്ക് വരപ്രസാദ ലബ്ധിക്കുള്ള ഒരു മാർഗ്ഗമായിത്തീന്നിട്ടുണ്ട്. ലൌകികകാര്യാദികളിൽ അവിചാരിതമായ സഹായങ്ങൾ അമാനുഷികങ്ങളായ രോഗശാന്തി, അത്ഭുതാവഹങ്ങളായ മാനസാന്തരം എന്നിത്യാദി നിരവധി നന്മകൾ തൻെറ ആശ്രിതന്മാക്കായി ഇതുനിമിത്തം വിശുദ്ധൻ ലഭിച്ചുകൊടുത്തിട്ടുണ്ട്.

ആശീവ്വദിക്കപ്പെട്ട ഈ കാശുരൂപത്തിൻെറ അത്ഭുതശക്തിയെ കാണിക്കുന്നതിനായി, ഇതുമൂലം നടന്ന മർമ്മഭേദകമായ ഒരു സംഭവം ചുവടെ ചേക്കുന്നതു വിജ്ഞാനപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇത്ഒരു ഈശോസഭാവൈദികൻ രേഖപ്പെടുത്തിയിട്ടുള്ളതും, അദ്ദേഹത്തോട് ഇതിൻെറ ദൃക്സാക്ഷിതന്നെ പ്രസ്താവിച്ചിട്ടുള്ളതുമാണ്.

അദ്ദേഹം പറയുന്നു:—''1908—ലെ വേനൽക്കാലത്ത് ഒരു ആസ്പത്രിയിൽ രോഗിയായി കിടന്നിരുന്ന, ഉദ്ദേശം 24 വയസു പ്രായമുള്ള ഒരു യുവാവിനെ പരിചരിക്കുന്നതിനായി ഞാൻ നിയമിക്കപ്പെട്ടു. ഈ രോഗിയുടെ ദയനീയാവസ്ഥയ്ക്കു കാരണം, അവൻ നയിച്ചിരുന്ന അസാന്മാർ

ഗികജീവിതമാണെന്നു സുവ്യക്തമായിരുന്നു. ഞാൻ അവനെ സമീപിച്ചപ്പോൾ, അവൻ അത്യഗാധമായ നിരാശാക്കൂപത്തിൽ നിപതിച്ചിരിക്കുന്നതായി കാണപ്പെട്ടിരുന്നു. 'അച്ചാ! അച്ചൻെറയും എൻെറയും സമയം വ്യയം ചെയ്തിട്ട് എന്താണു പ്രയോജനം? ഞാൻ നശിച്ചുപോയിരിക്കുന്നു. ആ വസ്തുത എനിക്കറിയാം. അതു ഞാൻ അർഹിക്കയും ചെയ്യുന്നു' എന്ന് അവൻ എന്നോടു പറഞ്ഞു. ദൈനംദിനം ഞാൻ അവൻെറ പക്കൽചെന്ന് അവനോടു ന്യായവാദങ്ങൾ നടത്തി. ദൈവത്തിൻെറ അനന്ത കരുണയെപ്പററി ദീർഘനേരം അവനോടു ഞാൻ സംസാരിച്ചു. എങ്കിലും ഫലം നാസ്തി. മാത്രമോ? അത്യുഗ്രമായ പനി അവൻെറ ശരീരശക്തിയെ ക്രമശഃ ദഹിപ്പിച്ചുകൊണ്ടുമിരുന്നു. 'അച്ചാ! അതേപ്പററി അച്ചൻ അറിയുന്നതിൽ കൂടുതലായി ദൈവത്തിനറിയാം. ഞാൻ നശിച്ചുപോയി എന്ന് അവിടുന്ന് എന്നോടു പറയുന്നു. അതു ഞാൻ അർഹിക്കുന്നതാണെന്നുള്ള വസ്തുതയും എനിക്കറിയാം' എന്നിങ്ങനെ അവൻ വിചാരമഗ്നനായി എന്നോടുപറയും.

''ഞാൻ അവൻെറ കിടക്കയുടെ അടുത്തിരുന്ന്, എൻെറ ഇടതുകൈകൊണ്ട് അവൻെറ നെററിത്തടത്തെ തലോടി, അവനെ സാന്ത്വനവാക്കുകളാൽ ആശ്വസിപ്പിക്കുന്നതിനും, നിരാശയിൽനിന്നുണർത്തുന്നതിനും, ആവുന്നത്ര യത്നിച്ചു. ക്രൂരവും പൈശാചികവുമായ അവൻെറ മുഖഭാവം എന്നെ വല്ലാതെ അസ്വസ്ഥചിത്തനാക്കി ഒരു ദിവസം ഞാൻ വി. ബെനദീക്തോസിൻെറ കാശുരൂപം എൻെറ ഉടുപ്പിൻെറ കീശയിൽ മറച്ചുപിടിച്ചുകൊണ്ട്, അതിനെ ആരും അറിയാതെ അയാളുടെ തലയിണക്കടിയിൽ നിക്ഷേപിക്കണമെന്ന ഉദ്ദേശത്തോടെ രോഗി കിടന്നിരുന്ന ശാലയിൽ പ്രവേശിച്ചു. ഒരു വാക്കുപോലും ഉച്ചരിക്കാതെ, നിശ്ചേഷ്ടനായി, അവൻ എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ട് കിടക്കയിൽതന്നെ കിടന്നിരുന്നു. പ്രസ്തുത കാശുരൂപം കീശയിൽനിന്നും വെളിക്കെടുക്കുന്നതിനുള്ള എൻെറ ആദ്യശ്രമത്തിൽതന്നെ– ആ കാശുരൂപം അവിടെയുണ്ടെന്ന് അവൻ സംശയിക്കത്തക്ക യാതൊരു ലക്ഷ്യവും ഇല്ലായിരുന്നെങ്കിലും– അവൻ പെട്ടെന്ന് ചാടി എ

ണീററു്, ഒരു മൃഗത്തേപ്പോലെ ചുരുണ്ടുപതുങ്ങി ആ ശയ്യ യിൽതന്നെ, നഖശിഖാന്തം തുള്ളിവിറച്ചുകൊണ്ടു് അത്യു ച്ചത്തിൽ വിളിച്ചുപറഞ്ഞു. 'അച്ചാ! ആ കാശുരൂപം ദൂരെ വലിച്ചെറിയണെ! എൻെറ അടുത്തുകൊണ്ടുവരരുതെ, അ ങ്ങിനെ ചെയ്താൽ അതു ദൈവദ്രോഹമായിരിക്കും. ഞാൻ നശിച്ചുപോയിരിക്കുന്നു. അതെനിക്കറിയാം, ഞാൻ അതു് അർഹിക്കയും ചെയ്യുന്നു.' ഈ നൈരാശ്യവചനങ്ങൾ ഉച്ചരി ച്ചശേഷം അവൻ എൻെറ മുമ്പിൽവച്ചു മരിക്കയും ചെയ്തു.''

## ബെനദിക്തോസു് പുണ്യവാനോടുള്ള ജപം

വരപ്രസാദംകൊണ്ടും നാമധേയംകൊണ്ടും ദൈവ ത്താൽ ആശീർവ്വദിക്കപ്പെട്ട എത്രയും മഹത്വമേറിയ പി താവേ! നീ സ്വർഗ്ഗത്തിലേയ്ക്കു നിൻെറ കരങ്ങളെ ഉ യർത്തി പ്രാർത്ഥിക്കയിൽ മാലാഖാമാരുടുത്ത നിൻെറ ആത്മാ വിനെ സ്രഷ്ടാവിൻെറ കരങ്ങളിൽ ഭാഗ്യമായി ഏല്പി ച്ചുവല്ലോ. നിൻെറ മഹത്വമേറിയ മരണത്തെയും സ്വർഗ്ഗീ യങ്ങളായ ആനന്ദങ്ങളേയുംകുറിച്ചു പ്രതിദിനം നിന്നെ ഓ ർമ്മിക്കുന്ന എല്ലാവരേയും അവരുടെ മരണത്തിൻെറ അന്ത്യ നാഴികയിൽ നീ ധീരതയോടെ കാത്തുകൊള്ളുമെന്നു വാ ഗ്ദാനം ചെയ്തിട്ടുള്ളപ്രകാരം ഭാഗ്യപ്പെട്ട പിതാവേ! ഞാൻ നമ്മുടെ വാത്സല്യപ്പെട്ട ഈശോയിൽനിന്നും യാതൊരു തിന്മ നിമിത്തം അകന്നുപോകാതിരിപ്പാൻ ഇന്നും അന്നും നിൻെറ വല്ലഭമേറിയ അനുഗ്രഹത്താൽ എന്നെ പ്രകാശി പ്പിക്കണമെ.

സൂചന:—ദിനംപ്രതി ഇതു ജപിച്ചാൽ മരണനേര ത്തു താൻ വന്നു സഹായിക്കുമെന്നു പുണ്യവാൻതന്നെ അ റിയിച്ചിട്ടുണ്ടു്.


2. വിശുദ്ധ ബെനദിക്തോസിൻെറ വെഞ്ചരിച്ച കാ ശുരൂപം ഉപയോഗിക്കുന്നവർക്കു സർപ്പം, പിശാച്, വി ഷം, ഇടി ഇവയെ ഭയപ്പെടേണ്ട.

L. D. S. & M.

---

Printed and Published by The Manager
St. Joseph's Press. Mannanam, 1984.

# വി. ബെനദീക്തോസ്



വില 2 രൂപ

Indic Digital Archive Foundation
gpura.org